# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമങ്ങാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/ML/ 656/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 22/05/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
നെടുമങ്ങാട് മുനിസിപ്പാലിറ്റി

സർ,

**വിഷയം : നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, ത.സ്വ.ഭ.വ, (ഉ.പ.സ.)
2) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
3) ഡയറക്ടർ, നഗരകാര്യ വകുപ്പ് (ഉ.പ.സ.)
4) കാര്യാലയ പകർപ്പ്

നമ്പർ: KSA/TVM/ML/ 656/2023 തീയ്യതി: 22/05/2023

## തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 73 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 10-04-2023 | 26-04-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-04-2023 | 26-04-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ പ്രതാപ് കുമാർ ആർ, ഓഡിറ്റ് ഓഫീസർ (HG)
ശ്രീമതി സിന്ധുലാബീവി എം, ഓഡിറ്റ് ഓഫീസർ (HG)
ശ്രീ ജോസ് ഡബ്ല്യു, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ അനിൽ കുമാർ ആർ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ സുരേഷ് ബാബു ബി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ രാജു എസ്, ഓഡിറ്റർ

ശ്രീമതി അമലാ ദേവി, ഓഡിറ്റർ
ശ്രീ രഞ്ജിത്ത് സി,ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ സി.എസ്. | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ ഷെറി ജി | സെക്രട്ടറി | 01-04-2021 | 08-10-2021 |
| ശ്രീ എസ് സുനിൽ കുമാർ (JS) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-10-2021 | 19-10-2021 |
| ശ്രീ ഷെറി ജി | സെക്രട്ടറി | 20-10-2021 | 26-10-2021 |
| ശ്രീ എസ് സുനിൽ കുമാർ (JS) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-10-2021 | 21-11-2021 |
| ശ്രീ ഷെറി ജി | സെക്രട്ടറി | 22-11-2021 | 05-03-2022 |
| ശ്രീ എസ് സുനിൽ കുമാർ (JS) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2022 | 09-03-2022 |
| ശ്രീ അബ്ദുൾ സജീം എസ് | സെക്രട്ടറി | 19-03-2022 | 31-03-2022 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാജേഷ് ജി ജെ | SCDO | 01-04-2021 | 15-07-2021 |
| ശ്രീമതി കവിത പി എൻ | SCDO Gr II | 16-07-2021 | 31-03-2022 |
| ശ്രീമതി വിദ്യ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ ശോഭ ചന്ദ്രൻ | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ സജി റ്റി | എ എഫ് ഒ | 01-04-2021 | 03-07-2021 |
| ശ്രീമതി സുനിമോൾ പി | എ എഫ് ഒ | 04-07-2021 | 31-03-2022 |
| ശ്രീമതി സൈറ ആർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 25-07-2021 |
| ശ്രീമതി സരിത | സീനിയർ | 26-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| വിജയൻ | വെറ്ററിനറി സർജൻ | | |
| ശ്രീമതി സൗമ്യ എ എസ് | ഐ ഇ ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി സരിത വിജയൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ ബാബു രാജ് എസ് | ഹെൽത്ത് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ബേബി എസ് | പ്രോജക്ട് ഓഫീസർ | 01-04-2021 | 25-06-2021 |
| ശ്രീ രാജൻ റ്റി | പ്രോജക്ട് ഓഫീസർ | 28-06-2021 | 31-03-2022 |
| ഡോ ശ്യാംകുമാർ കെ കെ | മെഡിക്കൽ ഓഫീസർ, ജില്ലാ ഹോസ്പിറ്റൽ | 01-04-2021 | 17-07-2021 |
| ഡോ നിത എസ് നായർ | മെഡിക്കൽ ഓഫീസർ, ജില്ലാ ഹോസ്പിറ്റൽ | 18-07-2021 | 31-03-2022 |
| അനോജ് കുമാർ പി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി മീന എം എൽ | പ്രിൻസിപ്പൽ | 01-04-2021 | 04-11-2021 |
| ശ്രീമതി റാണി ആർ ചന്ദ്രൻ | പ്രിൻസിപ്പൽ | 05-11-2021 | 31-03-2022 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | ബഡ്ജറ്റ്- അപാകങ്ങൾ | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ | 1-2-1 |
| 5 | തുകകൾ അടവാക്കാതെ ശേഷിക്കുന്നു. | 1-2-2 |
| 6 | ഗ്രാന്റ് വിനിയോഗം | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ | 1-3-1 |
| 8 | പദ്ധതി അവലോകനം | 1-4 |
| 9 | പദ്ധതി അടങ്കൽ/ ചെലവ് വിവരങ്ങൾ | 1-4-1 |
| 10 | ക്ഷേമപദ്ധതികൾ | 1-5 |
| 11 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-5-1 |
| 12 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും വിതരണം നടത്തിയതായി കാണുന്നു. | 1-5-2 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 15 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-10 |
| 18 | ശാന്തിതീരം ശ്മശാനത്തിൽ ഉപയോഗിക്കുന്ന രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-10-1 |
| 19 | ശ്മശാനത്തിന്റെ വരവുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-10-2 |
| 20 | രസീതുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല. | 1-10-3 |
| 21 | ശ്മശാനത്തിന്റെ വരവിൽ 17-09-2021നു മുൻപുള്ള കളക്ഷൻ തുക മുനിസിപ്പാലിറ്റിയിൽ പൂർണ്ണമായി ഒടുക്കിയതായി ബോധ്യപ്പെട്ടിട്ടില്ല. | 1-10-4 |
| 22 | കളക്ഷൻ രജിസ്റ്റർ ലഭ്യമാക്കിയില്ല. തുകയുടെ ഒടുക്ക് വിവരം ലഭ്യമാക്കേണ്ടതാണ്. | 1-10-5 |
| 23 | ഒരേ രസീത് ബുക്ക് ഒന്നിലധികം സാമ്പത്തിക വർഷം ഉപയോഗിക്കുന്നു | 1-10-6 |
| 24 | ലൈബ്രറിയുടെ വരവുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. | 1-11 |

| | | |
|---|---|---|
| 25 | ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-12 |
| 26 | ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-12-1 |
| 27 | റേഷൻകടകൾ ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-12-2 |
| 28 | ജിംനേഷ്യങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല | 1-12-3 |
| 29 | നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല | 1-12-4 |
| 30 | വാടക ഇനത്തിലെ കുടിശ്ശികയായ 2885185 രൂപ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-13 |
| 31 | തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-14 |
| 32 | നിശ്ചിത മാതൃകയിലുള്ള ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-14-1 |
| 33 | മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14-2 |
| 34 | നഗരസഭ വസ്തുനികുതി പരിഷ്ക്കരണം നടപ്പിലാക്കുന്നത് വൈകിപ്പിച്ചു. 4,61,76,000/-രൂപ നഷ്ടമായി. | 1-15 |
| 35 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജിത നടപടി സ്വീകരിക്കണം. | 1-15-1 |
| 36 | വസ്തുനികുതി കുടിശ്ശിക -രജിസ്റ്ററുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-15-2 |
| 37 | വസ്തുനികുതി സമയബന്ധിതമായി ഡിമാൻഡ് ചെയ്യുന്നില്ല. | 1-15-3 |
| 38 | അനധികൃതകെട്ടിടങ്ങളുടെ വിവരങ്ങൾ നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-15-4 |
| 39 | അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടും സഞ്ചയയിൽ കെട്ടിട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. | 1-15-5 |
| 40 | നികുതി കുടിശ്ശികയുള്ള കെട്ടിടങ്ങളിലും,U/Aകെട്ടിടങ്ങളിലും വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുവദിച്ചു. | 1-15-6 |
| 41 | കെട്ടിടങ്ങൾക്ക് വഴി സൗകര്യം അനുസരിച്ച് അധിക നികുതി ചുമത്തുന്നില്ല. | 1-15-7 |
| 42 | കെട്ടിടങ്ങളിൽ നിന്നും അടിസ്ഥാന വസ്തുനികുതി കുറവായി ഈടാക്കുന്നു. | 1-15-8 |
| 43 | ഒറ്റതവണ റവന്യു നികുതി അടവാക്കാത്ത കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നു. | 1-15-9 |
| 44 | കെട്ടിടനിർമ്മാണ പെർമിറ്റ് -അപാകങ്ങൾ. | 1-16 |
| 45 | ചെലവ് രേഖകൾ ഹാജരാക്കിയില്ല -ചെലവ് തുകയായ 15300/- രൂപ തടസ്സപ്പെടുത്തുന്നു | 1-17 |
| 46 | റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ | 1-18 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ് | |
| 47 | മുനിസിപ്പാലിറ്റിയുടെ ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണം | 1-19 |
| 48 | ദുരിതാശ്വാസ നിധി നിർജീവം -പ്രവർത്തനം വിപുലമാക്കേണ്ടതാണ്. | 1-20 |
| 49 | ജനകീയഹോട്ടൽ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽ അറ്റകുറ്റപണികൾ നടത്തിപ്പിൽ അപാകത.50000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 50 | സ്വച്ഛ ഭാരത് മിഷൻ പദ്ധതി പ്രകാരം ഖരമാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ചെലവഴിക്കാതെ തിരിച്ചടച്ചു | 1-22 |
| 51 | വൈദ്യുതി ചാർജ്ജ് ഒടുക്കൽ – രേഖകൾ ഹാജരാക്കിയിട്ടില്ല/ രജിസ്റ്റർ ശരിയാംവണ്ണം പരിപാലിക്കുന്നില്ല | 1-23 |
| 52 | പാലിയേറ്റീവ് കെയർ പ്രോജക്ട് - 14,00,000/- തുക തടസ്സം ചെയ്യുന്നു. | 1-24 |
| 53 | വാടക നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്- | 1-25 |
| 54 | അവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം | 1-26 |
| 55 | മുൻകൂറായി തുക നൽകിയെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-26-1 |
| 56 | മരുന്നുകൾ പൂർണ്ണമായി ലഭിക്കുന്നതിന് ഒരു വർഷത്തിലധികം കാലതാമസം | 1-26-2 |
| 57 | ബയോ കമ്പോസ്റ്റർ വിതരണം-കരാർ കമ്പനിക്ക് അധിക തുക നല്കി-8,50,200/ രൂപ നിരാകരിക്കുന്നു | 1-27 |
| 58 | മാലിന്യ സംസ്കരണം-ആർ.ആർ.എഫ്.യൂണിറ്റിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല-ലക്ഷ്യം കൈവരിച്ചിട്ടില്ല- | 1-28 |
| 59 | പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ് | 1-29 |
| 60 | റോഡ് പ്രവൃത്തികൾ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-30 |
| 61 | മരാമത്ത് പദ്ധതികളുടെ നിർവഹണം-സ്പിൽ ഓവർ പദ്ധതികളുടെ പൂർത്തീകരണം വൈകുന്നു. | 1-31 |
| 62 | സംസ്ഥാനാവിഷ്കൃത ഫണ്ട് വകയിരുത്തിയിട്ടുള്ള മരാമത്ത് പ്രോജക്ടുകൾ തൻവർഷവും തുക ചെലവഴിച്ചിട്ടില്ല. | 1-32 |
| 63 | 8mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധിക തുക നല്കി-1552/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-33 |
| 64 | സിമന്റ് കോൺക്രീറ്റ് അധിക അളവ് രേഖപ്പെടുത്തി ചെലവ് ചെയ്തു.വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. | 1-34 |
| 65 | | 1-35 |

| | | |
|---|---|---|
| | പൊതുമരാമത്ത് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. 26107872/- രൂപ. | |
| 66 | സുഭിക്ഷകേരളം പദ്ധതി-ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല രൂ.112640/-തടസ്സപ്പെടുത്തുന്നു | 1-36 |
| 67 | അനധികൃതമായ മണ്ണ് ഖനനം തുടർനടപടി അനിവാര്യം | 1-37 |
| 68 | കിണർ നിർമ്മാണത്തിന് ധനസഹായം- വാലുവേഷൻ സർട്ടിഫിന്റെ അഭാവത്തിൽ ആനുകൂല്ല്യം വിതരണം ചെയ്തിരിക്കുന്നു. | 1-38 |
| 69 | കോവിഡ് പ്രതിരോധ പ്രവർത്തനം - ചെലവ് തുക 661263രൂപ തടസ്സപ്പെടുത്തുന്നു | 1-39 |
| 70 | 2019-20 ൽ നിർമ്മാണം ആരംഭിച്ച 'ആധുനിക-അറവുശാല' നാളിതുവരെ നിർമ്മാണം പൂർത്തിയായിട്ടില്ല | 1-40 |
| 71 | കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങൽ ; അധികമായി നൽകിയ 134722 രൂപ തടസ്സപ്പെടുത്തുന്നു | 1-41 |
| 72 | കാവിയോട്ടമുകൾ കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല | 1-42 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ബയോ കമ്പോസ്റ്റർ വിതരണം-കരാർ കമ്പനിക്ക് അധിക തുക നല്കി-8,50,200/ രൂപ നിരാകരിക്കുന്നു | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷികകുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് നഗരസഭാ കൗൺസിലിന്റെ 26.02.2021 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

**ബജറ്റ് സംക്ഷിപ്തം**

| | |
|---|---|
| പ്രാരംഭ ബാക്കി | 54483917 |
| പ്രതീക്ഷിത വരവ് | 614413000 |
| ആകെ വരവ് | 668896917 |
| പ്രതീക്ഷിത ചെലവ് | 594870000 |
| നീക്കിയിരിപ്പ് | 74026917 |

പുതുക്കിയ ബജറ്റ് 26.03.2022ലെ 1ാം നമ്പർ തീരുമാന പ്രകാരം നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്.

## 1-1-1 ബഡ്ജറ്റ്- അപാകങ്ങൾ

ബജറ്റ് നടപടിക്രമങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം 285ാം വകുപ്പനുസരിച്ച്, സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി സെക്രട്ടറി ഓരോവർഷവും ജനുവരി 15 ാം തീയതിക്കോ, അതിനു മുൻപോ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതും, നികുതി വ്യത്യാസപ്പെടുത്തുകയോ വായ്പകൾ എടുക്കുകയോ ചെയ്യുന്നത് ആവശ്യമെന്നോ യുക്തമെന്നോ തനിക്ക് തോന്നുന്നതായാൽ, അത് സംബന്ധിച്ച തന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്.

ഇതേ നിയമത്തിലെ 286(1)ാം വകുപ്പനുസരിച്ച്, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതും പ്രസ്തുതനിർദ്ദേശങ്ങളേയും മുൻസിപ്പാലിറ്റി നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ച് കൊണ്ട് അതിൽനിന്നും അടുത്ത വർഷത്തേക്കുള്ള മുൻസിപ്പാലിറ്റിയുടെ വരവ് ചെലവുകളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കേണ്ടതുമാണ്.
ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ നടന്നതായി രേഖപ്പെടുത്തലുകൾ ഇല്ല. നഗരസഭയിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി ബന്ധപ്പെട്ട മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ നഗരസഭ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ഓഡിറ്റ് നിലയിരുത്തുന്നു.

മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 45/19.04.2023 ന് സർക്കാർ ഉത്തരവുകൾക്കും ചട്ടങ്ങൾക്കും വിധേയമായി KILA തയ്യാറാക്കിയ സോഫ്റ്റ് വെയറിലാണ് ബജറ്റ് തയ്യാറാക്കുന്നതെന്നും സ്റ്റാന്റിംഗ് കമ്മറ്റികളുടെ നിർദ്ദേശങ്ങൾ പരിഗണിക്കാറുണ്ടെന്നും ബജറ്റ് എസ്റ്റിമേറ്റ് എല്ലാ നിർവഹണോദ്യോഗസ്ഥരിൽ നിന്നും ശേഖരിക്കാറുണ്ടെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 293 പ്രകാരം ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്യേണ്ട സാഹചര്യമുണ്ടായാൽ ആയതിലേക്കായി പുതുക്കിയ ബജറ്റോ, അനുപൂരക ബജറ്റോ തയ്യാറാക്കേണ്ടതും, അപ്രകാരം പുതുക്കിയ ശേഷം മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്.

എന്നാൽ നഗരസഭയുടെ 2021-22 ബജറ്റിൽ വകയിരുത്തിയതിലധികം തുക ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പുതുക്കിയ ബജറ്റിൽ പ്രസ്തുത ഇനങ്ങൾക്ക് അധിക തുക നകയിരുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (പുതുകികയ ബജറ്റിനെ അടിസ്ഥാനമാക്കിയാണ് പരാമർശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്).

| ഹെഡ് | 2021-22 റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | 2021-22 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2102002 Other Allowances | 700000 | 3017355 |
| 2102004 Other Benifits And Allowances | 50000 | 137210 |
| 2103001 Contribution To Pension Fund – Regular Employees | 2700000 | 3004178 |
| 2103002 Contribution To Pension Fund – Contingent Staff | 3000000 | 7143294 |
| 2103005 Contributory Pension Fund | 1000000 | 1094891 |
| 2201003 Taxes | 5000 | 19149 |
| 2201201 Telephone Expenses | 150000 | 190358 |
| 2202001 Books And Periodicals | 75000 | 85800 |
| 2514101, Anganwadi Nutrition | 1000000 | 6750857 |
| 2514202,Anganwadi Related Services | 1000000 | 1857800 |
| 2516301, Electricity Line Extention | 600000 | 861790 |

മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 45/19.04.2023 ന് മേജർ ഹെഡ് അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കുന്നതിനാൽ AFSൽ ഉൾപ്പെടുന്ന എല്ലാ ചെലവുകൾക്കും ബജറ്റിൽ ഹെഡ് ഉൾപ്പെടാത്തത് കാരണമാണ് ബജറ്റിനെക്കാൾ ചെലവ് അധികമായി വരുന്നതെന്നും ആയത് പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2021-22 റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | 2021-22 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2205201, Professional &Other Fees | 0 | 436425 |
| 251011501, Literacy Equivalence Examination * | - | 6900025 |
| 2305901, Repairs And Maintenance, Machinery | 0 | 4850 |

* ബജറ്റിൽ ഹെഡില്ല.

മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 45/19.04.2023 ന് ചെലവ് ഹെഡുകൾ ബജറ്റിൽ ഉൾപ്പെടുത്തി തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുമ്പോൾ ഇത്തരത്തിലുള്ള അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നഗരസഭയുടെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് നഗരസഭയുടെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2022 | 15.07.2022 |

വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങൾ ചട്ടം 58 പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/11.04.2023 ന് വാർഷിക ധനകാര്യ പത്രിക തയാറാക്കുന്ന സോഫ്റ്റ് വെയറിന്റെ അപാകതയാണെന്നും ആയത് പരിഹരിക്കുന്നതിന് ഐ കെ എം ന് നിർദേശം നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി.

2. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങൾ ചട്ടം 58 പ്രകാരം മുനിസിപ്പാലിറ്റിയിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/11.04.2023 ന് ഡിമാന്റുകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ സെക്ഷനുകളിൽ നിന്നും അറിയിക്കുന്ന പ്രകാരം ഡിമാന്റുകളിൽ മാറ്റം വരുത്താറുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ലെഡ്ജർ പരിശോധിച്ചതിൽ പ്രസ്തുത ഡിമാന്റുകൾ പ്രതിമാസം ഉൾപ്പെടുത്തിയിട്ടില്ല.

3. 2021-22 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂളിലെ Beneficiary Contribuion ഇനത്തിൽ 3275132/- രൂപ നീക്കിയിരിപ്പുണ്ട്. മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ആവശ്യമായ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 6ന് മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

4. 2021-22വർഷത്തെ B7 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

| ഇനം | നീക്കിയിരിപ്പ് |
|---|---|
| Suppliers Security Deposit-Municipal Fund | 8000 |
| Other Deposit Received From Suppliers/Contractors | 891115 |
| Water Deposit | 1280 |
| Other Deposits Received | 6000 |

Suppliers Security Deposit-Municipal Fund, Water Deposit, Other Deposits Received എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുക 2018-19 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. ഡെപ്പോസിറ്റുകൾ പരിശോധിച്ച് കാലഹരണപ്പെട്ടവയുടെ വിവരവും ആയതിൻമേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 6/11.04.2023 ന് കാലഹരണപ്പെട്ട എല്ലാ ഡെപ്പോസിറ്റ് തുകകളും വരവിനത്തിൽ ഉൾപ്പെടുത്തുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

5. എ.എഫ്.എസ് B11 പ്രകാരം Capital Work In Progress 41129518/- രൂപ നീക്കിയിരിപ്പുണ്ട്. Capital Work In Progress-Special Funds ഇനത്തിൽ 1167930 രൂപയും Capital Work In Progress- Specific Schemes ഇനത്തിൽ 1993641രൂപയും 2020-21 മുതലുള്ള നീക്കിയിരിപ്പാണ്. Capital Work In Progress പരിശോധിക്കുന്നതിനായി Part Bill Details ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം 19/17.04.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല,

6. B-13 ൽ ഉൾപ്പെടുത്തിയിട്ടുള്ള Central Government Securities- Special Funds ലെ നീക്കിയിരിപ്പായ 3,512,230 രൂപയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല. ലെഡ്ജർ പരിശോധിച്ചതിൽ 2017 മുതൽ ഇതേ

തുകയാണ് നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്. മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/11.04.2023 ന് മുൻവർഷങ്ങളിലെ AFS പരിശോധിച്ച് അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

7. വാർഷിക ധനകാര്യപത്രികയിലെ Income &Expenditure ഷെഡ്യൂൾ പ്രകാരം വരവ് തുക424120418രൂപയും, Prior Period Income 9550582 രൂപയും ചെലവ് തുക 440697277 രൂപയുമാണ്.വരവ് തുകയെ അധികരിച്ച് ചെലവ് ചെയ്തിരിക്കുന്നു.

8. B-14 - Stock In Hand ഷെഡ്യൂൾ പ്രകാരം Purchase Of Material – Stores ഇനത്തിൽ 131481/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ (സ്റ്റോക്ക് രജിസ്റ്റർ) പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 6/11.04.2023 ന് സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് ഹാജരാക്കിയില്ല.

**9.** I 18 Prior Period Items ഷെഡ്യൂൾ പ്രകാരംPrior Period Income -Profession Tax-Institutions/Professionals/Traders ഇനത്തിൽ 950000/-രൂപയും Prior Period Income - Other Income ഇനത്തിൽ 13155089/-രൂപയും ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (ആയത് പോസിറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു). കൂടാതെ Prior Period- Establishment Expenses ഇനത്തിൽ 1735150/- രൂപയും Prior Period - Operations And Maintenance Expenses ഇനത്തിൽ 2728283/- രൂപയും ചെലവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (ആയത് നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു.) മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/11.04.2023 ന് 950000 രൂപ Excess Demand Reverse Entry ആയി Prior Period Income ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ബാക്കിയുള്ള തുകകൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

10. 2021-22 ലെ സ്ഥിരനിക്ഷേപങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| ക്രമ നം | സ്ഥിരനിക്ഷേപസർട്ടിഫിക്കറ്റ്/ റസീപ്റ്റ് നമ്പർ | നിക്ഷേപ തുക | നിക്ഷേപിച്ച തീയതി | മെച്യൂരിറ്റി തീയതി | പലിശ നിരക്ക് | നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 7700655504 | 3059597 | 07.07.2021 | 07.07.2022 | 5.1 | SBI |
| 2 | 10720300141497 | 4061837 | 03.10.2021 | 03.02.2023 | 5.35 | Federal Bank |
| 3 | 10720300141485 | 10752954 | 03.10.2021 | 03.02.2023 | 5.35 | Federal Bank |
| 4 | 10720300141471 | 10752954 | 03.10.2021 | 03.02.2023 | 5.35 | Federal Bank |
| 5 | 903954 | 6372138 | 03.02.2022 | 03.02.2023 | 4.9 | Bank Of Baroda |
| 6 | 190043 | 3009165 | 10.01.2022 | 10.01.2023 | 6.25 | District Coperative Bank |

A) രജിസ്റ്റർ പ്രകാരം ആകെ 38008645 രൂപയാണ് സ്ഥിരനിക്ഷപം. എന്നാൽ 2021-22 വാർഷിക ധനകാര്യപത്രികയിലെ B-12 , Investments- General Fundഷെഡ്യൂളിലെ Fixed Deposit ഇനത്തിൽ 37705743 രൂപയാണ് നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്.

B) രജിസ്റ്റർ പ്രകാരം 2021-22 വർഷത്തിൽ സ്ഥിരനിക്ഷപങ്ങളുടെ പലിശയിനത്തിൽ 2029678 രൂപയാണ് വരവായി വരേണ്ടിയിരുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ RP-7 Income From Investments ഷെഡ്യൂളിലെ Interest On Fixed Deposit ഇനത്തിൽ 1912271രൂപ മാത്രമാണ് വരവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

C) മേൽ സ്ഥിരനിക്ഷപങ്ങളുടെ സ്ഥിരനിക്ഷപം സർട്ടിഫിക്കറ്റ്/റസീപ്റ്റ് ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/11.04.2023 ന് ടി അപാകത 2022-23ൽ പരിഹരിക്കുന്നതാണെന്നും പുതുക്കിയ സ്ഥിരനിക്ഷപ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

11. B-21 Provisions ഷെഡ്യൂളിൽ Provision For Outstanding Property Taxes ഇനത്തിൽ 524526 രൂപയും Provision For Outstanding Profession Tax- Institution/ Professionals/ Traders ഇനത്തിൽ 58919 രൂപയും Provision For Outstanding Licence Fees ഇനത്തിൽ 2735 രൂപയും 2018 മുതൽ Outstanding വരവുകളായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ വിശദാംശം, Provision രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനം എന്നിവ വിശദീകരിക്കാനവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/11.04.2023 ന് മുൻവർഷങ്ങളിലെ വരവ് ചെലവ് തെറ്റായി രേഖപ്പെടുത്തിയത് തിരുത്തൽ വരുത്തുന്നതിനും വിട്ടുപോയിട്ടുള്ളവ ചേർക്കുന്നതിനുമാണ് ടി ഹെഡുകൾ ഉപയോഗിക്കുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

12. Abstract Of Income & Expenditure ൽ ഷെഡ്യൂൾ I-17 (A)- Depreciation പ്രകാരം 49980526/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇൻകം ആന്റ് എക്സ്പെന്റീച്ചർ ഷെഡ്യൂളുകളിൽ I-17(A) ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/17.04.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

13.2021-22 ബാലൻസ് ഷീറ്റിലെ B-4 , Grants And Contribution For Specific Purposes Schedule പ്രകാരം Development Fund CFC Grand Tied ഇനത്തിൽ 19959290രൂപയും Development Fund CFC Grand Untied ഇനത്തിൽ 13198028 രൂപയും നീക്കിയിരിപ്പുണ്ട് (ആകെ 33157318 രൂപ). എന്നാൽ B-17 Cash And Bank Balance Schedule പ്രകാരം CFC ബാങ്ക് അക്കൗണ്ടായ ICICI 230 എന്ന അക്കൗണ്ടിൽ 30735144/- രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. ആയതിൽ 2422174 രൂപയുടെ കുറവുണ്ട്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

14. ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ Miscellaneous Advance ന്റെ കണക്കുകൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിലെ താഴെപ്പറയുന്ന അഡ്വാൻസുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

- Festival Advance To Employees
- Advance For Projects
- Advance To Contractors
- Advance To Implementing Agencies
- Advance To Projects

മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/17.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

15. സുലേഖ പത്രിക പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് 196/22, നഗരസഭയുടെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതി പ്രകാരം 8550000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഡെപ്പോസിറ്റ് ഹെഡിൽ ഉൾപ്പെട്ടിട്ടില്ല. Receipt And Payment Statementലെ RP-41, Loans, Advances And Deposits ഷെഡ്യൂളിലെ Advance To Implementing Agencies എന്ന ഹെഡിൽ 717664 രൂപയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

16. നഗരസഭയുടെ തൊഴിൽ നികുതി ഒഴികെയുള്ള നികുതി-നികുതിയേതര വരവുകളുടെ രജിസ്റ്ററുകൾ/ ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി 19 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

17. വാർഷിക ധനകാര്യ പത്രികയിലെ വരവിനങ്ങളുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. ചില ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് (AFSപ്രകാരം) | വരേണ്ടിയിരുന്ന ബാലൻസ് തുക |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| Property Tax Current | 27000000 | 15560792 | 12001215 | 11439208 |
| Property Tax Arrear | 16723452 | 9310970 | 25455081 | 7412482 |
| Licence Fees Dangerous And Offensve ,Current | 2611445 | 1522685 (RP 29 Other Liabilities ഷെഡ്യൂളിൽ 350410301 Advance Collection Of Revenues -Licence Fees എന്ന ഹെഡിൽ 905550/- രൂപ വരവുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ (B-9) പ്രസ്തുത ഹെഡിൽ 88305/- രൂപ മാത്രമാണ് നീക്കിയിരിപ്പ് ) | 271515 | 1088760 |
| Rent From Civic Amenities Current | AFS ൽ Income & Expenditure സ്റ്റേറ്റ്മെന്റിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. | 364166(47705(2021-22R&P)+ 165289+151172(2020-21 Advance Collection Ledger ) | - | - |
| Rent From Civic Amenities Arrear | 2294610 | 140289 | 210311 | 2154321 |

മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 61 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

18. 2020-21, 2021-22 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകളിൽ B-12 ഷെഡ്യൂളിൽ Investments-Equity Shares ഇനത്തിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തി യിട്ടുള്ള 500000/- രൂപയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 44 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്കുള്ള വിശദീകരണവും മറുപടികളും ലഭ്യമാക്കേണ്ടതാണ്.

## 1-2-1 ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ

1. ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് (മാർച്ച് 2022)പരിശോധനയിൽ കണ്ട ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു- നഗരസഭയിൽ നിന്നും നൽകിയ മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ മാറ്റിയിട്ടില്ല.

| ക്രമ നം | ബാങ്കിന്റെ പേര്/അക്കൗണ്ട് നം | വൗച്ചർനം/തീയതി | ചെക്ക് നം / തീയതി | തുക |
|---|---|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ, 44980200000014 | 22001919/27.03.2021 | 5028/26.03.2021 | 1068 |
| 2 | | 22100094/27.04.2021 | 5071/27.04.2021 | 25000 |
| 3 | | 22100725/12.10.2021 | 4063/08.10.2021 | 32608 |
| 4 | | 22100847/06.11.2021 | 5117/05.11.2021 | 54467 |
| 5 | | 22101072/06.12.2021 | 5158/21.12.2021 | 26560 |

മേൽ അപാകം സംബന്ധിച്ച നൽകിയ എൻക്വയറി നം 9/12.04.23 ന് ചെക്ക് നമ്പർ 5028, 5071 എന്നിവ നാളിതുവരെയും കക്ഷികൾ പണമാക്കാത്ത സാഹചര്യത്തിൽ നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ചെക്ക് നമ്പർ 4063, 5117, 5158 എന്നിവ Mutual Reconcilation ചെയ്തിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. ചെക്ക് നമ്പർ 5028, 5071 എന്നിവ നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടി തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

2. Bank Of Barodaയിലെ 44980200000165 എന്ന അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക് എന്നിവ പ്രകാരമുള്ള ബാലൻസുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് വിവരം | ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് | AFS B17 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ്. | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് |
|---|---|---|---|---|
| Bank Of Baroda, (A/C No44980200000165) | 1389296 | 1013887.62 | 1388891 | As Per Bank Book- 1388891<br>As Per Bank Statement- 1388891 |

മേൽ അപാകം സംബന്ധിച്ച നൽകിയ എൻക്വയറി നം 9 ന് മേൽ അക്കൗണ്ട് ഓൺലൈൻ പേയ്മെന്റിനായുള്ള അക്കൗണ്ടാണെന്നും ആയതിനാൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ ഹെഡ്ഡുകൾക്ക് കൃത്യത ഇല്ലെന്നും ടി അപാകത പരിഹരിക്കുന്നതിന് IKM ന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

3. RP 40(B) പ്രകാരം താഴെപ്പറയുന്ന അക്കൗണ്ടുകളുടെ ബാലൻസ് സീറോ ആണ്. ടി അക്കൗണ്ടുകളിൽ ക്രമ നമ്പർ 25, 26 എന്നിവ PFMS അക്കൗണ്ടുകളാണ്. ബാക്കി എല്ലാ അക്കൗണ്ടുകളും 2020-21 സാമ്പത്തിക വർഷത്തിനു മുൻപ് ക്ലോസ് ചെയ്തതാണ് (എൻക്വയറി നം 9 ന്റെ മറുപടി ) എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടുകൾ നിലവിൽ പ്രവർത്തനക്ഷമമാണോ എന്നത് പരിശോധിക്കുന്നതിനാവശ്യമായ ബാങ്ക് പാസ്ബുക്ക് /ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ബാങ്കിന്റെ പേര് |
|---|---|
| 1. | SBT 57024284958 |
| 2. | SBT 57024309940 |
| 3. | SBT 57024315445 |
| 4. | SBT 57024337402 |
| 5. | SBT 57024333848 |
| 6. | Dhanalekshmy Bank |
| 7. | DCB 02003120600007 |
| 8. | TrivandrumDCB |
| 9. | The Nedumangad Service Co Op 5181 |
| 10. | Treasury MF A/C I |
| 11. | TSB (Own Fund) |
| 12. | Treasury Account COVID1224 |
| 13. | Treasury TPA Provident Fund 177 |
| 14. | Union Bank Of India 14967 |
| 15. | Federal Bank 1072000310482 |
| 16. | Federal Bank -10720100310490 |
| 17. | Canara Bank 2159 |
| 18. | Canarabank-7709 |
| 19. | Canarabank8334 AUEGS |
| 20. | Axis Bank KURDFC 34865 |
| 21. | KURDFC ESCROW Bank Of Baroda |
| 22. | ICICI -NULM New 185501000739 |
| 23. | Indian Bank 1396 Saksharatha Mission |
| 24. | CFLTC Covid 19 6058 |
| | |

| | |
|---|---|
| 25. | ICICI Suchitwa Mission 785 |
| 26. | Canarabank NULM 8337 |
| 27 | Canarabank 5186SSA |
| 28 | Bank Of India 2234 Suchitwa Mission |
| 29 | State Bank Of Travancore 57024309509 |
| 30 | Union Bank Of India IHSDP |
| 31 | DCB |
| 32 | South Mal Gra Bank 2683- Prerak |
| 33 | Treasury MF A/C II Maintenance Fund |
| 34 | MF/MCF II (B) Development Fund (SCP) |
| 35 | MFA Finance Commission Grant |
| 36 | MFA 5 World Bank Grant |

നിലവിൽ പ്രവർത്തന രഹിതമായ ബാങ്ക് അക്കൗണ്ടുകളെ AFS ൽ നിന്നൊഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-2 തുകകൾ അടവാക്കാതെ ശേഷിക്കുന്നു.

B 9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന തുകകൾ നീക്കിയിരിപ്പുണ്ട്.

| ക്രമ നം | ഹെഡ് | ഇനം | തുക |
|---|---|---|---|
| 1 | 350200121 | Recoveries Payable- Welfare Loan | 100* |
| 2 | 350200199 | Recoveries Payable-Other Recoveries From Employees | 134321* |
| 3 | 350200215 | Recoveries Payable-IT Deducted At Source-Specific Grants | 8804 |
| 4 | 350200209 | Recoveries Payable-VAT -Municipal Fund | 22647* |
| 5 | 350200214 | Recoveries Payable-KCWWF-Municipal Fund | 5661* |
| 6 | 350200301 | Recoveries Payable-COVID | 324893* |
| 7 | 350209900 | Recoveries Payable-Other Recoveries | 17435* |
| 8 | 350300400 | VAT Payable | 302203.50* |
| 9 | 350309900 | Others Payable | 2194053 |

*ക്രമ നം 1,2,4,5,6,7,8എന്നീ ഹെഡുകളിലെ നീക്കിയിരിപ്പായുള്ള തുകകൾ 2020-21 ലെ നീക്കിയിരിപ്പ് തന്നെയാണ്.

മേൽ നീക്കിയിരിപ്പ് തുകകൾ ഏതൊക്കെ വർഷത്തെ തുകകളാണ് ,പ്രസ്തുത തുകകൾ നാളിതുവരെ ഒടുക്കാത്തതിനുള്ള കാരണം,ഒടുക്കിയിട്ടുണ്ടെങ്കിൽ അവയുടെ രേഖകൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം

9/12.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തിരികെ അടവാക്കാനുള്ള തുകകൾ അതത് ശീർഷകത്തിലേയ്ക്ക്/ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 45282533 | 45282533 | 61667899 | -16385366 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 31794899 | 31794899 | 28820863 | 2974036 |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 144600 | 144600 | 54500 | 90100 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 26141228 | 26141228 | 24341223 | 1800005 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 30121627 | 30121627 | 17315025 | 12806602 |
| സി.എഫ്.സി (Untied) | 0 | 24493000 | 24493000 | 14216057 | 10276943 |
| സി.എഫ്.സി (Tied) | 0 | 63822904 | 63822904 | 37898124 | 25924780 |

ലഭ്യമായ ഫണ്ടിൽ വലിയ തുക ചെലവഴിക്കാതെ നഷ്ടമായിരിക്കുന്നു. (CFC ഒഴികെ) പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിലും ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായും പൂർണ്ണമായും ചെലവഴിക്കുന്നതിലും നഗരസഭയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ അപാകത വരും വർഷങ്ങളിൽ പരിഹരിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥരും വിവിധ കമ്മിറ്റികളും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-3-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

1. ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2021-22 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (CFC Untied) | ACR | 14216057 |
| | AFS | 11835886 |
| | Grant Statement | 14216057 |
| Development Fund (Special Component Plan) | ACR | 27580863 |
| | AFS | 27101948 |
| | Grant Statement | 28820863 |
| Maintanence Fund (Road Assets) | ACR | 24341223 |
| | AFS | 22841223 |
| | Grant Statement | 24341223 |
| Maintanence Fund (Non Road Assets) | ACR | 19160290 |
| | AFS | 18890606 |
| | Grant Statement | 17315025 |
| Development Fund (General) | ACR | 45279832 |
| | AFS | 45279832 |
| | Grant Statement | 61667899 |

2. 2021-22 ബാലൻസ് ഷീറ്റിലെ B-4 , Grants And Contribution For Specific Purposes Schedule പ്രകാരം Development Fund CFC Grand Tied ഇനത്തിൽ 19959290രൂപയും Development Fund CFC Grand Untied ഇനത്തിൽ 13198028 രൂപയും നീക്കിയിരിപ്പുണ്ട് (ആകെ 33157318 രൂപ). എന്നാൽ B-17 Cash And Bank Balance Schedule പ്രകാരം CFC ബാങ്ക് അക്കൗണ്ടായ ICICI 230 എന്ന അക്കൗണ്ടിൽ 30735144/- രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. ആയതിൽ 2422174 രൂപയുടെ കുറവുണ്ട്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. B-4 Schedule പ്രകാരമുള്ള തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ് കോഡ് | ഇനം | B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320100100 | Grants,Funds &Contributions For Specific Purposes-Central Government | 7637282 |
| 2 | 320200106 | Development Fund-Special Grant-Capital | 10500000 |
| 3 | 320500100 | Welfare Bodies | 445977 |
| 4 | 320809700 | Donations Related To Pandemic/Epidemic Control | 12910 |
| 5 | 320809900 | Other Grants& Contributions For Specific Purpose | 1755253 |

ക്രമ നം. 3, 4 എന്നിവയിലെ നീക്കിയിരിപ്പ് തുക 2020-21 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുകകൾ ചെലവഴിക്കാത്ത പക്ഷം ബന്ധപ്പെട്ട അക്കൗണ്ടുകളിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

4. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന3275132/- രൂപ ഗുണഭോക്തൃവിഹിതം ഏതിനത്തിലുള്ളതാണെന്നും പ്രോജക്ട് നം. വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 44/19.04.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

5. വൗച്ചർ നമ്പർ 42101018 പ്രകാരം 22243194 രൂപ 320809900, Other Grants & Contributions For Specific Purpose എന്ന ഹെഡിൽ നിന്നും 320100100, Grants, Contributions For Specific Purposes-Central Government എന്ന ഹെഡിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 51ന് ഫണ്ട് ട്രാൻസ്ഫർ ചെയ്തതാണെന്ന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ടി തുക ഏതൊക്കെ പ്രവർത്തികൾക്കാണ് ഉപയോഗിച്ചതെന്ന് വ്യക്തമാക്കിയില്ല. ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

6. 320100100, Grants, Contributions For Specific Purposes-Central Government എന്ന ഹെഡിൽ 4498080 രൂപ മുന്നിരിപ്പും RP 24 ഷെഡ്യൂൾ പ്രകാരം 7657550 രൂപ വരവുണ്ട്. ടി ഗ്രാന്റുകൾ ഏതൊക്കെ പ്രവർത്തികൾക്കാണ് ഉപയോഗിച്ചിരിക്കുന്നതെന്നും ആയതിന്റെ ചെലവ് രേഖകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 51ന് Central Government ന്റെ വിവിധ സ്കീമുകൾക്ക് അനുവദിച്ചിട്ടുള്ള ഗ്രാന്റാണെന്നും ചെലവ് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

I. ആസൂത്രണ സമിതി

ആസൂത്രണം എന്നത് ഒരു തുടർപ്രക്രിയയാണ്. ആസൂത്രണ സമിതിയുടെ കാലാവധി ഭരണ സമിതിയുടെ കാലാവധിയായിരിക്കും. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 17/2018 തസ്വഭവ തീയതി 02.02.2018] ഖണ്ഡിക 3.1.1 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്.ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ

സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. നഗരസഭയിൽ 2021-22 വർഷം പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുനഃ സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും (എൻക്വയറി 57) ആയത് ലഭ്യമാക്കിയില്ല.

2. 21-22 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാറിന്റെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും (എൻക്വയറി 57) ആയത് ലഭ്യമാക്കിയില്ല.

3. സ.ഉ(കൈ) നം.17/2018/ത.സ്വ.ഭ.വ തീയതി 02.02.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. 15 വർക്കിംഗ് ഗ്രൂപ്പുകളാണ് നഗരസഭയിൽ അനിവാര്യമായി ഉണ്ടാകേണ്ടത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും (എൻക്വയറി 57) ആയത് ലഭ്യമാക്കിയില്ല.

II.സ്റ്റാറ്റസ് റിപ്പോർട്ട്.

വിവിധ മേഖലകളിലെ നിലവിലെ അവസ്ഥയും വികസനം എത്തപ്പെടേണ്ട മേഖലകളും വികസനം നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗങ്ങളും രൂപീകരിക്കേണ്ട പദ്ധതികളും ഉൾപ്പെടുന്ന ഒരു സമഗ്രമായ രേഖയാണ് ഓരോ സ്ഥാപനത്തിന്റെയും അവസ്ഥാ റിപ്പോർട്ട്.അത് കാലോചിതമായി പരിഷ്കരിക്കേണ്ടതും അത്യാവശ്യമാണ്. 2021-22വർഷത്തെസ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും (എൻക്വയറി 57) ആയത് ലഭ്യമാക്കിയില്ല.

III. കരട് പദ്ധതി രേഖ/ അന്തിമ പദ്ധതി രേഖ

ഭരണ സമിതി ഗ്രാമസഭകളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും മുൻഗണനകൾ പരിഗണിച്ച് കൊണ്ടും വിഭവ ലഭ്യത പരിഗണിച്ചും കരട് വാർഷിക പദ്ധതി തയ്യാറാക്കേണ്ടതാണ്. കരട് പദ്ധതി രേഖ/ അന്തിമ പദ്ധതി രേഖ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും (എൻക്വയറി 57) ആയത് ലഭ്യമാക്കിയില്ല.

IVമോണിറ്ററിംഗ്

പദ്ധതി രൂപീകരണ മാർഗരേഖ ഖണ്ഡിക 13 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് നിർവഹിക്കേണ്ടതിനെക്കുറിച്ച് വ്യക്തമാക്കുന്നു. പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും വ്യക്തമാക്കുന്നു.

പദ്ധതി ആസൂത്രണം, രൂപീകരണം, മോണിറ്ററിംഗ് സംബന്ധിച്ച മേൽ പറഞ്ഞ വിവരങ്ങൾ ഒന്നും തന്നെ ലഭ്യമാക്കാത്തതിനാൽ പദ്ധതികൾ ആസൂത്രണം നടത്തിയതിന്റെയും രൂപീകരിച്ചതിന്റെയും മറ്റും കാര്യക്ഷമത വിലയിരുത്താൻ ഓഡിറ്റിന് സാധിച്ചില്ല.

## 1-4-1 പദ്ധതി അടങ്കൽ/ ചെലവ് വിവരങ്ങൾ

| ആകെ ഏറ്റെടുത്ത പദ്ധതികൾ | പൂർണമായും നടപ്പിലാക്കിയവ | ഭാഗികമായി നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 281 | 178 | 0 | 103 | 338153110 | 195473845 | 58 |

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം).

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| പൊതുവിഭാഗം ജനറൽ | 92179107 | 61667899 |
| എസ്.സി.പി. | 35552398 | 28820863 |
| ടി.എസ്.പി. | 84000 | 54500 |
| ധനകാര്യകമ്മിഷൻ അവാർഡ് | 86117742 | 52114181 |
| | | |

| | | |
|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | 20079580 | 2935925 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്. | 17733603 | 428013 |
| തനത് ഫണ്ട്. | 21706000 | 7796216 |
| മെയിന്റനൻസ് റോഡ് | 26628344 | 24341223 |
| മെയിന്റനൻസ് നോൺ റോഡ് | 30883530 | 17315025 |
| മറ്റുള്ളവ | 7188806 | 0 |
| ആകെ | 338153110 | 195473845 |

നിർവഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ ചെലവ് | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | നടപ്പാക്കിയതിന്റെ ശതമാനം | ആകെ പദ്ധതി അടങ്കൽ (ഗു.വി. ഉൾപ്പെടെ) | ആകെ പദ്ധതി ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 4 | 2 | 2 | 50 | 4205342 | 1112640 | 26 |
| Ii | വെറ്ററിനറി സർജൻ | 11 | 8 | 3 | 73 | 4465750 | 994108 | 22 |
| Iii | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 19 | 12 | 7 | 63 | 28402589 | 20524155 | 72 |
| Iv | പട്ടിക ജാതി വികസന ഓഫീസർ | 9 | 9 | 0 | 100 | 8704814 | 8353449 | 96 |
| V | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 14 | 9 | 5 | 64 | 35421004 | 11914916 | 34 |
| Vi | മെഡിക്കൽ ഓഫീസർ , താലൂക്ക് ഹോസ്പിറ്റൽ | 3 | 3 | 0 | 100 | 3175000 | 2239670 | 71 |
| Vii | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 1 | 5 | 17 | 1360000 | 50000 | 4 |
| Viii | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 0 | 100 | 2545000 | 2545000 | 100 |
| Ix | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 12 | 10 | 2 | 83 | 13297000 | 12159827 | 91 |
| X | സെക്രട്ടറി | 28 | 16 | 12 | 57 | 50171472 | 39986966 | 80 |
| Xi | മുനിസിപ്പൽ എഞ്ചിനീയർ | 157 | 98 | 59 | 62 | 175200739 | 87758708 | 50 |
| Xii | പ്രിൻസിപ്പൽ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ | 12 | 7 | 5 | 58 | 9075000 | 7834406 | 86 |
| Xiii | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 0 | 3 | 0 | 2129400 | 0 | 0 |
| ആകെ | | 281 | 178 | 103 | 63 | 338153110 | 195473845 | 58 |

1) ആകെ വകയിരുത്തിയ തുകയുടെ 58 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് .

എ) ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ അംഗീകാരം വാങ്ങിയ 6 പ്രോജക്ടുകളിൽ ഒരെണ്ണം മാത്രമാണ് നടപ്പാക്കിയത്.

ബി) സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്  തൻവർഷം നടപ്പാക്കുന്നതിനായി 3 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ഒരു പദ്ധതി പോലും നടപ്പാക്കിയില്ല.

സി) കൃഷി ഓഫീസർ, വെറ്റിനറി സർജൻ, ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) എന്നിവർ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവു ശതമാനം യഥാക്രമം 26, 22, 34 എന്നിങ്ങനെയാണ്.

2. തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | SO 262 | എം ആർ എഫ് ഷ്രെഡ്ഡിങ്ങ് ബയിലിംഗ് മഷീൻ യൂണിറ്റ് സ്ഥാപിക്കൽ | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) |
| 2 | SO263 | ട്രൈസൈക്കിൾ വീൽ ബാരോ വാങ്ങൽ | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) |
| 3 | SO201 | 5000 യൂണിറ്റ് ബയോകമ്പോസ്റ്റർ വിതരണം | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) |
| 4 | SO217 | സുഭിക്ഷ കേരളം നഗരസഭാ പ്രദേശത്തെ 20 കർഷകർക്ക് വീട്ടുവളപ്പിൽ പടുത കുളത്തിൽ മത്സ്യകൃഷിക്ക് സഹായം | കൃഷി ഓഫീസർ |
| 5 | SO213 | കമ്പ്യൂട്ടറുകളുടെ എ എം സിയും പ്രവർത്തന രഹിതമായ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയു മെയിന്റനൻസ് | സെക്രട്ടറി |
| 6 | SO212 | മൃഗാശുപത്രിക്ക് ബില്ലിംഗ് മെഷീൻ വാങ്ങൽ | വെറ്ററിനറി സർജൻ |

മുനിസിപ്പൽ എഞ്ചിനീയർ തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ 250, 218, 220, 221, 265, 256, 223, 266, 278, 252, 253, 279, 254, 255, 225, 228, 267, 268, 231, 233, 270, 271, 275, 241, 276, 245, 277, 249 , 246 നമ്പർ പ്രോജക്ടുകൾ നടപ്പാക്കിയില്ല.

പദ്ധതികൾ നടപ്പിലാക്കാതിരുന്നതിനുള്ള കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 57ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. എസ്.സി.പി ഫണ്ട് പാഴാക്കി.

വിവിധ പദ്ധതികൾക്കായി വിവിധ നിർവഹണോദ്യോഗസ്ഥർ വകയിരുത്തിയ എസ്.സി.പി. ഫണ്ടുകൾ തൻവർഷം ഭാഗികമായി മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. കൂടാതെ ചില പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ടിൽ നിന്നും ഒരു തുകയും ചെലവഴിച്ചിട്ടുമില്ല.വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം | പദ്ധതി പേര് | അടങ്കൽ/ ഫണ്ട്. | ചെലവ് | പദ്ധതി ഏറ്റെടുത്ത നിർവ ഹണോദ്യോഗസ്ഥൻ. |
|---|---|---|---|---|
| 15 | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം (പട്ടികജാതി വ്യക്തിഗതം) | 150000 | 0 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 17 | മൊബൈൽ സെയിൽസ് സർവീസ് യൂണിറ്റ് (മോട്ടോർ ഘടിപ്പിക്കാത്ത 4 ചക്ര വാഹനം) | 250000 | 0 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 211 | 25 പട്ടികജാതി വനിതകൾക്ക് പെണ്ണാട് | 72000 | 18000 | വെറ്ററിനറി സർജൻ |
| 77 | പട്ടികജാതി വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ | 90000 | 41850 | വെറ്ററിനറി സർജൻ |
| 143 | പട്ടികജാതി കുടുംബങ്ങൾക്ക് പൈപ്പ് കണക്ഷൻ | 375000 | 90329 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ |

| | | | | |
|---|---|---|---|---|
| 342 | പി എം എ വൈ എസ് സി ഗുണഭോക്താക്കൾക്ക് ഭവന നിർമാണം | 710000 | 0 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ |
| 41 | പട്ടികജാതി കോളനികളിലെ കുടിവെള്ള കണക്ഷന്റെ വൈദ്യുത ചാർജ് | 30000 | 9854 | പട്ടികജാതി വികസന ഓഫീസർ |
| 294 | കാവിയോട്ടുമുകൾ കുടിവെള്ള പദ്ധതി | 1000000 | 93680 | മുനിസിപ്പൽ എഞ്ചിനീയർ |
| 243 | തെള്ളിക്കുഴിയിൽ പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശത്ത് കുഴൽ കിണർ നിർമിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് കുടിവെള്ളം എത്തിക്കൽ | 400000 | 88811 | മുനിസിപ്പൽ എഞ്ചിനീയർ |
| 120 | പൊയ്കക്കുഴി -കാവിയോട്ടുമുകൾ റോഡ് പുനരുദ്ധാരണം | 1248103 | 0 | മുനിസിപ്പൽ എഞ്ചിനീയർ |
| 149 | 3-5-20-26-27-34-35 എന്നീ വാർഡുകളിൽ കിണർ ആഴംകൂട്ടി മോട്ടോർ ഘടിപ്പിച്ച് പൈപ്പ് ലൈൻ നീട്ടി വീടുകളിൽ കുടിവെള്ളമെത്തിക്കൽ | 1300000 | 0 | മുനിസിപ്പൽ എഞ്ചിനീയർ |

സർക്കാർ ഉത്തരവ് (കൈ)നം11/2018.ത.സ്വ.ഭ.വ.തീയതി.29.01.2018 ഖണ്ഡിക 6.1.1 പ്രകാരം പട്ടികജാതി ഉപ പദ്ധതി വിഹിതം ഫണ്ടുകൾ പാഴാക്കാൻ പാടില്ല.എന്നാൽ ഈ നിർദ്ദേശം ഇവിടെ പാലിച്ചിട്ടില്ല.

4.നഗരസഭയിൽ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 13192613 | 2231019 | 17 |
| | പട്ടിക ജാതി | 702000 | 59850 | 9 |
| സേവനം | പൊതുവിഭാഗം | 192801770 | 111520354 | 58 |
| | പട്ടിക ജാതി | 27968243 | 22150196 | 79 |
| | പട്ടികവർഗ്ഗം | 84000 | 54500 | 65 |
| പശ്ചാത്തലം | പൊതുവിഭാഗം | 93902275 | 52057109 | 55 |
| | പട്ടികജാതി | 9502209 | 7400817 | 78 |

മേൽ അപാകങ്ങൾക്കുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 57ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-5 ക്ഷേമപദ്ധതികൾ

2021-22 വർഷം നഗരസഭ നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10173200 | 713 |
| വിധവാപെൻഷൻ | 48524300 | 3220 |
| വാർദ്ധക്യകാലപെൻഷൻ | 82324000 | 5812 |
| വികലാംഗപെൻഷൻ | 11920100 | 794 |

| | | |
|---|---|---|
| വിവാഹധനസഹായം | 90000 | 3 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1289600 | 87 |
| തൊഴിൽരഹിത വേതനം | Nil | Nil |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം സംബന്ധിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ, പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനുള്ളിൽ തന്നെ അപേക്ഷ തീർപ്പാക്കിയതിന്റെ വിവരം, പെൻഷൻ ഗുണഭോക്താക്കളുടെ അർഹത മുതലായ വിവരങ്ങളും നടപടിക്രമങ്ങളിലെ കൃത്യതയും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പെൻഷൻ വിതരണം സംബന്ധിച്ച് രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 31ന് രജിസ്ററർ നൽകിയതായി അറിയിച്ചുവെങ്കിലും രജിസ്റ്ററുകൾ നൽകിയിരുന്നില്ല. അപേക്ഷകളുടെ വിശദാംശങ്ങൾ മാത്രമുള്ള പേഴ്സണൽ രജിസ്റററാണ് സൂക്ഷിക്കുന്നതെന്നും ആയതിൽ അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന തുടർനടപടികളൊന്നും എഴുതി ചേർത്തിട്ടില്ല എന്നുമാണ് വാക്കാൽ അറിയിച്ചത്.

പെൻഷൻ വിതരണത്തിന് ആവശ്യമായ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും വിതരണം നടത്തിയതായി കാണുന്നു.

നഗരസഭ ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടുകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് , സ്ഥാപനം | ആധാർ നമ്പർ | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർ ഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | ദിവാകരൻ നായർ പി നെടുമങ്ങാട് മുനിസിപ്പാലിറ്റി | 231581145326 | 2220012722 | കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ | 29.09.2021 | ആക്ടീവ് | 10/21-12/22 | 24000 |
| 2 | ബേബി എ കരകുളം ഗ്രാമ പഞ്ചായത്ത് | 894054026388 | 102660203761 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 14.10.2021 | ആക്ടീവ് | 11/21-12/22 | 22400 |
| 3 | മണിയൻ കെ നെടുമങ്ങാട് മുനിസിപ്പാലിറ്റി | 938523686030 | 101740204675 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 05.11.2021 | ആക്ടീവ് | 12/21-12-22 | 20800 |
| 4 | ശശിധരൻ സി , നെടുമങ്ങാട് മുനിസിപ്പാലിറ്റി | 500648228814 | 101740204547 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 30.08.2021 | സസ്പെൻഡ് | 09/21-11/21 | 4800 |
| 5 | കമലമ്മ, നെടുമങ്ങാട് മുനിസിപ്പാലിറ്റി | 580628388965 | 101740203528 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 28.03.21 | ആക്ടീവ് | 04/21-12/22 | 33600 |
| 6 | സോമൻ, ആനാട് ഗ്രാമ പഞ്ചായത്ത് | 228846433047 | 102630202447 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08.06.21 | ആക്ടീവ് | 07/21-12/22 | 28800 |
| 9 | സരസ്വതി അമ്മ, നെടുമങ്ങാട് മുനിസിപ്പാലിറ്റി | 546254500525 | 101740201193 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 07.06.2021 | സസ്പെൻഡ് | 08/2121, 09/2021 | 3200 |
| 10 | വിമല പി, | 421639786787 | 102860600244 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ | 21.07.2021 | ആക്ടീവ് | 08/21-12/22 | 27200 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ആര്യങ്കോട് ഗ്രാമ പഞ്ചായത്ത് | | | പെൻഷൻ സ്കീം | | | | |
| 11 | അബ്ദുൾ റഷീദ്, കഠിനംകുളം ഗ്രാമ പഞ്ചായത്ത് | 524710334080 | 102690204048 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 04.08.2021 | ആക്ടീവ് | 09/21-12/22 | 25600 |
| 12 | കേശവ ശർമ കെ, നെടുമങ്ങാട് മുനിസിപ്പാലിറ്റി | 834096721780 | 101740203752 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29.07.2021 | ആക്ടീവ് | 08/21-12/22 | 33600 |
| 13 | മീരാസാഹിബ് എം , നെടുമങ്ങാട് മുനിസിപ്പാലിറ്റി | 274574149365 | 101740100342 | കർഷക തൊഴിലാളി പെൻഷൻ | 27.11.2021 | സസ്പെൻഡ് | 12/21-5/22 | 9600 |
| 14 | ജനാർദനൻ., നെടുമങ്ങാട് മുനിസിപ്പാലിറ്റി | 708993454509 | 101740200619 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 06.12.2021 | ആക്ടീവ് | 1/22-12/22 | 19200 |
| 15 | കെ വിജയൻ, നെടുമങ്ങാട് മുനിസിപ്പാലിറ്റി | 597841040970 | 101740205552 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 07.12.2021 | സസ്പെൻഡ് | 1/22-5/22 | 8000 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ ഭൂരിഭാഗം മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല.നെടുമങ്ങാട് നഗരസഭയിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. നെടുമങ്ങാട് നഗരസഭയിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും, മറ്റു തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ മരണ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്.

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി 46/19.04.23 ന് മേൽ പട്ടികയിൽ നെടുമങ്ങാട് നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുകയും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് ബാങ്കിൽ കത്ത് നൽകുകയും ചെയ്തതായി മറുപടി ലഭ്യമാക്കി. തുടർനടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-04-2023, 11.15 A.Mന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5258 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2021-22 സാമ്പത്തിക വർഷം മറ്റ് ഓഡിറ്റുകൾ നടത്തിയിട്ടില്ല.

## 1-8 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

AUEGS പദ്ധതിയുമായി ബന്ധപ്പെട്ട AFS പ്രകാരവും ക്യാഷ് ബുക്ക് പ്രകാരവുമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു. AFS പ്രകാരം ആകെ വരവായ 150,66,478 രൂപയിൽ നിന്ന് ചെലവ് തുകയായ 137,89,267 രൂപ കുറയ്ക്കുമ്പോൾ നീക്കിയിരിപ്പായി ഉണ്ടാകേണ്ടത് 12,77,211 രൂപയാണ്. എന്നാൽ AFS ൽ ഇത് 17,55,253 രൂപയായി രേഖപ്പെടുത്തിയിരിക്കുന്നു.

AFS പ്രകാരം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 66478 | 15000000(Other Grants And Contributions For Specific Purpose) | 15066478 | 13157068(Implement Self Employment And Group Employment Scheme) | 1755253 |

| | | | | |
|---|---|---|---|---|
| | | | +632199(Develop The Skills Of Those Below Poverty Line Todoself) | |

ക്യാഷ് ബുക്ക് പ്രകാരം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 66478 | 15397891 | 15464369 | 13714854 | 1683037 |

മേൽ അപാകത്തിന് വിശീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 10/13.04.23 ന് തൊഴിലുറപ്പ് പദ്ധതിയുടെ ചെലവിന് പ്രത്യേക ഹെഡ് നൽകിയിട്ടില്ലാത്തതിനാലാണ് ക്യാഷ്ബുക്ക് പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ച് കാണാത്തത് എന്നാണ് മറുപടി ലഭ്യമാക്കിയത്. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഫ്രണ്ട് ഓഫീസിൽ വരുന്ന അപേക്ഷകൾ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ മുഖേന അതത് സെക്ഷനുകൾക്ക് നൽകുന്നുണ്ടെങ്കിലും സെക്ഷൻ അത് കൈപ്പറ്റുന്നതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2. നഗരസഭ ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം നടപ്പാക്കിയിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4. ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം നടത്തുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

5. ലൈബ്രറിസെസ് യഥാസമയം അടവാക്കുന്നില്ല.

6. വിവിധ വരവിനങ്ങളുടെ കുടിശ്ശിക രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

7. തനത് വരുമാനങ്ങളായ വാടക, വസ്തുനികുതി എന്നീ ഇനങ്ങൾ കാലാനുസൃതമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കാണുന്നു. ടി വിവരങ്ങൾ സംബന്ധിച്ച വിശദമായ ഖണ്ഡികകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

8.തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഭാവിയിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

9.വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

10. ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജീസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

11. എല്ലാ നിർവ്വഹണോദ്യോഗസ്ഥരും TR7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കണം എന്ന നിർദ്ദേശം പാലിക്കുന്നില്ല.

12. വിവരാവകാശം സംബന്ധിക്കുന്ന രജിസ്റ്ററിൽ അപേക്ഷകളുടെ നമ്പറും തീയതിയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന തുടർനടപടി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

13. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

14. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന രസീത് ബുക്കുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-10-1 ശാന്തിതീരം ശ്മശാനത്തിൽ ഉപയോഗിക്കുന്ന രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ

**പരിപാലിക്കുന്നില്ല**

നെടുമങ്ങാട് നഗരസഭയിൽ നിന്നും ശാന്തിതീരം ശ്മശാനത്തിന്റെ ഉപയോഗത്തിനായി നൽകുന്ന രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക്രജിസ്റ്റർ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 66/25-04-2023 വഴി ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത രജിസ്റ്ററോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 74 പ്രകാരം നഗരസഭയിൽ ലഭിക്കുന്ന രസീത് ബുക്കുകൾ ചട്ടം 73 പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആവശ്യാനുസരണം ജീവനക്കാർക്ക് വിതരണം ചെയ്യേണ്ടതുമാണ്. സ്റ്റോക്ക് രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ 2021-22 സാമ്പത്തിക വർഷം ശ്മശാനത്തിലെ ഉപയോഗത്തിനായി അനുവദിച്ച് നൽകിയിട്ടുള്ള രസീതു ബുക്കുകളുടെ എണ്ണം എത്രയാണെന്നും ടി രസീത് ബുക്കുകൾ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ ആരാണെന്നുമുള്ള വിവരങ്ങൾ ലഭ്യമല്ല. ആകെ അനുവദിച്ച് നൽകിയ രസീത് ബുക്കുകളുടെ എണ്ണം ഓഡിറ്റ് എൻക്വയറി നം. 23 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതും ശാന്തിതീരം ശ്മശാനത്തിന് നൽകിയിട്ടുള്ള രസീതുബുക്കുകളുടെ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കേണ്ടതുമാണ്.

**1-10-2 ശ്മശാനത്തിന്റെ വരവുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

ശാന്തിതീരം ശ്മശാനത്തിന്റെ വരവുമായി ബന്ധപ്പെട്ട മുഴുവൻ രസീത് ബുക്കുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ രസീതു ബുക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് ബുക്ക് നം. | രസീത് നം. | ഉപയോഗിച്ചിരിക്കുന്ന കാലയളവ് |
|---|---|---|---|
| 1 | നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 1-100 | 17-09-2021 To 13-10-2021 |
| 2 | നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 101-200 | 13-10-2021 To 13-11-2021 |
| 3 | നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 201- 300 | 13-11-2021 To 17-12-2021 |
| 4 | നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 301- 400 | 17-12-2021 To 25-01-2022 |

*ഡേ ബുക്ക് പ്രകാരം കളക്ഷൻ തുക 18/09/2021 മുതൽ ഒടുക്ക് വരുത്തിയിരിക്കുന്നു.

17-09-2021 ന മുൻപും 25-01-2022 ശേഷവും ഉപയോഗിച്ച രസീതു ബുക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാലയളവിൽ ശ്മശാനത്തിന്റെ സേവനം ഉപയോഗിച്ചവരിൽ നിന്നും പിരിച്ചെടുത്ത തുക , ആയതിന്റെ ഒടുക്ക് വിവരം എന്നിവ സംബന്ധമായ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മുഴവൻ രസീത് ബുക്കുകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണത്തിലൂടെ (നം. 66) ആവശ്യപ്പെട്ടെങ്കിലും മറുപടിയോ ബന്ധപ്പെട്ട രേഖയോ ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം 1976500 രൂപയാണ് 2021-22 സാമ്പത്തിക വർഷം Crematorium Fees എന്ന ഇനത്തിലെ വരവ് . പൂർണ്ണമായ രേഖകളുടെ അഭാവത്തിൽ ടി തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. മുഴവൻ രസീത്ബുക്കുകളും അനുബന്ധരേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-10-3 രസീതുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല.**

ശാന്തിതീരം ശ്മശാനത്തിലെ രസീതു ബുക്കുകളിൽ ഒന്നിലും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. ഔട്ട്ഡോർ കളക്ഷൻ ബുക്ക് നം. 252 ലെ 12568 മുതൽ 12587 വരെയുള്ള രസീതുകളിലും 12595 ാം നമ്പർ രസീതിലും ഇത്തരത്തിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.ഇത് കേരള ട്രഷറി കോഡ് വോള്യം 1 ആർട്ടിക്കിൾ 90 (എ) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 66,72) മറുപടി നൽകിയിട്ടില്ല. തുടർ വർഷങ്ങളിൽ ഡബിൾ സൈഡഡ് കാർബൺ പകർപ്പുകൾ ലഭ്യമാകും വിധം രസീത്ബുക്കുകൾ ഉപയോഗിക്കേണ്ടതാണ്.

**1-10-4 ശ്മശാനത്തിന്റെ വരവിൽ 17-09-2021ന മുൻപുള്ള കളക്ഷൻ തുക മുനിസിപ്പാലിറ്റിയിൽ പൂർണ്ണമായി ഒടുക്കിയതായി ബോധ്യപ്പെട്ടിട്ടില്ല.**

ശ്മശാനത്തിന്റെ സേവനം ഉപയോഗപ്പെടുത്തുന്നവരിൽ എ.പി.എൽ വിഭാഗക്കാരിൽ നിന്നും 2100 രൂപയും ബി.പി.എൽ വിഭാഗക്കാരിൽ നിന്നും 1350 രൂപയുമാണ് ഈടാക്കുന്നത്. 2022 ജനവരി മുതൽ എ.പി.എൽ വിഭാഗക്കാർക്ക് 3100 ഉം

ബി.പി.എൽ വിഭാഗക്കാർക്ക് 2200 രൂപയുമായി നിരക്ക് പരിഷ്കരിച്ചു. 1 മുതൽ 400 വരെയുള്ള രസീതുകൾ പരിശോധിച്ചതിൽ ടി നിരക്ക് പ്രകാരമുള്ള തുക ശ്മശാനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നവരിൽ നിന്നും ഈടാക്കി മുനിസിപ്പാലിറ്റി ഫണ്ടിൽ ഒടുക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 17-09-2021ന മുൻപുള്ള കളക്ഷൻ സംബന്ധമായ രേഖകളുടെ അഭാവത്തിൽ ഈ കാലയളവിൽ ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയ തുക എത്രയാണെന്നും ഈടാക്കിയ തുക പൂർണ്ണമായും മുനിസിപ്പാലിറ്റി ഫണ്ടിൽ ഒടുക്കിയിട്ടുണ്ടോ എന്നുമുള്ള വിവരം ലഭ്യമല്ല. മുനിസിപ്പാലിറ്റിയുടെ 1-4-2021 മുതൽ 17-09-2021 വരെയുള്ള ഡേ ബുക്ക് പരിശോധിച്ചതിൽ ക്രമറ്റോറിയം ഫീസായി വിവിധ തീയതികളിൽ മുനിസിപ്പാലിറ്റി ഫണ്ടിൽ അടവാക്കിയിരിക്കുന്നത് 1600 രൂപയും 850 രൂപയും വീതമാണ്. ഇക്കാലയളവിൽ എ.പി.എൽ , ബി.പി.എൽ വിഭാഗങ്ങൾക്കായി നിശ്ചയിച്ചിരിക്കുന്ന തുകയിൽ നിന്നും 500 രൂപ കുറവ് വരുത്തി മുനിസിപ്പാലിയിൽ അടവാക്കിയിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 66/25-04-2023 ന് മറുപടി നൽകിയിട്ടില്ല. ഡേ ബുക്കിലെ ഇത്തരം ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡേ ബുക്ക് -തീയതി | രസീത് നം. | പേര് | ട്രാൻസാക്ഷൻ ടൈപ്പ് | തുക |
|---|---|---|---|---|---|
| 1 | 17/09/21 | Xxxxxx4573 | രതകുമാർ | ക്രമറ്റോറിയം ഫീസ് | 1600 |
| 2 | 17/09/21 | Xxxxxx4574 | ശ്യമളാ ദേവി | ക്രമറ്റോറിയം ഫീസ് | 850 |
| 3 | 17/09/21 | Xxxxxx4575 | കൃഷ്ണൻകുട്ടി നായർ | ക്രമറ്റോറിയം ഫീസ് | 1600 |
| 4 | 02/07/21 | Xxxxxx1739 | അനിൽകുമാർ | ക്രമറ്റോറിയം ഫീസ് | 850 |
| 5 | 02/07/21 | Xxxxxx1740 | ഏലിയാമ്മ | ക്രമറ്റോറിയം ഫീസ് | 1600 |

17/09/21 ന് മുൻപുള്ള കാലയളവിൽ നിരക്കിലെന്തെങ്കിലും വ്യത്യാസം വരുത്തിയിരുന്നോ എന്ന വിവരം ഓഡിറ്റ് എൻക്വയറി നം. 23/17-04-2023 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നിശ്ചയിച്ചിരുന്ന നിരക്കിലും കുറവ് തുക മുനിസിപ്പാലി ഫണ്ടിൽ ഒടുക്കിയിരിക്കുന്നതിന് കൃത്യമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-10-5 കളക്ഷൻ രജിസ്റ്റർ ലഭ്യമാക്കിയില്ല. തുകയുടെ ഒടുക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

ലൈബ്രറി അംഗത്വ ഫീസ് ഈടാക്കുന്നതിനായി ഉപയോഗിച്ചിരുന്ന രസീത്ബുക്ക് നം. 252 ന്റെ കളക്ഷൻ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രസീത് നൽകി ഓരോ ദിവസവും പിരിച്ചെടുത്ത തുകയുടെ അടവ് വിവരം, മുനിസിപ്പാലിറ്റിയുടെ ഡേ ബുക്കിൽ പരിശോധിച്ചെങ്കിലും രസീത് പ്രകാരം പിരിച്ചെടുത്ത തുക അതത് ദിവസമോ തൊട്ടടുത്ത ദിനങ്ങളിലോ മുനിസിപ്പാലിറ്റിയിൽ ഒടുക്ക് വരുത്തിയതായി കാണുന്നില്ല. ആയതിനാൽ രസീത് നൽകി പിരിച്ചെടുത്ത തുക മുനിസിപ്പാലിറ്റിയിൽ ഒടുക്കിയതിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. ഔട്ട് ഡോർ കളക്ഷൻ രസീത്ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം രസീത്ബുക്ക് നം. 252 കൈപ്പറ്റിയിരിക്കുന്നത് R3 സെക്ഷനിലെ ഷീബ എന്ന വ്യക്തിയാണ്. ആകെയുള്ള 50 രസീതുകളിൽ(12551-12600) 48 രസീതുകൾ വഴി 13200 രൂപ 2021-22, 2022-23 കാലയളവിൽ പിരിച്ചെടുത്തിട്ടുണ്ട്. ലൈബ്രറി അംഗത്വ ഫീസായ 275 രൂപ വീതമുള്ള തുകയാണ് ടി രസീതുകൾ വഴി പിരിച്ചെടുത്തിരിക്കുന്നത്. (275x48= 13200). 2 രസീതുകൾ ക്യാൻസൽ ചെയ്തിരിക്കുന്നു. അംഗത്വ ഫീസായി പിരിച്ചെടുത്ത ടി തുകയുടെ ഒടുക്ക് വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം . 72/27.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് പ്രകാരം പിരിച്ചെടുത്ത തുകകൾ മുനിസിപ്പാലിറ്റി ഫണ്ടിൽ അടവാക്കിയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ടി തുക ഈടാക്കി ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10-6 ഒരേ രസീത് ബുക്ക് ഒന്നിലധികം സാമ്പത്തിക വർഷം ഉപയോഗിക്കുന്നു

രസീത്ബുക്ക് നം. 252 ലെ രസീതുകൾ 2021-22 സാമ്പത്തിക വർഷത്തിലും 2022-23 സാമ്പത്തിക വർഷത്തിലും ഉപയോഗിച്ചിട്ടുണ്ട്. 12551 മുതൽ 12556 വരെയുള്ള രസീതുകൾ 2021-22 സാമ്പത്തിക വർഷത്തിലും 12557 മുതൽ 12600 വരെയുള്ള രസീതുകൾ 2022-23 സാമ്പത്തിക വർഷത്തിലുമാണ് ഉപയോഗിച്ചിരിക്കുന്നത്. തനത് സാമ്പത്തിക വർഷത്തെ ഉപയോഗ ശേഷം ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്യാതെ തൊട്ടടുത്ത സാമ്പത്തിക വർഷവും ഉപയോഗത്തിലെടുത്തത് സംബന്ധിച്ച് യാതൊരുവിധ സാക്ഷ്യപ്പെടുത്തലും 2021-22 സാമ്പത്തിക വർഷത്തെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. കൃത്യമായ രേഖപ്പെടുത്തൽ നടത്തി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം . 72/ 27-04-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 ലൈബ്രറിയുടെ വരവുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

റസീപ്റ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം Receipts From Libraries എന്ന ഇനത്തിൽ 11000 രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി വരവുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ലൈബ്രറിയുടെ അംഗത്വ ഫീസ് ഈടാക്കുന്നതിനായി ഉപയോഗിച്ചിരുന്ന രസീത്ബുക്ക് നം. 252 മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 12551 മുതൽ 12556 വരെയുള്ള രസീതുകൾ മാത്രമാണ് ടി ബുക്കിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ചിരിക്കുന്നത്. 1650 രൂപയാണ് ഈ രസീതുകൾ വഴി 2021-22 ൽ പിരിച്ചെടുത്ത ആകെ തുക (275x6). ലൈബ്രറിയുടെ വരവുമായി ബന്ധപ്പെട്ട മുഴുവൻ രേഖയും ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/17-04-2023 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ലൈബ്രറി വരവിന്റെ കൃത്യത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. പൂർണ്ണമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്

## 1-12 ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-12-1 ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

നെടുമങ്ങാട് മുനിസിപ്പാലിറ്റി പരിധിയിൽ നിലവിലുള്ളതും പുതുതായി ആരംഭിച്ചതുമായ വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കുന്നതിലേക്കായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 68 ന് മറുപടി നൽകുകയോ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ മാത്രം വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിരിക്കുന്ന ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്ന രീതിയാണ് അനുവർത്തിച്ച് വരുന്നത്. ലൈസൻസ് എടുക്കാതെ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളുടെ വിവരം ടി രജിസ്റ്ററുകളിൽ ലഭ്യമല്ല. ഓരോ വാർഡിലും പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങളെയും സംബന്ധിക്കുന്ന പൂർണ്ണമായ വിവരത്തിന്റെ അഭാവത്തിൽ മുനിസിപ്പാലിറ്റി പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തുക സാധ്യമല്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്നതിനാലും ലൈസൻസ് ഫീസിനത്തിലുള്ള വരുമാനം കുറയും എന്നതിനാലും മുനിസിപ്പാലിറ്റി പരിധിയിലെ മുഴുവൻ വാണിജ്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

### 1-12-2 റേഷൻകടകൾ ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക II-ൽ ക്രമ നമ്പർ 54 പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. എന്നാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. മാത്രമല്ല, റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 68/25.04.23, 70/27.04.23 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-12-3 ജിംനേഷ്യങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല

രജിസ്റ്ററുകളിൽ ജിംനേഷ്യങ്ങൾക്ക് ലൈസൻസ് അനുവദിച്ച് നൽകിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല. മുനിസിപ്പാലിറ്റി പരിധിയിൽ ജിംനേഷ്യങ്ങൾ ഒന്നും തന്നെ ലൈസൻസ് ഇല്ലാതെ പ്രവൃത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന വിവരം ഓഡിറ്റ് എൻക്വയറി നം. 68 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കേണ്ടതായുണ്ട്. പ്രസ്തുത ആക്ട് പ്രകാരമുള്ള ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന

ജിംനേഷ്യങ്ങൾക്ക് ലൈസൻസ് നേടാൻ നിർദ്ദേശിച്ച് നോട്ടീസ് നൽകേണ്ടതാണ്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കുക.

## 1-12-4 നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 437 പ്രകാരം നഗരസഭയിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭ നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് അനുവദിച്ച് നൽകിയതുമായി ബന്ധപ്പെട്ട യാതൊരുവിധ രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 800 രൂപ മാത്രമാണ് 2021-22 വർഷത്തേയ്ക്ക് നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നൽകിയത് വഴിയുള്ള വരവ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 68 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റി പരിധിയിലെ മുഴുവൻ വളർത്ത് നായ്ക്കൾക്കും 08.08.2021 ലെ ആർ.സി3/241/2021/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വളർത്തു നായകൾക്ക് വാക്സിനേഷൻ നൽകുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്നുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്.

## 1-13 വാടക ഇനത്തിലെ കുടിശ്ശികയായ 2885185 രൂപ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ വാടക ഇനത്തിൽ ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വാടക രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന വ്യക്തികളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ വാടക തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല

| ക്രമ നം. | വാടകക്കാരന്റെ പേര് | കടമുറി നം. | രജിസ്റ്ററിലെ പേജ് നം. | പ്രതിമാസ വാടക | വാടക ഒടുക്കാൻ അവശേഷിക്കുന്ന മാസങ്ങൾ | കുടിശ്ശിക | |
|---|---|---|---|---|---|---|---|
| 1 | നസീമുദ്ദീൻ | 14/424 | 8 | 13632 | 2021 ആഗസ്റ്റ് മുതൽ 2022 മാർച്ച് വരെ | 13632x8 | 109056 |
| 2 | കെ. എസ്. നജുമുദ്ദീൻ | 14/425 | 9 | 6508 | 2021 ഡിസംബർ മുതൽ 2022 മാർച്ച് വരെ | 6508x4 | 26032 |
| 3 | എസ്.എസ് . സഫീർ | 14/428 | 12 | 8876 | 2021 ഒക്ടോബർ മുതൽ 2022 മാർച്ച് 31 വരെ | 8876x 6 | 53256 |
| 4 | അബ്ദുൾ റഷീദ് | 14/429 | 13 | 6349 | 2022 ഫെബ്രുവരി , മാർച്ച് | 6349x2 | 12698 |
| 5 | കോമളവല്ലി | 14/431 | 15 | 6349 | 2021 ഡിസംബർ മുതൽ 2022 മാർച്ച് വരെ | 6349x4 | 25396 |
| 6 | മുനീർ | 14/432 | 16 | 6349 | 2022 ഫെബ്രുവരി , മാർച്ച് | 6349x2 | 12698 |
| 7 | ജെ. ആർ വിനു | 14/433 | 17 | 7105 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 7105x12 | 85260 |
| 8 | സലീൽ ഖാൻ | 14/434 | 18 | 14561 | 2021 ഏപ്രിൽ മുതൽ 2022 | 14561x12 | 174732 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | മാർച്ച് വരെ | | |
| 9 | യാസിർ എൻ സുലൈമാൻ | 14/435 (1) | 19 | 3330 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 3330 X 12 | 39960 |
| 10 | ജെ. ആർ. വിനു | 14/437 | 21 | 7590 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 7590 X 12 | 91080 |
| 11 | ഫാത്തിമ ഷാഫി | 14/437 (5) | 24 | 5046 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 5046 X 12 | 60552 |
| 12 | ഷജീർ എസ് | 14/436 (4) | 25 | 11321 | 2021 ആഗസ്റ്റ് മുതൽ 2022 മാർച്ച് വരെ | 11321 X 8 | 90568 |
| 13 | ഫാത്തിമ ഷാഫി | 14/436(3) | 26 | 7713 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 7713 X 12 | 92556 |
| 14 | നജ്മുദ്ദീൻ | 14/436 (2) | 27 | 5211 | 2022 ജനുവരി മുതൽ 2022 മാർച്ച് വരെ | 5211 X 3 | 15633 |
| 15 | സെക്രട്ടറി, വെജ് ഫാമിംഗ് മാർക്കറ്റിംഗ് സൊസൈറ്റി | 14/440 | 29 | 11367 | 2021 ആഗസ്റ്റ് മുതൽ 2022 മാർച്ച് വരെ | 11367 X 8 | 90936 |
| 16 | നസിം എ | 14/438 | 30 | 10421 | 2022 ജനുവരി മുതൽ 2022 മാർച്ച് വരെ | 10421 X 3 | 31263 |
| 17 | സെക്രട്ടറി, താലൂക്ക് ടെക്. എഡ്യൂ. സൊസൈറ്റി | 14/439(2) | 31 | 3184 | 2021 ജൂൺ മുതൽ 2022 മാർച്ച് വരെ | 3184 X 10 | 31840 |
| 18 | കമാലുദ്ദീൻ | 14/442 | 33 | 2800 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 2800 X 12 | 33600 |
| 19 | പ്രഭാകരൻ | 14/444 | 35 | 2418 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 2418 X 12 | 29016 |
| 20 | ഷജീർ | 14/446 | 36 | 2165 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 2165 X 12 | 25980 |
| 21 | സിദ്ദിഖ് | 14/447 | 37 | 2459 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 2459 X12 | 29508 |
| 22 | നാസർ | 14/448 | 38 | 2483 | 2021 ജൂൺ മുതൽ 2022 മാർച്ച് വരെ | 2483x10 | 24830 |
| 23 | സലാഹുദ്ദീൻ | 14/449 | 39 | 2563 | 2021 ജൂൺ | 2563x10 | 25630 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | മുതൽ 2022 മാർച്ച് വരെ | | |
| 24 | ബദറുദ്ദീൻ | 14/450 | 40 | 2547 | 2021 ജൂൺ മുതൽ 2022 മാർച്ച് വരെ | 2547x10 | 25470 |
| 25 | മാഹീൻ | 14/453 | 43 | 2470 | 2021 ജൂൺ മുതൽ 2022 മാർച്ച് വരെ | 2470x10 | 24700 |
| 26 | ഹാജ | 14/455 | 44 | 2486 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 2486x12 | 29832 |
| 27 | ഫാത്തിമ ഷാഫി | 14/456 | 45 | 2423 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 2423x12 | 29076 |
| 28 | സുധീർ | 14/457 | 46 | 3081 | 2022 ജനവരി മുതൽ 2022 മാർച്ച് വരെ | 3081x3 | 9243 |
| 29 | വഹാബ് | 14/461 | 49 | 2407 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 2407x12 | 28884 |
| 30 | യാഗമ്മ | 14/462 | 50 | 2407 | 2021 ഡിസംബർ മുതൽ 2022 മാർച്ച് വരെ | 2407x4 | 9628 |
| 31 | നവാസ് ഖാൻ | 14/463 | 51 | 3081 | 2021 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ | 3081x7 | 21567 |
| 32 | മാഹീൻ കണ്ണ് | 14/463 (1) | 52 | 8405 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 8405x12 | 100860 |
| 33 | ജയശ്രീ പി | 14/406 | 56 | 3779 | 2022 ഫെബ്രുവരി , മാർച്ച് | 3779x2 | 7558 |
| 34 | അയ്യപ്പൻ | 14/407 | 57 | 3779 | 2021 നവംബർ മുതൽ 2022 മാർച്ച് വരെ | 3779x5 | 18895 |
| 35 | സെക്രട്ടറി, INTUCC | 14/418 | 61 | 317 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 317x12 | 3804 |
| 36 | സെക്രട്ടറി, സി.പി.ഐ ഓഫീസ് | 14/404 | 63 | 334 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 334x12 | 4008 |
| 37 | സെക്രട്ടറി, സി. ഐ.റ്റി. യു ഓഫീസ് | 14/410 | 64 | 334 | 2021 നവംബർ മുതൽ 2022 മാർച്ച് വരെ | 334x5 | 1670 |
| 38 | സുബ്രമണ്യ പിള്ള | 14/415 | 69 | 1807 | 2021 നവംബർ മുതൽ 2022 | 1807x5 | 9035 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | മാർച്ച് വരെ | | |
| 39 | ബദറുദ്ദീൻ | 14/405 (381) | 70 | 629 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 629x12 | 7548 |
| 40 | ബദറുദ്ദീൻ | 14/405 (382) | 71 | 629 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 629x12 | 7548 |
| 41 | ജയശ്രീ | 14/405 (384) | 73 | 629 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 629x12 | 7548 |
| 42 | ജയശ്രീ | 14/405 (385) | 74 | 629 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 629x12 | 7548 |
| 43 | അബ്ദുൾ ഖാദർ | 14/405 (SS10) | 76 | 629 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 629x12 | 7548 |
| 44 | ഹാഷിം | 14/404 C9 | 78 | 774 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 774x 12 | 9288 |
| 45 | കോമളം | 14/404 C10 | 79 | 774 | 2021 ജൂലൈ മുതൽ 2022 മാർച്ച് വരെ | 774x 9 | 6966 |
| 46 | ഷാഹുൽ ഹമീദ് | 14/404 11 | 80 | 774 | 2021 ജൂലൈ മുതൽ 2022 മാർച്ച് വരെ | 774x9 | 6966 |
| 47 | ശോഭ | 14/404 C12 | 81 | 774 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 774x12 | 9288 |
| 48 | രാജമ്മാൾ ചന്ദ്രിക | 14/404 C16 | 85 | 774 | 2022 ജനുവരി മുതൽ മാർച്ച് വരെ | 774x3 | 2322 |
| 49 | കുട്ടപ്പൻ | 14/404 C17 | 86 | 774 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 774x 12 | 9288 |
| 50 | മുഹമ്മദ് റാഫി | 14/404 C18 | 87 | 813 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 813x 12 | 9756 |
| 51 | അബ്ദുൾ ജബീൽ | 14/404 C20 | 89 | 774 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 774x 12 | 9288 |
| 52 | നബീസ ബീവി | 14/404 C21 | 90 | 774 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 774x 12 | 9288 |
| 53 | പീരു മുഹമ്മദ് | 14/305 (1) | 91 | 13381 | 2021 സെപ്റ്റംബർ | 13381x7 | 93667 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | മുതൽ 2022 മാർച്ച് വരെ | | |
| 54 | സൈനുദ്ദീൻ | 14/305 (5) | 93 | 5913 | 2021 ഒക്ടോബർ മുതൽ 2022 മാർച്ച് വരെ | 5913x6 | 35478 |
| 55 | സുഹാന ബീവി | 14/305 (8) | 95 | 5913 | 2021 ഒക്ടോബർ മുതൽ 2022 മാർച്ച് വരെ | 5913x6 | 35478 |
| 56 | മുഹമ്മദ് ഷാഫി | 14/305(14) | 100 | 2501 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 2501x12 | 30012 |
| 57 | സിദ്ദിഖ് | 14/305(23) | 109 | 2503 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 2503x12 | 30036 |
| 58 | ഷാഫി | 14/404 C22 | 110 | 862 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 862x12 | 10344 |
| 59 | ലത്തീഫ ബീവി | 14/404 C23 | 111 | 774 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 774x12 | 9288 |
| 60 | ദിൽഷാദ് | 14/404 C24 | 112 | 774 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 774x12 | 9288 |
| 61 | റാഹില ബീവി | 14/404 C25 | 113 | 781 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 781x12 | 9372 |
| 62 | സുലേഖ ബീവി | 14/404 C26 | 114 | 774 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 774x12 | 9288 |
| 63 | ജയകുമാർ | 28/130 | 119 | 939 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 939x12 | 11268 |
| 64 | സെക്രട്ടറി സി.പി.ഐ.എം | 28/130(6) | 121 | 1288 | 2022 ജനവരി മുതൽ മാർച്ച് വരെ | 1288x3 | 3864 |
| 65 | ആരോമൽ വി. എൽ | 24/352(3) | 123 | 1084 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 1084x12 | 13008 |
| 66 | ബൈജു | 23/302 (17,18,19) | 129 | 2948 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 2948x12 | 35376 |
| 67 | പ്രസന്നൻ | 23/302 (16) | 130 | 983 | 2021 മെയ് മുതൽ 2022 മാർച്ച് വരെ | 983x11 | 10813 |
| 68 | രാജ്കുമാർ | 23/302 (9) | 131 | 983 | 2021 ഒക്ടോബർ മുതൽ 2022 | 983x6 | 5898 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | മാർച്ച് വരെ | | |
| 69 | രാജു | 23/302 (11) | 133 | 1019 | 2021 മെയ് മുതൽ 2022 മാർച്ച് വരെ | 1019x 11 | 11209 |
| 70 | ശ്രീജിത്ത് | 23/302(12) To (15) | 134 | 3932 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 3932x12 | 47184 |
| 71 | സ്റ്റാൻലി | ബങ്ക് 41 | 137 | 1243 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 1243x12 | 14916 |
| 72 | സിന്ധു | ബങ്ക് 1 | 144 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 73 | മോഹനൻ | ബങ്ക് നം. 2 | 145 | 750 | 2021 ഡിസംബർ മുതൽ 2022 മാർച്ച് വരെ | 750x4 | 3000 |
| 74 | ഹാഷിം | ബങ്ക് നം. 3 | 146 | 750 | 2021 ഒക്ടോബർ മുതൽ 2022 മാർച്ച് വരെ | 750x6 | 4500 |
| 75 | ഹമീദ് | ബങ്ക് നം. 4 | 147 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 76 | മിഗ്ദാദ് | ബങ്ക് നം. 5 | 148 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 77 | ഇബ്രാഹിം കുഞ്ഞ് | ബങ്ക് നം. 6 | 149 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x 12 | 9000 |
| 78 | സുകു | ബങ്ക് നം. 9 | 152 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 79 | വിദ്യാധരൻ | ബങ്ക് നം. 10 | 153 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 80 | തൻസീർ | ബങ്ക് നം. 11 | 154 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 81 | ജോയ് | ബങ്ക് നം. 12 | 155 | 750 | 2021 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ | 750x7 | 5250 |
| 82 | ബാലകൃഷ്ണൻ | ബങ്ക് നം. 13 | 156 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x 12 | 9000 |
| 83 | Sadarudeen | ബങ്ക് നം. 14 | 157 | 750 | 2021 ഏപ്രിൽ മുതൽ 2022 | 750x12 | 9000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | മാർച്ച് വരെ | | |
| 84 | റഹിം | ബങ്ക് നം. 15 | 158 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 85 | ഷിഹാബ് | ബങ്ക് നം. 16 | 159 | 750 | 2021 ജൂൺ മുതൽ 2022 മാർച്ച് വരെ | 750x10 | 7500 |
| 86 | മുഹമ്മദ് മാലിക് | ബങ്ക് നം. 17 | 160 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 87 | അബ്ദുൾ റഷീദ് | ബങ്ക് നം. 18 | 161 | 750 | 2021 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ | 750x 7 | 5250 |
| 88 | സലിം | ബങ്ക് നം.19 | 162 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 89 | അജി സി | ബങ്ക് നം. 20 | 163 | 750 | 2022 ജനുവരി മുതൽ മാർച്ച് വരെ | 750x3 | 2250 |
| 90 | അബ്ദുൾ റഹിം | ബങ്ക് നം. 21 | 164 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 91 | സന്തോഷ് | ബങ്ക് നം. 22 | 165 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 92 | ഷംനാദ് | ബങ്ക് നം. 23 | 166 | 750 | 2022 ജനുവരി മുതൽ മാർച്ച് വരെ | 750x3 | 2250 |
| 93 | കൃഷ്ണൻകുട്ടി | ബങ്ക് നം. 24 | 167 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 94 | ഋഷികേശൻ | ബങ്ക് നം. 25 | 168 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 95 | ബഷീർ | ബങ്ക് നം. 26 | 169 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 96 | സുശീലൻ | ബങ്ക് നം. 27 | 170 | 750 | 2021 ആഗസ്റ്റ് മുതൽ 2022 മാർച്ച് വരെ | 750x8 | 6000 |
| 97 | രതീശൻ | ബങ്ക് നം. 28 | 171 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x12 | 9000 |
| 98 | രവീന്ദ്രൻ നായർ | ബങ്ക് നം. 1- ടൗൺ | 172 | 750 | 2021 ഏപ്രിൽ മുതൽ 2022 | 750x12 | 9000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | യു.പി.എസ് | | | മാർച്ച് വരെ | | |
| 99 | മണിയൻ | ബങ്ക് നം. 2 | 173 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750 X 12 | 9000 |
| 100 | ഷംസുദ്ദീൻ | ബങ്ക് നം. 3 | 174 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x 12 | 9000 |
| 101 | സുന്ദരേശൻ | ബങ്ക് നം. 4 | 175 | 750 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 750x 12 | 9000 |
| 102 | പോസ്റ്റ് ഓഫീസ് | രേഖപ്പെടുത്തിയിട്ടില്ല | 178 | 551 | 2021 ആഗസ്റ്റ് മുതൽ 2022 മാർച്ച് വരെ | 551x 8 | 4408 |
| 103 | ടൗൺ ഹോട്ടൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | F18 To F 21 | 180 | 20520 | 2021 മെയ് മുതൽ 2022 മാർച്ച് വരെ | 20520x11 | 225720 |
| 104 | നബീസത്ത് ബീവി | G11,12,13 | 181 | 17544 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 17544x 12 | 210528 |
| 105 | സപ്ലൈക്കോ പീപ്പിൾസ് ബസാർ | G16 To G 31, 35 | 184 | 46621 | 2022 ഫെബ്രുവരി, മാർച്ച് | 46621x2 | 93242 |
| 106 | ബിന്ദു | F11 | 186 | 5000 | 2022 ഫെബ്രുവരി, മാർച്ച് | 5000x2 | 10000 |
| 107 | രാജീവ് കുമാർ | G15 | Reg 2, Pge -7 | 7000 | 2021 നവംബർ മുതൽ 2022 മാർച്ച് വരെ | 7000x5 | 35000 |
| | | | | | | **ആകെ** | **28,85,185** |

2021-22 സാമ്പത്തിക വർഷത്തെ തുക മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധമായ യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടും എന്തെങ്കിലും തരത്തിലുള്ള ഇളവുകൾ വാടകയിനത്തിൽ അടവാക്കേണ്ട തുകയിൽ നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 64/25.04.23 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കുടിശ്ശിക വരുത്തിയ വാടകക്കാരിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടുള്ള കരാർ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല. വാടക ഇനത്തിലെ ഭീമമായ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കൃത്യമായ നടപടികൾ മുനിസിപ്പാലിറ്റിയുടെ ഭാഗത്ത് നിന്നുമുണ്ടായിട്ടില്ല. ലഭ്യമാകേണ്ട തുകകൾ പൂർണ്ണമായി പിരിച്ചെടുക്കുന്നതിലെ വീഴ്ച മുനിസിപ്പാലിറ്റിയിലെ തനത് വരുമാനത്തെ ഗുരുതരമായി ബാധിക്കുന്നതായി ഓഡിറ്റ് വീക്ഷിക്കുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

2. . പരിമിതമായ വിവരങ്ങൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ള വാടക രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. വാടക തുക ഈടാക്കിയതായി രേഖപ്പെടുത്തി രസീത് നമ്പറും (Outdoor Collection Receipt And Front Office Collection Receipt) തീയതിയും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈടാക്കിയ തുക എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

3. രജിസ്റ്ററുകളിൽ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തുകയോ ഡിമാന്റ്- കളക്ഷൻ-ബാലൻസ് സ്റ്റേറ്റ്മെന്റ് എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

4. ടൗൺ ഹാളിലെ കടമുറികൾ ലേലം ചെയ്ത് നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടൗൺ ഹാളിൽ 69 കടമുറികൾ ഉണ്ടെങ്കിലും പലതും ഇപ്പോൾ ഒഴിഞ്ഞ് കിടക്കുന്നത് മൂലം മുനിസിപ്പാലിറ്റിക്ക് നഷ്ടം സംഭവിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഹാജരാക്കിയ ഫയലിൽ (117/2019) 2019-20 , 2020-21, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ കടമുറികൾ ലേലം ചെയ്ത് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ ക്രമരഹിതമായി സൂക്ഷിച്ചിരിക്കുന്നതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ കടമുറികൾ ലേലം ചെയ്ത് നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ കൃത്യത ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയ കടമുറികളുടെ എണ്ണം, കമ്മിറ്റി തീരുമാനം അനുസരിച്ച് വാടക ഒഴിവാക്കി സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള കടമുറികളുടെ എണ്ണം , ഒഴിഞ്ഞ് കിടന്നിരുന്ന കടമുറികളുടെ എണ്ണം എന്നീ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം. 64/25.04.23 വഴി ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് തുടർ നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245 പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പിന്റെയും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ, നഗരസഭയുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു

## 1-14-1 നിശ്ചിത മാതൃകയിലുള്ള ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല

1994 ലെ മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 257 ൽ സെക്രട്ടറി 253-ാം വകുപ്പ് (2)- ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതായി നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിന് പകരം മുനിസിപ്പാലിറ്റി പരിധിയിലെ സ്ഥാപനങ്ങളുടെ പേരും ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുമ്പോൾ അടവാക്കുന്ന ആകെ തുകയും ബന്ധപ്പെട്ട രസീത് നമ്പരും മാത്രമാണ് രേഖപ്പെടുത്തുന്നത്. ഓരോ സ്ഥാപനത്തിലെയും ജീവനക്കാരുടെ എണ്ണം, ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം, ഓരോ ജീവനക്കാരനും സ്ഥാപന മേധാവിയും ഒടുക്കേണ്ട തൊഴിൽ നികുതി (ഡിമാന്റ് തുക ) , ഓരോ ജീവനക്കാരനും സ്ഥാപന മേധാവിയും ഒടുക്കിയ തൊഴിൽ നികുതി (കളക്ഷൻ തുക )എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല . ഓരോ സ്ഥാപനത്തിൽ നിന്നുമുള്ള കളക്ഷൻ തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി രജിസ്റ്ററിൽ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് രജിസ്റ്റർ പരിപാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 70 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർണ്ണമായ വിവരങ്ങൾ നിശ്ചിത മാതൃകയിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 1-14-2 മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്തതായി കാണുന്നു. നികുതി ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഒടുക്കിയിട്ടില്ലാത്ത അർദ്ധ വർഷം | റിമാർക്കസ് |
|---|---|---|---|---|
| 1 | 5 | LMA, LPS. നെടുമങ്ങാട് | I | രണ്ടാം അർദ്ധ വർഷത്തെ തൊഴിൽനികുതിയായി 6000 രൂപ അടവാക്കിയിരിക്കുന്നു. |
| 2 | 11 | ഗവ.വി.എച്ച്.എസ്.എസ് & ബി. എച്ച്.എസ് മഞ്ച | I,II | |
| 3 | 16 | ഗുഡ് സാനി പബ്ലിക് സ്കൂൾ | I,II | |
| 4 | 17 | ബി.സി.വി. പബ്ലിക് സ്കൂൾ | I,II | |
| 5 | 18 | ആർഷ ഭാരതി സെൻട്രൽ സ്കൂൾ | I,II | |
| 6 | 19 | ഗവ. മോഡൽ നഴ്സറി നെടുമങ്ങാട് | II | 1250 രൂപ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയായി അടവാക്കിയിരിക്കുന്നു |

| | | | | |
|---|---|---|---|---|
| 7 | 20 | നഴ്സറി സ്കൂൾ കാരുണ്യ | I,II | |
| 8 | 25 | ഗവ. പോളി ടെക്നിക് കോളേജ് | II | 1250+75500+1250 രൂപ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായി അടവാക്കിയിരിക്കുന്നു |
| 9 | 35 | സബ് രജിസ്ട്രാർ ഓഫീസ് , നെടുമങ്ങാട് | I | 11250+750 രൂപ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായി അടവാക്കിയിരിക്കുന്നു |
| 10 | 36 | ടൗൺ എംപ്ലോയ്മെന്റ് ഓഫീസ്, നെടുമങ്ങാട് | II | 15750 രൂപ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയായി അടവാക്കിയിരിക്കുന്നു |
| 11 | 37 | അസി. എഞ്ചിനീയർ മൈനർ ഇറിഗേഷൻ | I | 1250+3750 രൂപ രണ്ടാം അർദ്ധ വർഷത്തെതൊഴിൽ നികുതിയായി അടവാക്കിയിരിക്കുന്നു |
| 12 | 38 | ഇൻസ്പെക്ടർ, ലീഗൽ മെട്രോളജി | II | 4500 രൂപ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയായി അടവാക്കിയിരിക്കുന്നു |
| 13 | 44 | വില്ലേജ് ഓഫീസ്, നെടുമങ്ങാട് | I, II | |
| 14 | 45 | വില്ലേജ് ഓഫീസ്, കരിപ്പൂർ | I, II | |
| 15 | 48 | അസി. എഞ്ചിനീയർ VIP സെക്ഷൻ | I, II | |
| 16 | 49 | കൃഷി ഭവൻ | I | 7750 രൂപ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയായി അടവാക്കിയിരിക്കുന്നു |
| 17 | 50 | സബ് ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസ് | I, II | |
| 18 | 52 | അസി. ഡയറക്ടർ, നെടുമങ്ങാട് അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റ് | II | 7750 രൂപ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയായി അടവാക്കിയിരിക്കുന്നു |
| 19 | 54 | ക്ഷീര വികസന ഓഫീസ് | I,II | |
| 20 | 55 | അസി. പ്രോജക്ട് ഓഫീസർ, റീജിയണൽ അനിമൽ ഹസ്ബൻഡറി സെന്റർ | I,II | |
| 21 | 59 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് | II | 13750+3750+1250+1250+1000 രൂപ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയായി അടവാക്കിയിരിക്കുന്നു |
| 22 | 61 | ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണി | I | 8500 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 23 | 63 | അസി. ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ | I,II | |
| 24 | 75 | അർബൻ പി. എച്ച് സെന്റർ | I,II | |
| 25 | 76 | ഗവ. ഹോസ്പിറ്റൽ 108 ആംബുലൻസ് സ്റ്റാഫ് | I,II | |
| 26 | 77 | ഗവ. ഹോസ്പിറ്റൽ 108 ആംബുലൻസ് സർവ്വീസ് | I,II | |
| 27 | 78 | നാഷണൽ ഹെൽത്ത് മിഷൻ ഡി.പി.എം ഓഫീസ് തിരുവനന്തപുരം | I,II | |
| 28 | 79 | ഡിസ്ട്രിക്ട് ഹെഡ് ക്വാട്ടേഴ്സ് ഹോസ്പിറ്റൽ, നെടുമങ്ങാട് | I,II | |
| 29 | 83 | എസ്. യു. റ്റി ഹോസ്പിറ്റൽ | I,II | |
| 30 | 87 | ആയുർവ്വേദ ഹോസ്പിറ്റൽ, നെടുമങ്ങാട് | I,II | |
| 31 | 94 | കെ. എസ്. ഇ. ബി 110 KV സബ് സ്റ്റേഷൻ | I,II | |
| 32 | 95 | വാർഡൻ, പ്രീ മെട്രിക് ഹോസ്റ്റൽ (ഗേൾസ്) | I,II | |
| 33 | 100 | ഇൻഡ്യൻ അസോസിയേഷൻ ഓഫ് സേവിംഗ്സ് ആൻഡ് ക്രഡിറ്റ് | I,II | |
| 34 | 101 | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് (Main Branch) | I | 10000+1250 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 35 | 113 | കോർപ്പറേഷൻ ബാങ്ക് , വാളിക്കോട് | I,II | |
| 36 | 115 | സിൻഡിക്കേറ്റ് ബാങ്ക് | I,II | |
| 37 | 116 | നെടുമങ്ങാട് ഡിസ്ട്രിക്ട് കോ- ഓപ്പറേറ്റീവ് ബാങ്ക് | I,II | |
| 38 | 139 | Delhivery (E – Commerce) | I,II | |
| 39 | 153 | Nabfins Ltd. രോഹിണി ടവർ | I | 750+1250 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |

| | | | | |
|---|---|---|---|---|
| 40 | 155 | റിലൈൻസ് SMSL ലിമിറ്റഡ് | I | 1250+2250 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 41 | 157 | റിലൈൻസ് കോർപ്പറേറ്റഡ് ഐ.റ്റി പാർക്ക് ലിമിറ്റഡ് | II | 4000 രൂപ ഒന്നാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 42 | 158 | റിലൈൻസ് ജിയോ | I,II | |
| 43 | 165 | കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി | I,II | |
| 44 | 167 | നെടുമങ്ങാട് താലൂക്ക് ബിൽഡിംഗ് വർക്കേഴ്സ് വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി | I,II | |
| 45 | 170 | നെടുമങ്ങാട് താലൂക്ക് വെജിറ്റബിൾ ഫാം ആൻഡ് മാർക്കറ്റിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | I,II | |
| 46 | 171 | തിരുവനന്തപുരം ഡിസ്ട്രിക്ട് മർച്ചന്റ് ലേബർ കോ- ഓപ്പറേറ്റീവ് സൊസൈറ്റി | I,II | |
| 47 | 173 | സർക്കിൾ കോ- ഓപ്പറേറ്റീവ് യൂണിയൻ ഓഫീസ്, റെവന്യൂ ടവർ | II | 1250 രൂപ ഒന്നാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 48 | 177 | ഗവ. എംപ്ലോയീസ് വെൽഫെയർ സൊസൈറ്റി | I | 1250+17500 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 49 | 179 | കരിപ്പൂർ വെൽഫെയർ കോ- ഓപ്പറേറ്റീവ് സൊസൈറ്റി | I, II | |
| 50 | 200 | പോസ്റ്റ് ഓഫീസ്, മുക്കോലക്കൽ | I | 1500 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 51 | 201 | പോസ്റ്റ് ഓഫീസ്, വലിയമല | I | 1250+1000+750 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 52 | 202 | പോസ്റ്റ് ഓഫീസ് കരിപ്പൂർ | I | 2250 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 53 | 203 | പോസ്റ്റ് ഓഫീസ് മഞ്ച | I | 2250 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 54 | 204 | പോസ്റ്റ് ഓഫീസ് പൂവത്തൂർ | I | 1750 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 55 | 205 | പോസ്റ്റ് ഓഫീസ് ഇരിഞ്ചയം | I | 2000 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 56 | 206 | പോസ്റ്റ് ഓഫീസ് മണ്ണൂർക്കോണം | I | 1500 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 57 | 207 | പോസ്റ്റ് ഓഫീസ് പഴകുറ്റി | I | 6000 രൂപ രണ്ടാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 58 | 212 | കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ | I,II | |
| 59 | 217 | കുടംബശ്രീ നെടുമങ്ങാട് മുനിസിപ്പാലിറ്റി | II | 1650 രൂപ ഒന്നാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 60 | 221 | തഹസിൽദാർ & എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് | I,II | |
| 61 | 237 | ഗോപിനാഥൻസ് ഡയഗ്നോസ്റ്റിക് സർവ്വീസ് | I | 18400+1250 രൂപ രണ്ടാം അർദ്ധവാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 62 | 241 | റബ്ബർ ബോർഡ് റീജിയണൽ ലാബ് | I,II | |
| 63 | 242 | റബ്ബർ ബോർഡ് ഫിനാൻസ് ആൻഡ് അക്കൗണ്ട് ഡിപ്പാർട്ട്മെന്റ് | I,II | |
| 64 | 249 | ടൗൺ ഹോട്ടൽ കോ ഓപ്പറേറ്റീവ് സംഘം മുനിസിപ്പൽ ടൗൺ ഹാൾ | I,II | |
| 65 | 262 | ടീം ലീസ് സർവ്വീസ് ലിമിറ്റഡ് | I,II | |
| 66 | 263 | ആരാധനാ ഗിഫ്റ്റ് ആൻഡ് ഫാൻസി | I,II | |
| 67 | 265 | യു. എ. ഇ എക്സ്ചേഞ്ച് , നെടുമങ്ങാട് | I,II | |
| 68 | 266 | RAIC പ്രോജക്ട് ഓഫീസ് | I,II | |
| 69 | 272 | കല്ല്യാൺ ജ്വല്ലേഴ്സ് മിനി സ്റ്റോർ | II | 3300+1250 രൂപ ഒന്നാം അർദ്ധ വാർഷിക നികുതിയായി അടവാക്കിയിരിക്കുന്നു |
| 70 | 274 | സൂര്യ പാരഡൈസ് തിയേറ്റർ | I,II | |
| 71 | 275 | സൂര്യ സിനി ഹൗസ് | I,II | |

| | | | | |
|---|---|---|---|---|
| 72 | 277 | റാണി തിയേറ്റർ | I,II | |
| 73 | 278 | ഹാജിറാസ് വെഡിംഗ് സെന്റർ | I,II | |
| 74 | 279 | ലാംസി വെഡിംഗ് സെന്റർ | I,II | |
| 75 | 280 | ആര്യ വെഡിംഗ് സെന്റർ | I,II | |
| 76 | 286 | ഹെർക്കുലീസ് ഓട്ടോ മൊബൈൽസ് പ്രൈവറ്റ് ലിമിറ്റഡ് | I,II | |
| 77 | 289 | മഹിന്ദ്ര & മഹീന്ദ്ര, വാളികോട് | I,II | |
| 78 | 297 | നെറ്റ് എഞ്ചിനീയറിംഗ് ടെക് | I,II | |

സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 70/27.04.23 ന് മറുപടി നൽകിയിട്ടില്ല. നികുതി ഈടാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് മേൽ പട്ടികയിൽ ഉൾപ്പെട്ട എസ്.യു.റ്റി ഹോസ്പിറ്റലിലെ (ക്രമ നം. 29) ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പിന്നീട് ഹാജരാക്കിയെങ്കിലും ടി സ്ഥാപനം തൊഴിൽ നികുതി ഒടുക്കിയതിന്റെ വിവരം രജിസ്റ്ററിൽ ചേർക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങൾ നികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ വിവരങ്ങൾ കാലികമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഇതിനോടകം നികുതി ഒടുക്കിയിട്ടുള്ള പക്ഷം ആയതിന്റെ വിവരം ഉൾപ്പെടുത്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കേണ്ടതാണ്. നികുതി ഒടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അടിയന്തിരമായി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 നഗരസഭ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കുന്നത് വൈകിപ്പിച്ചു. 4,61,76,000/-രൂപ നഷ്ടമായി.

2021-22സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കിയ വാർഷിക ധനകാര്യപത്രിക പ്രകാരം മുൻസിപ്പൽ ഫണ്ടിന്റെ പ്രധാന സ്രോതസായ വസ്തുനികുതി ഇനത്തിൽ 2,54,55081/- രൂപ മുൻ വർഷ അരിയർ ഇനത്തിലും തൻവർഷ അരിയർ 1,20,01215/-രൂപയും ഉൾപ്പടെ 3,74,56296/-കുടിശ്ശികയായി ലഭിക്കാനുണ്ട്. എന്നാൽ വസ്തുനികുതി ഡി.സി.ബി. രജിസ്റ്റർ പ്രകാരം വസ്തുനികുതി അരിയർ കുടിശ്ശിക 2,66,31510 രൂപയും,Sanchaya Portal Of Tax.lsg.Kerala.Gov.In എന്നതിലെ സഞ്ചയ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് പ്രകാരം 7,69,76000/-രൂപയും അരിയർ കുടിശ്ശിക കാണുന്നു. ഇതിനെ തുടർന്ന് നഗരസഭയിലെ വസ്തുനികുതി പരിഷ്കരണ ഫയൽ(നം.R1-116424/2016) പരിശോധിച്ചതിൽ വസ്തുനികുതിയുടെ പരിഷ്കരണവും, നികുതി ഈടാക്കലുമായി ബന്ധപ്പെട്ട നഗരസഭ കൈകൊണ്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. 21-1-2017-ലെ X(1) നമ്പർ തീരുമാന പ്രകാരം നഗരസഭ കൗൺസിൽ വസ്തുനികുതി പരിഷ്കരണം നടത്തുവാൻ അനുമതി നൽകി.

2. വസ്തു നികുതി പരിഷ്കരണ നടപടികൾ പുരോഗമിച്ചുവരവെ 12-2-2020-ൽ കൂടിയ ജനറൽ കൗൺസിൽ നികുതി പരിഷ്കരണത്തിന്റെ ഡിമാൻഡ് നോട്ടീസുകൾ നൽകുന്നത് സംബന്ധിച്ച 20-1-2020-ലെ 1-ാം നമ്പർ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം അവതരിപ്പിച്ചുവെങ്കിലും ജനറൽ കൗൺസിൽ അനുമതി നൽകിയില്ല. (തീരുമാനം നമ്പർ-111(1).

3. 6-3-2019-ലെ സ.ഉ.(സാധാ)540/2019/തസ്വഭവ ഉത്തരവ് പ്രകാരം 2016-17 മുതൽ നഗരസഭയ്ക്ക് ലഭ്യമാകേണ്ട പരിഷ്കരിക്കപ്പെട്ട നികുതി ഡിമാൻഡ് ചെയ്യാത്തതുമൂലം നഷ്ടമാകുന്ന നികുതിപ്പണം നഗരസഭയുടെ ബാധ്യതയായി ഓഡിറ്റ് ചൂണ്ടിക്കാണിക്കുന്ന സാഹചര്യം സെക്രട്ടറി കൗൺസിലിനെ അറിയിച്ചു.

4. പരിഷ്കരിച്ച നികുതി ഈടാക്കലിലേയ്ക്ക് പോയാൽ അനവധി പരാതികൾ ഉണ്ടാവുമെന്നതിനാൽ ഡിമാൻഡ് നോട്ടീസുകൾ വിതരണം ചെയ്യേണ്ടതില്ലായെന്ന് കൗൺസിൽ തീരുമാനമെടുത്തു. (തീരുമാന തീയതി-12-2-2020 )

പ്രസ്തുത തീരുമാനത്തെ ശ്രീ.വട്ടപ്പാറ ചന്ദ്രൻ, ശ്രീ.എം.എസ്.ബിനു,ശ്രീ.ആർ.മധു എന്നീ കൗൺസിലർമാർ എതിർത്തു.

5. നികുതി പരിഷ്കരണം പൂർത്തിയായ സാഹചര്യത്തിൽ ഡിമാൻഡ് നോട്ടീസ് നൽകുവാൻ അനുവദിക്കണമെന്നും, അല്ലാത്ത പക്ഷം കൗൺസിലിനും ഉദ്യോഗസ്ഥർക്കും ബാധ്യത ഉണ്ടാകുമെന്ന് 16-3-2020 ലെ R1 -1167/2016- ാം നമ്പർ കുറിപ്പായി സെക്രട്ടറി ചെയർപേഴ്സണിനെ അറിയിച്ചു.

6. നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 16-12-2020 വരെ 4 പരാതികൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

7. 1-1-2021 -ൽ പുതുക്കിയ കെട്ടിട നികുതി ഡിമാന്റ് ചെയ്യുന്ന പ്രവർത്തികൾ നീട്ടിവയ്ക്കുവാൻ ചെയർപേഴ്സൺ സെക്രട്ടറിയ്ക്ക് കത്തു നൽകി.

8. പരാതികളുടെ അടിസ്ഥാനത്തിൽ 2020-21 വരെ നികുതി ഒടുക്കിയവരെ 2016-17 ഒന്നാം അർദ്ധവർഷം മുതലുള്ള പരിഷ്കരണം മൂലമുണ്ടായ വർദ്ധനവിൽ നിന്നും ഒഴിവാക്കി ഉത്തരവ് ലഭ്യമാകുന്നതിന് 2-2-2021-ൽ ബഹു.തദ്ദേശ

സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്കും,1-3-2021 -ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കും നഗരസഭ കത്ത് നൽകി.എന്നാൽ സർക്കാറിൽ നിന്നും ഇത് സംബന്ധിച്ച് മറുപടിയൊന്നും ലഭിച്ചതായി കാണുന്നില്ല.

**നികുതി പരിഷ്കരണത്തിൽ കൈകൊണ്ട തീരുമാനങ്ങളിലെ അപാകങ്ങൾ.**

1. 2010-ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം14 പ്രകാരമുള്ള ഡിമാൻഡ് നോട്ടീസ് ഓരോ നികുതിദായകനും നൽകുന്നതിന് സെക്രട്ടറി ബാധ്യസ്ഥനാണ്.ചട്ടപ്രകാരം സെക്രട്ടറി പ്രവർത്തിക്കുന്നതിന് നഗരസഭ കൗൺസിൽ അനുവാദം നൽകാത്തത് ക്രമപരമല്ല.

2. 2010-ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപ്പീലിനും റിവിഷനും ഉള്ള പൊതുജനങ്ങളുടെ അധികാരം ഡിമാൻഡ് നോട്ടീസ് നൽകാത്തതുമൂലം നഷ്ടമായി.

3. 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 539പ്രകാരം മുൻസിപ്പാലിറ്റിയ്ക്ക് ലഭിക്കേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ ആ തുക ലഭിക്കേണ്ട തിയതി മുതൽ 3 വർഷം കഴിഞ്ഞതിനുശേഷം ടി തുക വസൂലാക്കുന്നതിന് യാതൊരു ജപ്തിയും ചെയ്യുകയോ യാതൊരു വ്യവഹാരവും നടത്തുകയോ യാതൊരു ജപ്തിയും ചെയ്യുകയോ യാതൊരു ശിക്ഷ നടപടിയും ആരംഭിക്കുകയോ ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ ചട്ടമായി നിൽക്കുമ്പോൾ 2016- 17 മുതലുള്ള പരിഷ്കരിച്ച നികുതി ഈടാക്കാൻ ഡിമാൻഡ് നോട്ടിസ് നൽകുന്നത് നീട്ടിവയ്ക്കാൻ 2-2-2021-ൽ ചെയർപേഴ്സൺ സെക്രട്ടറിയ്ക്ക് കത്തു നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

4. 1994-ലെ കേരള മുൻസിപ്പൽ ആക്ട് (1994-ലെ 20)233-ാം വകുപ്പ് (2)ഉം (5)ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചും കേരള സർക്കാർ മുൻസിപ്പൽ കൗൺസിലുകൾക്ക് അടിസ്ഥാനവസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും, അവ പ്രാബല്യത്തിൽവരുന്ന തിയതിയും വിജ്ഞാപനം മൂലം സർക്കാർ നിശ്ചയിക്കേണ്ടതാണെന്ന് 2009-ലെ കേരള മുൻസിപ്പാലിറ്റി (ഭേദഗതി)ആക്ടിൽ (2009-ലെ 30)വ്യവസ്ഥ ചെയ്യതിട്ടുള്ളതാണ്.ഇതു പ്രകാരം സർക്കാർ നൽകിയ നിർദ്ദേശങ്ങൾ ഈ കാലയളവിൽ നഗരസഭ കൗൺസിൽ നടപ്പിലാക്കാത്തത് നിയമപരമല്ല.

**പരിഷ്കരിച്ച നികുതി ഡിമാൻഡ് ചെയ്യാത്തതിനെ തുടർന്ന് നഷ്ടപ്പെട്ട തുക.**

നഗരസഭയുടെ 2016-17വർഷം മുതൽ വസ്തുനികുതിയുടെ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് കണ്ടെത്തുന്നതിനായി വാർഷികധനകാര്യപത്രിക, ഡി.സി.ബി രജിസ്റ്റർ,വാർഡ് തല ഡി.സി.ബി.സ്റ്റേറ്റ്മെന്റുകൾ തുടങ്ങിയവ. പരിശോധിച്ചതിൽ വസ്തുനികുതിയുടെ ഡിമാൻഡ്,കള്ക്ഷൻ,ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. കേരള സർക്കർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തുനികുതി വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള Sanchaya Portal Of Tax.lsg.Kerala.Gov.In എന്ന സൈറ്റിൽ Property Tax (Sanchaya )Local Self Govt- DCB Dash Board-ൽ മുൻസിപ്പാലിറ്റികളുടെ Reports-എന്നതിൽ നെടുമങ്ങാട് നഗരസഭയുടെ കെട്ടിടനികുതി അരിയർ തുക രേഖപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത DCB സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18മുതൽ 2021-2022വരെയുള്ള നഗരസഭയുടെ കെട്ടിട നികുതി അരിയർ ഡിമാൻഡ്,പിരിവ് ,ബാലൻസ് എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അരിയർ ഡിമാൻഡ് (തുക ലക്ഷത്തിൽ) | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|---|
| 2021-22 | 822.04 | 52.28 | 769.76 | 6.38% |
| 2020-21 | 753.71 | 4.57 | 749.14 | 0.61% |
| 2019-20 | 599.82 | 17.71 | 582.11 | 2.95% |
| 2018-19 | 449.18 | 18.3 | 108.60 | 3.67% |
| 2017-18 | 554.62 | 0 | 554.62 | 0% |
| 2016-17 | ലഭ്യമല്ല. | - | - | - |

പ്രസ്തുത സ്റ്റേറ്റ് മെന്റ് പ്രകാരം 2017-18-ലെ അരിയർ തുകയായ 5,54,62,000/- രൂപയിൽ 2021-22വരെ കളക്ഷനായി ലഭിച്ച 92,86,000/ രൂപ(18.3+17.71+4.57+52.28 ലക്ഷം) കുറച്ചാൽ 2021-22വർഷത്തിൽ 5 വർഷം പിന്നിട്ടതിനെ തുടർന്ന് 4,61,76,000/-രൂപ(5,54,62000-92,86000) കാലഹരണപ്പെട്ടതായി കാണുന്നു.മേൽ വിവരിച്ച തുക 2020-21 സാമ്പത്തിക വർഷം കഴിഞ്ഞപ്പോൾ 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം പിരിച്ചെടുക്കാൻ കഴിയാത്തവിധം പാഴായി. ഇപ്രകാരം സർക്കാർ ഉത്തരവുകൾക്കും,മുനിസിപ്പൽ ചട്ടങ്ങൾക്കും അനുസരിച്ച് സമയബന്ധിതമായി നികുതി പരിഷ്കരണ ഡിമാൻഡ് നോട്ടീസുകൾ നൽകി ഡിമാൻഡ് ചെയ്യാനുള്ള തീരുമാനം എടുക്കാതെ നീട്ടികൊണ്ട് പോയതിനെ തുടർന്ന് കാലാവധി കഴിഞ്ഞത് മൂലം **4,61,76,000രൂപ (12/2/2020-ൽ കൂടിയ ജനറൽ കൗൺസിൽ യോഗത്തിൽ ശ്രീ.വട്ടപ്പാറ ചന്ദ്രൻ, ശ്രീ.എം.എസ്.ബിനു, ആർ.മധു എന്നിവർ വിയോജനകുറിപ്പ്**

**രേഖപ്പെടുത്തിയിട്ടുണ്ട്.**)നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 2016-17 അരിയർ ഡിമാൻഡ്, 3 വർഷം കാലാവധി കഴിഞ്ഞ നികുതികുടിശ്ശിക, പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ,ഡിമാൻഡ് നോട്ടീസുകൾ നൽകുന്നത് വൈകിപ്പിച്ചതിനുള്ള കൌൺസിലിന്റെ വിശദീകരണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാൻ രേഖാമൂലം മറുപടി ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 2/11.03.23 -ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പാലിച്ച് ഡിമാൻഡ് നോട്ടീസുകൾ സമയബന്ധിതമായി നൽകി പുതിയ നികുതി ഡിമാൻഡ് ചെയ്യാത്ത നഗരസഭയുടെ നടപടിയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കിയില്ലായെങ്കിൽ ,കാലഹരണപ്പെട്ടതായി ഓഡിറ്റ് കണ്ടെത്തിയ (നഗരസഭ ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ) **4,61,76,000/-രൂപ** വിയോജനകുറിപ്പ് രേഖപ്പെടുത്തിയവർ ഒഴികെയുള്ള കൗൺസിൽ അംഗങ്ങളിൽ നിന്നും Kerala Muncipality(Manner Of Inspection And Audit System) Rules,1997 Rule 22 പ്രകാരം ഈടാക്കേണ്ടതുമാണ്.

## 1-15-1 വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജിത നടപടി സ്വീകരിക്കണം.

നഗരസഭയുടെ നികുതി കുടിശ്ശികയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന സഞ്ചയ പോർട്ടൽ പരിശോധിച്ചതിൽ വലിയ തുക കുടിശ്ശിക അവശേഷിക്കുന്നു. അപ്രകാരമുള്ള കുടിശ്ശികയിൽ വൻതുക 3 വർഷം കഴിഞ്ഞ് കാലഹരണപ്പെട്ടതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഇപ്രകാരം വൻതുക നികുതി കുടിശ്ശിക ലഭിക്കാനുണ്ടായിട്ടും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി നികുതി കുടിശ്ശിക ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയതായുള്ള വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. നികുതി കുടിശ്ശിക വരുത്തിയ ഉടമകൾക്കെതിരെ വാർഡ് തലത്തിൽ സ്വീകരിച്ച റവന്യൂ റിക്കവറി/ പ്രോസിക്യൂഷൻ തുടങ്ങിയവയുടെ വിവരം ഏതാനും വാർഡുകളിൽ പരിശോധിച്ചതിൽ അപ്രകാരം ഏതൊരു നടപടിയും സ്വീകരിച്ചതായി സഞ്ചയയിലെ അദർ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

2017-18മുതൽ സഞ്ചയ ( ഡാഷ് ബോർഡ് പ്രോപ്പർട്ടി ടാക്സ് കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ട് ) പ്രകാരം നഗരസഭയ്ക്ക് ലഭിക്കാനുള്ള വസ്തുനികുതിയുടെ അരിയർ ഡിമാൻഡ്,പിരിവ് ,ബാലൻസ് വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അരിയർ ഡിമാൻഡ് (തുക ലക്ഷത്തിൽ) | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|---|
| 2021-22 | 822.04 | 52.28 | 769.76 | 6.38% |
| 2020-21 | 753.71 | 4.57 | 749.14 | 0.61% |
| 2019-20 | 599.82 | 17.71 | 582.11 | 2.95% |
| 2018-19 | 449.18 | 18.3 | 108.60 | 3.67% |
| 2017-18 | 554.62 | 0 | 554.62 | 0% |
| 2016-17 | ലഭ്യമല്ല. | - | - | - |

അരിയർ ഇനത്തിൽ ഭീമമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി വ്യക്തമാകുന്നു. നഗരസഭയുടെ തനത് വരുമാന നഷ്ടം ഒഴിവാക്കുന്നതിനായി വരവ് ഇനത്തിലെ നികുതി കുടിശ്ശിക കാലഹരണപ്പെട്ട് പോകാതെ ഡിമാൻഡ് ചെയ്യേണ്ടതും ,ലഭിക്കുന്നില്ലായെങ്കിൽ ആയത് ഈടാക്കുന്നതിനായി റവന്യൂ റിക്കവറി/പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടതും ആയതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 21/17.04.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അന്വേഷണകുറിപ്പ് 21/2023-ന് മറുപടി ലഭ്യമാക്കേണ്ടതും, തുടർ നടപടി വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-15-2 വസ്തുനികുതി കുടിശ്ശിക -രജിസ്റ്ററുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2021-22വർഷത്തെ വസ്തുനികുതി ഡിമാൻഡ്,പിരിവ് കുടിശ്ശിക എന്നിവ സ്ഥാപനം ഹാജരാക്കിയ വാർഷിക ധനകാര്യ പത്രിക,ഡി.സി.ബി,രജിസ്റ്ററുകൾ പ്രകാരം പൊരുത്തപ്പെടുന്നില്ല.തദ്ദേശ സ്ഥാപനങ്ങളുടെ കെട്ടിടനികുതി വിവരങ്ങൾ

ഉൾകൊള്ളുന്ന സഞ്ചയ(ഡാഷ് ബോർഡ്-പ്രോപ്പർട്ടി ടാക്സ്- കള്ക്ഷൻ പ്രോഗ്രസ്സ് ) പ്രകാരം നെടുമങ്ങാട് നഗരസഭയുടെ 2021-22വർഷത്തെ കെട്ടിടനികുതിയുടെ വിവരം അരിയർ,ഡിമാൻഡ് ,കളക്ഷൻ,ബാലൻസ് വിവരം ചുവടെ ചേർക്കുന്നു

2021-22വർഷത്തെ കെട്ടിടനികുതി അരിയർ,കറന്റ് ഇനത്തിലെ കളക്ഷൻ വിവരം.(തുക ലക്ഷത്തിൽ)

| അരിയർ ഡിമാന്ഡ് | കറന്റ് ഡിമാൻഡ് | ആകെ ഡിമാൻഡ് | അരിയർ കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ്മെന്റ് | ആകെ കളക്ഷൻ | അരിയർ ബാലൻസ് | കറന്റ് ബാലൻസ് | ബാലൻസ് ആകെ |
|---|---|---|---|---|---|---|---|---|
| 822.04 | 270.67 | 1092.71 | 52.28 | 7.18 | 114.17 | 769.76 | 208.78 | 978.54 |

B.

2021-22വർഷത്തെ AFSപരിശോധിച്ചതിൽ കെട്ടിടനികുതി കളക്ഷൻ ,ബാലൻസ് എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| കളക്ഷൻ-കറന്റ് | അരിയർ കളക്ഷൻ | ബാലൻസ്-കറന്റ് ( B-15 പ്രകാരം) | ബാലൻസ് അരിയർ |
|---|---|---|---|
| 1,55,59134 | 93,10970 | 1,20,01,215 | 2,54,55081 |

C.

കെട്ടിട നികുതി DCB രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്,കളക്ഷൻ,അരിയർ വിവരം.

| ഡിമാൻഡ് | | | കളക്ഷൻ | | | ബാലൻസ്. | | |
|---|---|---|---|---|---|---|---|---|
| അരിയർ | കറന്റ് | ആകെ | അരിയർ | കറന്റ് | ആകെ | അരിയർ | കറന്റ് | ആകെ |
| 360,57503 | 270,00000 | 630,57503 | 94,25993 | 154,56886 | 248,82879 | 266,31510 | 115,43114 | 381,74624 |

D.കെട്ടിട നികുതി DCB റിപ്പോർട്ട് പ്രകാരം ഡിമാന്റ്,കളക്ഷൻ,അരിയർ വിവരം.

| ഡിമാൻഡ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| അരിയർ | കറന്റ് | ആകെ | അരിയർ | കറന്റ് | ആകെ | അരിയർ | കറന്റ് | ആകെ |
| 7,22,87107 | 2,77,72024 | 100059131 | 12683533 | 13253904 | 25937437 | 6,05,90992 | 1,52,88970 | 7,58,79962 |

(ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.)

കെട്ടിട നികുതിയിനത്തിൽ സഞ്ചയയിലെയും AFSലേയും ,DCB സ്റ്റേറ്റ്മെന്റിലേയും,DCB റിപ്പോർട്ടിലേയും തുകകൾ തമ്മിൽ പൊരുത്തപ്പെടാത്തതിനെ തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 2/23-ന് മറുപടി ലഭ്യമാക്കാത്തതിനാൽ കെട്ടിട നികുതിയിലെ തുകകളുടെ നിജസ്ഥിതി ഉറപ്പുവരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.തുകകൾ തമ്മിൽ ഭീമമായ വ്യത്യാസം നിലനിൽക്കുന്ന സാഹചര്യത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉചിതമായ നടപടി സ്ഥീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-3 വസ്തുനികുതി സമയബന്ധിതമായി ഡിമാൻഡ് ചെയ്യുന്നില്ല.

1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം മുൻസിപ്പാലിറ്റിയ്ക്ക് ലഭിക്കേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ ആ തുക ലഭിക്കേണ്ട തിയതി മുതൽ 3വർഷം കഴിഞ്ഞതിനുശേഷം ടി തുക വസൂലാക്കുന്നതിന് യാതൊരു ജപ്തിയും ചെയ്യുകയോ യാതൊരു വ്യവഹാരവും നടത്തുകയോ ,യാതൊരു ശിക്ഷ നടപടിയും ആരംഭിക്കുകയോ ചെയ്യാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.നഗരസഭാ പരിധിയിൽ ഉൾപ്പെട്ട വാണിജ്യാവശ്യകെട്ടിടങ്ങളുടെ നികുതി കുടിശ്ശിക സഞ്ചയിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ധാരാളം കെട്ടിടങ്ങൾ ഭീമമായ നികുതികുടിശ്ശിക വരുത്തിയതായി കണ്ടെത്തി.നഗരസഭയിലെ 28-ാം വാർഡിൽ ഉൾപ്പെട്ട ഏതാനം കെട്ടിടങ്ങളുടെ 2018-മുതലുള്ള കുടിശ്ശിക പരിശോധിച്ചപ്പോൾ നാളിതുവരെ നികുതി ഈടാക്കി സഞ്ചയിൽ പിരിവ് രേഖപ്പെടുത്തിയില്ലായെന്ന് കണ്ടെത്തി.

| കെട്ടിട | വിസ്തീർണം | ഉപയോഗം | കുടിശ്ശിക | ആകെ | കുടിശ്ശിക(2022 |
|---|---|---|---|---|---|

| നമ്പർ | | | വർഷം | വരെ) |
|---|---|---|---|---|
| 28/928(2) | 15.99 M2 | ഷോപ്പ് | 2018-22 | 5256/- |
| 28/928(2) | 64.72m2 | ,, | ,, | 26565/- |
| 28/928(2) | 12.25 M2 | ,, | ,, | 5035/- |
| 28/928(2) | 178.02 M2 | (ലോഡ്ജ്)പാർപ്പിടം എന്ന ഇനത്തിൽ നികുതി ഈടാക്കുന്നു. | ,, | 14744/- (ലോഡ്ജിന്റെ നിരക്കായ 20/-നിരക്കിൽ 160218/- രൂപ കുടിശ്ശിക |
| 28/928(5) | 480.71 M2 | ഓഫീസ് | ,, | 197295/- |
| 28/928(6) | 178.02 M2 | സൂപ്പർ മാർക്കറ്റ് | ,, | 73065/- |
| 28/928(7) | 36.67 M2 | ഓഫീസ് | ,, | 15060/- |
| 28/928(44) | 565.25 M2 | സൂപ്പർ മാർക്കറ്റ് | ,, | 463960/- |
| 28/928(45) | 70 M2 | ഷോപ്പ് | ,, | 28915/- |

പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനും,ഡിമാൻഡ് നോട്ടീസുകൾ നൽകിയതിന്റെയും വിശദമറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 11/23 -ന് മറുപടി ലഭ്യമാക്കിയില്ല.3വർഷം കഴിഞ്ഞാൽ കുടിശ്ശികയായ നികുതി പിരിച്ചെടുക്കാൻ സാധ്യമല്ലാതായിതീരുന്നതിനാൽ നഗരസഭയിലെ 39 വാർഡുകളിലെ കുടിശ്ശിക പരിശോധിച്ച് ഡിമാൻഡ് നോട്ടീസുകൾ നൽകി നികുതി പിരിവ് വേഗത്തിലാക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539(2)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം മുനിസിപ്പാലിറ്റിയ്ക്ക് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റ സംഖ്യയോ കാലഹരണപ്പെടുകയും,അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽ മുനിസിപ്പാലിറ്റിയ്ക്ക് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഉത്തരവ് ഉള്ളതിനാൽ കുടിശ്ശികയായ കെട്ടിട നികുതി പിരിച്ചെടുത്ത് തുടർനടപടിയും അന്വേഷണകുറിപ്പ് 11/23 -നുള്ള മറുപടിയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15-4 അനധികൃതകെട്ടിടങ്ങളുടെ വിവരങ്ങൾ നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫാറം 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി ഫോട്ടോ ഉൾപ്പടെ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.കൂടാതെ സർക്കുലർ നം. 29342/ ആർ.എ. 1/ 2014/ ത.സ്വ.ഭ.വ തീയതി 19.05.2014 പ്രകാരം അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതുംതദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഓരോ മാസത്തിന്റെയും അവസാന ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.അപ്രകാരമുള്ള രജിസ്റ്ററിൽ കെട്ടിടം സ്ഥിതിചെയ്യുന്ന വസ്തുവിന്റെ സർവ്വെ നമ്പർ,കെട്ടിടത്തിന് നൽകിയ പ്രത്യേക നമ്പർ, ചുമത്തിയ നികുതി നിരക്ക്, എന്നീ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും,ആയത് വാർഡ് തലത്തിൽ തയ്യാറാക്കേണ്ടതുമാണ് അപ്രകാരം നടപടികൾ സ്വീകരിച്ച് തയ്യാറാക്കിയ രജിസ്റ്ററും മറ്റ് അനുബന്ധരേഖകളും ലഭ്യമാക്കാനും,അനധികൃത കെട്ടിടങ്ങൾ കണ്ടെത്താൻ നഗരസഭ തലത്തിൽ പ്രത്യേക ടീം രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയഅന്വേഷണകുറിപ്പ് 22/23-ന് മറുപടി ലഭ്യമാക്കിയില്ല.2021-22-ൽ U/A രജിസ്റ്റർ(കമ്പ്യൂട്ടർ പ്രിന്റ്) പരിപാലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത മാതൃകയിലല്ല.ആയിനാൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20(1) അനുശാസിക്കും പ്രകാരം അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-5 അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടും സഞ്ചയയിൽ കെട്ടിട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജുകളും)ചട്ടങ്ങൾ, ചട്ടം3 പ്രകാരവും,1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 235-ാം വകുപ്പ് പ്രകാരവും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെടാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും സെക്രട്ടറി വസ്തുനികുതി ചുമത്തേണ്ടതാണ്.കൂടാതെ ഡേറ്റാ പ്യൂരിഫിക്കേഷൻ എല്ലാ നഗരസഭകളിലും

പൂർത്തിയായി കഴിഞ്ഞതിനാൽ നിലനിൽക്കുന്ന എല്ലാ കെട്ടിടങ്ങളുടേയും പൂർണവിവരം സഞ്ചയയിൽ ഉൾപ്പട്ടതായി സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.എന്നാൽ നഗരസഭപരിധിയിൽ സ്ഥിതി ചെയ്യുന്ന ഏതാനും അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

A.

| കെട്ടിടനമ്പർ | സ്ഥാപനപേര്,രേഖപ്പെടുത്തിയ വിവരം | സഞ്ചയയിലെ അപാകങ്ങൾ |
|---|---|---|
| 36/412 1 UA | SUT Academy Of Medical Science.<br>A/C ഉണ്ട്.അടിസ്ഥാന നികുതി നിരക്ക് 15% | കെട്ടിട വിസ്തീർണം,കാലപ്പഴക്കം,റോഡ് വിവരം,മേഖല തരം തിരിവ്,ഡിമാൻഡ് വിവരം,കളക്ഷൻ,രസീത് വിവരം,ബാലൻസ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 36/412 2 UA | SUT Academy Of Medical Science.<br>A/C ഉണ്ട്.അടിസ്ഥാന നികുതി നിരക്ക് 15% | കെട്ടിട വിസ്തീർണം,കാലപ്പഴക്കം,റോഡ് വിവരം,മേഖല തരം തിരിവ്,ഡിമാൻഡ് വിവരം,കളക്ഷൻ,രസീത് വിവരം,ബാലൻസ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 36/412 3 UA | SUT Academy Of Medical Science.<br>A/C ഉണ്ട്.അടിസ്ഥാന നികുതി നിരക്ക് 15% | കെട്ടിട വിസ്തീർണം,കാലപ്പഴക്കം,റോഡ് വിവരം,മേഖല തരം തിരിവ്,ഡിമാൻഡ് വിവരം,കളക്ഷൻ,രസീത് വിവരം,ബാലൻസ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 36/412 4 UA | SUT Academy Of Medical Science.<br>A/C ഉണ്ട്.അടിസ്ഥാന നികുതി നിരക്ക് 15% | കെട്ടിട വിസ്തീർണം,കാലപ്പഴക്കം,റോഡ് വിവരം,മേഖല തരം തിരിവ്,ഡിമാൻഡ് വിവരം,കളക്ഷൻ,രസീത് വിവരം,ബാലൻസ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 36/412 5 UA | SUT Academy Of Medical Science.<br>A/C ഉണ്ട്.അടിസ്ഥാന നികുതി നിരക്ക് 15% | കെട്ടിട വിസ്തീർണം,കാലപ്പഴക്കം,റോഡ് വിവരം,മേഖല തരം തിരിവ്,ഡിമാൻഡ് വിവരം,കളക്ഷൻ,രസീത് വിവരം,ബാലൻസ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 36/412 6 UA | SUT Academy Of Medical Science.<br>A/C ഉണ്ട്.അടിസ്ഥാന നികുതി നിരക്ക് 15% | കെട്ടിട വിസ്തീർണം,കാലപ്പഴക്കം,റോഡ് വിവരം,മേഖല തരം തിരിവ്,ഡിമാൻഡ് വിവരം,കളക്ഷൻ,രസീത് വിവരം,ബാലൻസ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 36/412 7 UA | SUT Academy Of Medical Science.<br>A/C ഉണ്ട്.അടിസ്ഥാന നികുതി നിരക്ക് 15% | കെട്ടിട വിസ്തീർണം,കാലപ്പഴക്കം,റോഡ് വിവരം,മേഖല തരം തിരിവ്,ഡിമാൻഡ് വിവരം,കളക്ഷൻ,രസീത് വിവരം,ബാലൻസ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 36/412 8 UA | SUT Academy Of Medical Science.<br>A/C ഉണ്ട്.അടിസ്ഥാന നികുതി നിരക്ക് 15% | കെട്ടിട വിസ്തീർണം,കാലപ്പഴക്കം,റോഡ് വിവരം,മേഖല തരം തിരിവ്,ഡിമാൻഡ് വിവരം,കളക്ഷൻ,രസീത് വിവരം,ബാലൻസ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |

മേൽ വിവരിച്ച കെട്ടിടങ്ങൾക്കും,മറ്റ് ധാരാളം കെട്ടിടങ്ങൾക്കും സഞ്ചയയിൽ നമ്പർ നൽകിയിട്ടും സഞ്ചയയിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും, നികുതി ചുമത്തി ആയത് ഈടാക്കാത്തതിനാലും നഗരസഭയ്ക്ക് നികുതി നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539(2)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം മുനിസിപ്പാലിറ്റിയ്ക്ക് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും,അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായെന്ന് കണ്ടെത്തിയാൽ മുനിസിപ്പാലിറ്റിയ്ക്ക് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഉത്തരവ് ഉള്ളതിനാൽ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.മേൽ വിവരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയിൽ രേഖപ്പെടുത്തി നികുതി വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B.കെട്ടിടങ്ങളുടെ പൂർണവിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

| ഫയൽ | വിസ്തീർണം, | അപാകങ്ങൾ.(സഞ്ചയപ്രകാരം.) |
|---|---|---|

| നമ്പർ.കെട്ടിടനമ്പർ. | ഉപയോഗക്രം. | |
|---|---|---|
| 36/408 (5a)<br>File No.R2/10644/20 | 1704 M2<br>1-4-2017മുതൽഷോപ്പിംഗ് മാൾ(120/-) | 1, 1.50 മീറ്റലധികം റോഡ്.<br>2.നികുതിപ്രതിവർഷം-594425/-രൂപ.നികുതി കുടിശ്ശികയില്ല. എന്നാൽ ഡിമാൻഡ്,കളക്ഷൻ,രസീത് വിവരം,ബാലൻസ് തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 8/3 2022UA | 128.65 M2<br>ഉപയോഗം-2016ആദ്യ പകുതി മുതൽ.ഷോപ്പ് (60/-) | ആകെ നികുതി-31681/-<br>കുടിശ്ശികയില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഡിമാൻഡ്,കളക്ഷൻ,ബാലൻസ്,രസീത് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 13/395 UA | 19 M2,<br>1-3-2014 മുതൽ അസംബ്ലി ഹാൾ (40/-) | ആകെ വാർഷിക നികുതി-2099/-<br>കുടിശ്ശിക ഇല്ലായെന്ന് രേഖപ്പെടുത്തിയട്ടുണ്ടെങ്കിലും ഡിമാൻഡ്,കളക്ഷൻ,ബാലൻസ്,രസീത് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |

മേൽ വിവരിച്ച കെട്ടിടങ്ങളുടെ പൂർണവിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

C. ഒരു കെട്ടിട നമ്പരിൽ 3 വാണിജ്യാവശ്യ കെട്ടിടങ്ങൾ കണ്ടെത്തി.ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടനമ്പർ | പേര് | കെട്ടിട ID നമ്പർ | കെട്ടിട ഉപയോഗം |
|---|---|---|---|
| 9/1 (2022UA) | ഗണേഷ് മുരുകേശൻ | 30174010036264 | സൂപ്പർമാർക്കറ്റ് |
| 9/1 (2022UA) | മുഹമ്മദ് ബഷീർ | 30174010036097 | സൂപ്പർമാർക്കറ്റ് |
| 9/1 (2022UA) | „ | 30174010036098 | „ |

ഇപ്രകാരം സഞ്ചയ പരിശോധനയിൽ അനധികൃതകെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുന്നതിലും,നികുതി പിരിവിന്റെ രസീതുകൾ രേഖപ്പെടുത്തുന്നതിലും ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി വ്യക്തമാകുന്നു.സഞ്ചയിൽ മേൽ വിവരച്ച കെട്ടിടങ്ങൾക്ക് നികുതി കുടിശ്ശിക ഇല്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ നികുതി അടവാക്കിയ രസീതുകളുടെ വിവരം ഇല്ലാത്തതിനാൽ അടവാക്കിയ നികുതി പണം നഗരസഭാ അക്കൗണ്ടിൽ എത്തിയെന്ന് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണകുറിപ്പ് 56/23/24.04.2023 പ്രകാരം മേൽ വിവരിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ മേൽ വിവരിച്ച അപാകങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് വേണ്ട നടപടി സ്ഥീകരിക്കേണ്ടതും മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-15-6 നികുതി കുടിശ്ശികയുള്ള കെട്ടിടങ്ങളിലും,U/Aകെട്ടിടങ്ങളിലും വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുവദിച്ചു.

2011-ലെകേരള മുൻസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം നഗരസഭ പരിധിയിലെ എല്ലാ വാണിജ്യസ്ഥാപനങ്ങളുടെ ലൈസൻസ് നേടിയിരിക്കേണ്ടതാണ്.എന്നാൽ ലൈസൻസ് നേടിയ സ്ഥാപനം പ്രവർത്തിക്കുന്ന വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയിൽ പരിശോധിച്ചതിൽ ധാരാളം കെട്ടിടങ്ങൾ നികുതി കുടിശ്ശിക വരുത്തിയിട്ടും ലൈസൻസ് നൽകിയിരിക്കുന്നതായി കണ്ടെത്തി.കൂടാതെ അനധികൃത നിർമ്മാണം നടത്തി U/Aനമ്പർ ലഭിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായും ഭീമമായ നികുതി കുടിശ്ശിക വരുത്തിയിരിക്കുന്നതായും കണ്ടെത്തി.അപ്രകാരം ലൈസൻസ് നേടിയ ഏതാനും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി കുടിശ്ശികയുടെ(2022വരെ) വിവരവും ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ലൈസൻസ് ഇനം | സഞ്ചയയിലെ കെട്ടിട നികുതി കുടിശ്ശിക |
|---|---|---|
| 6/54 | റെസ് റ്റോറന്റ് | 9539/- |
| 6/61 | ടൂവീലർ വർക്ക്സ് | 8114/- |
| 6/71 | വസ്ത്രശാല | 271351/- |
| 6/72 | „ | 133761 |
| 6/99 | സ്റ്റോർ | 51556/- |
| 8/1108 | മെഡിക്കൽ സ്റ്റോർ | 181370/- |
| | | |

| | | |
|---|---|---|
| 30/182(1) | ഗ്യാസ് വിതരണം | 34184/- |
| 31/45 | തുഷാര ഗ്യാസ് ഏജൻസി | 8529/- |
| 25/649, | അറാഫ് ഗോൾഡ് | 12166/- |
| 8/194 | ഷോപ്പിംഗ് മാൾ | 13362/- |
| 8/316 | ബിവറേജസ് ഗോഡൌൺ | 56298/- |
| 8/317 | „ | 278740/- |
| 8/318 | „ | 27770/- |
| 7/302 Ua | ഷോപ്പിംഗ് മാൾ | 1926986/- |
| 9/26-3ua | സൂപ്പർമാർക്കറ്റ് | 224684/- |
| 1/2022/Ua | സോണി ടവർ | 1437030/- |
| 9/26/UA | പുലരി ഹാർഡ് വെയർ | 427968/- |
| 9/254/7UA | കല്ലിങ്കൽ ആട്ടോ മൊബൈൽ | 305760 |
| 9/254/8UA | „ | 453486/- |
| 9/789UA | A.K സ്റ്റോർ | 303980/- |
| 9/1319/UA | കല്ലിങ്കൽ ആട്ടോ മൊബൈൽ | 758773/- |
| 9/1319/88UA | കല്ലിങ്കൽ ആട്ടോ മൊബൈൽ | 602279/- |
| 9/1323/UA | കല്ലിങ്കൽ ആട്ടോ മൊബൈൽ | 1124650/- |
| 24/293/11UA | കൈരളി വിദ്യാഭവൻ | 229662/- |
| 24/293/6UA | കൈരളി വിദ്യാഭവൻ | 562970/- |
| 24/293/8UA | കൈരളി വിദ്യാഭവൻ | 217556/- |
| 24/293/UA | കൈരളി വിദ്യാഭവൻ | 285388/- |
| | | |

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് സേവനം നൽകുമ്പോൾ ഉപഭോക്താക്കൾ നികുതി കുടിശ്ശിക വരുത്തിയിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ നഗരസഭയിൽ നിന്നും ലൈസൻസ് നൽകിയ ഏതാനും വാർഡുകളിലെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി വിവരം സഞ്ചയയിൽ പരിശോധിച്ചതിൽ ആണ് ഇപ്രകാരം ഭീമമായ നികുതി കുടിശ്ശിക കണ്ടെത്തിയത്.നഗരസഭയ്ക്ക് ലഭ്യമാകേണ്ട തുക ഈടാക്കാതെ ലൈസൻസുകൾ നൽകിയതിനെ തുടർന്ന് സംഭവിച്ച നികുതി നഷ്ടത്തിനുള്ള വിശദീകരണം ലഭ്യമാക്കാൻ അന്വേഷണകുറിപ്പ് 30/18-04-23 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.നികുതി കുടിശ്ശികയില്ലാത്ത സ്ഥാപനങ്ങൾക്ക് മാത്രം ലൈസൻസ് നൽകാനും,ലൈസൻസ് നേടാതെ പ്രവർത്തിക്കുന്ന മുഴുവൻ അനധികൃത കെട്ടിടങ്ങൾക്കെതിരെ നിയമപ്രകാരം നടപടി സ്വീകരിക്കാനും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അടിയന്തിര നടപടി സ്വീകരിക്കണം.നികുതി കുടിശ്ശിക ഈടാക്കി അന്വേഷണകുറിപ്പിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15-7 കെട്ടിടങ്ങൾക്ക് വഴി സൗകര്യം അനുസരിച്ച് അധിക നികുതി ചുമത്തുന്നില്ല.

കെട്ടിടംനിർമ്മാണം പൂർത്തിയായതായി ഉടമസ്ഥൻ രേഖാമൂലം അറിയിച്ചു കഴിഞ്ഞാൽ ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തി ഫോറം 6-ൽ ശേഖരിക്കുന്ന വിവരങ്ങൾ സഞ്ചയയിൽ ഡാറ്റാ എൻറി നടത്തുമ്പോൾ ചട്ടങ്ങൾ പ്രകാരം സഞ്ചയ വസ്തുനികുതി കണക്കാക്കുന്നതാണ്. കെട്ടിടങ്ങളുടെ തരം,വിസ്തീർണം,മേഖല,റോഡ് സൌകര്യം,ഉപയോഗക്രമം,സെൽട്രലൈസ്ഡ് എ.സി.തുടങ്ങിയ നികുതി നിർണ്ണയത്തെ ബാധിക്കുന്ന ഘടകങ്ങൾ കൃത്യമായാണോ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതാണ്.വഴി സൌകര്യം അനുസരിച്ച് നികുതിയിലും ഏറ്റകുറച്ചിലുകൾ ഉണ്ടാകും.5മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നുള്ള പ്രവേശന മാർഗ്ഗം ഉണ്ടെങ്കിൽ അടിസ്ഥാന നികുതിയുടെ 20% വർദ്ധനവ് ഈടാക്കേണ്ടതാണ്. എന്നാൽ 2021-22 വർഷത്തിൽ നികുതി ചുമത്തിയ കെട്ടിടങ്ങളുടെ പൂർത്തീകരണ പ്ലാൻ അനുസരിച്ച് സഞ്ചയയിലെ അടിസ്ഥാനരേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ പൂർത്തീകരണ പ്ലാനിൽ റോഡ് സൗകര്യം-5 മീറ്ററിൽ കൂടുതൽ എന്ന് രേഖപ്പെടുത്തിയ കെട്ടിടങ്ങൾക്ക് പോലും നിയമാനുസൃത നികുതി വർദ്ധനവ് നൽകിയിട്ടില്ലായെന്ന് കണ്ടെത്തി.ഉദാ.ചുവടെ ചേർക്കുന്നു.

A.

| ഫയൽ നമ്പർ | കെട്ടിട നമ്പർ | കെട്ടിട പ്ലാനിലെ റോഡ് വീതി | സഞ്ചയയിൽ രേഖപ്പെടുത്തിയ റോഡിന്റെ വീതി | കെട്ടിടത്തിന്റെ വിസ്തീർണം. | നഷ്ടതുകപ്രതി വർഷം.(വീടിന് M2-ന് 10/-രൂപ നിരക്ക്) |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| TP1/7014/2020 | 3/151(1) | 8 M | 1.50മീറ്റർ കൂടുതൽ | 298.50 M2 | 60/- |
| TP1/7014/2020 | 31/168(2) | 7.50 M | 1.50മീറ്റർകൂടുതൽ | 125 M2 | 25/- |
| TP1/865/19 | 25/343(4) | 12 M | 1.50മീറ്റർകൂടുതൽ | 243 M2 | 49/- |
| TP2/6635/2021 | 33/124(1) | 5 M | 1.50മീറ്റർകൂടുതൽ | 170.63 M2 | 31/- |
| TP2/12562/2021 | 4/143(1) | 7.30 M | 1.50മീറ്ററിൽ കൂടുതൽ വീതി | 219.44 M2 | 44/- |
| TP1/3770/2021 | 36/482(1) | 5m | 1.50മീറ്ററിൽ കൂടുതൽ വീതി | 180.65 M2 | 36/- |
| TP1/5530/2020 | 21/189(1) | 5m | 1.50മീറ്ററിൽ കൂടുതൽ വീതി | 179.69 M2 | 36/- |

2021-22 വർഷത്തിൽ നമ്പർ നൽകിയ പ്രസ്തുത കെട്ടിടങ്ങളുടെ പൂർത്തീകരണ പ്ലാനിൽ തന്നെ വഴി സൗകര്യം 5 മീറ്ററോ,അതിൽ കൂടുതലോ എന്ന് രേഖപ്പെടുത്തിയിട്ടും നികുതി വർദ്ധനവ് ഈടാക്കാത്തത് മൂലം നഗരസഭയ്ക്ക് നികുതി നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു.ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 50/20-04-23 ന് മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539(2)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം മുനിസിപ്പാലിറ്റിയ്ക്ക് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും,അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായെന്ന് കണ്ടെത്തിയാൽ മുനിസിപ്പാലിറ്റിയ്ക്ക് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഉത്തരവ് ഉള്ളതിനാൽ ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച് 3 മാസത്തിനകം നഷ്ടപ്പെട്ട നികുതി തുക ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.അല്ലാത്ത പക്ഷം നഷ്ടപ്പെട്ട തുക പ്രസ്തുത ഫയൽ പ്രകാരം കെട്ടിടങ്ങൾ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടറിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B.ചുവടെ വിവരിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം പ്രസ്തുത കെട്ടിടത്തിലേയ്ക്കുള്ള വഴി സൗകര്യവുമായി പൊരുത്തപ്പെടുന്നില്ല.

| കെട്ടിട നമ്പർ | വിസ്തീർണം | ഉപയോഗക്രമം | സഞ്ചയയിലെ റോഡ് വീതി |
|---|---|---|---|
| 4/777 | 291.96 M2 | സൂപ്പർമാർക്കറ്റ് | 1.50 Mകുറവ് |
| 11/9(1) | 291.24 M2 | Iron And Steel വ്യാപാരം | 1.50 Mകുറവ് |
| 31/550 | 249.04 M2 | ഹിന്ദുസ്ഥാൻ പെട്രോളിയം | 1.50 Mകൂടുതൽ |
| 31/588 | 523.05 M2 | (ടൂവീലർ സെയിൽസ്)സൂപ്പർമാർക്കറ്റ് | 1.50 Mകൂടുതൽ(വാളിയോട്- വട്ടപ്പാറ റോഡ്) |
| 8/577 | 837 M2 | ധനലക്ഷ്മി ആഡിറ്റോറിയം | 1.50 Mകൂടുതൽ |

മേൽ വിവരിച്ച കെട്ടിടങ്ങളുടെ വഴി സൗകര്യം പുന:പരിശോധിച്ച് 5m കൂടുതൽ വഴി സൗകര്യം ഉണ്ടെങ്കിൽ ആയത് അനുസരിച്ച് അധിക നികുതി ചുമത്തേണ്ടതാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കെട്ടിടനികുതി ചുമത്തുലുമായി ബന്ധപ്പെട്ട ഫയലുകൾ കൂടുതൽ പരിശോധന നടത്തി ഉദ്യോഗസ്ഥ വീഴ്ചയുണ്ടെങ്കിൽ നടപടി സ്വീകരിച്ചും തുടർനടപടി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-8 കെട്ടിടങ്ങളിൽ നിന്നും അടിസ്ഥാന വസ്തുനികുതി കുറവായി ഈടാക്കുന്നു.

കെട്ടിടംനിർമ്മാണം പൂർത്തിയായതായി ഉടമസ്ഥൻ രേഖാമൂലം അറിയിച്ച കഴിഞ്ഞാൽ ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തി ശേഖരിക്കുന്ന വിവരങ്ങൾ സഞ്ചയയിൽ ഡാറ്റാ എൻറി നടത്തിയ ശേഷമാണ് ചട്ടങ്ങൾ പ്രകാരം വസ്തുനികുതി കണക്കാക്കുന്നത്. കെട്ടിടങ്ങളുടെ തരം, വിസ്തീർണം, മേഖല, റോഡ് സൌകര്യം, ഉപയോഗക്രമം, സെൽട്രലൈസ്ഡ് എ.സി.ഉടങ്ങിയ നികുതി നിർണ്ണയത്തെ ബാധിക്കുന്ന ഘടകങ്ങൾ കൃത്യമായാണോ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതാണ്.. എന്നാൽ സഞ്ചയയിലെ പല കെട്ടിടങ്ങളുടെയും അടിസ്ഥാന രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ അടിസ്ഥാന വസ്തുനികുതി നിരക്ക് കുറവായി ഈടാക്കുന്നതായി കണ്ടെത്തി.

ഉദാ.ചുവടെ ചേർക്കുന്നു.

LIC ഡിവിഷണൽ മാനേജരുടെ ഉടസ്ഥതയിലുള്ള 6/504നമ്പർ കെട്ടിടത്തിന് 240 M2വിസ്തീർണം എന്നും ഉപയോഗക്രമം സൂപ്പർ മാർക്കറ്റ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭ 22/2/2012-ൽ R2-12846/11നമ്പർ ആയി അംഗീകരിച്ച നിരക്ക് പ്രകാരം 200 M2-ന് മേൽ വിസ്തീർണമുള്ള കെട്ടിടത്തിന് നിരക്ക് 120/-രൂപയാണ്. എന്നാൽ സഞ്ചയയിൽ 60/-രൂപ നിരക്കിൽ നികുതി ഈടാക്കുന്നു. കൂടാതെ വഴി സൌകര്യം 1.50M കുറവ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു.ഇപ്രകാരം തെറ്റായ നികുതി നിർണയം, വഴി സൗകര്യം പരിഗണിക്കാതിരിക്കുക എന്നിവ കാരണം നികുതി നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 15/13-04-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.നികുതി നഷ്ടം തടയുന്നതിനായി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേക പരിഗണന നൽകി നികുതി ചോർച്ച തടയുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15-9 ഒറ്റതവണ റവന്യൂ നികുതി അടവാക്കാത്ത കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നു.

തദ്ദേശ സ്വയംഭരണ(ആർ.ഡി) വകുപ്പിന്റെ 9-7-2015-ലെ സ.ഉ.(എം.എസ്) 231/2015 നമ്പർ ഉത്തരവ് പ്രകാരം പുതിയതായി കെട്ടിട നമ്പർ അനുവദിക്കുമ്പോഴോ, നിലവിലുള്ളവയോട് കൂട്ടിച്ചേർക്കപ്പെട്ട് നികുതി ചുമത്തുമ്പോഴോ,വാസഗൃഹങ്ങൾക്ക് 100m2-ന് മുകളിലും,വാണിജ്യകെട്ടിടങ്ങൾക്ക് 50m2മുകളിലും വിസ്തീർണം അധികരിക്കുകയാണെങ്കിൽ പ്രസ്തുത കെട്ടിടത്തിന് റവന്യൂവകുപ്പിൽ അടവാക്കിയ ഒറ്റതവണ കെട്ടിടനികുതിയുടെ ആദ്യ ഗഡു അടവാക്കിയ രസീതിന്റെ പകർപ്പോ,അല്ലായെങ്കിൽ വകുപ്പ് 7പ്രകാരമുള്ള റിട്ടേൺ സമർപ്പിച്ചതിന്റെ രേഖയോ ഹാജരാക്കിയാൽ മാത്രമേ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണം തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ നൽകാവുവെന്ന് അനുശാസിക്കുന്നു.എന്നാൽ നഗരസഭ 2021-22വർഷത്തിൽ നമ്പർ നൽകിയ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ മേൽ ഉത്തരവിന് വിധേയമായ ഒറ്റതവണ നികുതി അടവാക്കിയതിന്റെയോ,വകുപ്പ് 7പ്രകാരമുള്ള റിട്ടേൻ സമർപ്പിച്ചതിന്റെ രേഖയോ ഹാജരാക്കാത്ത ചില കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതായി കണ്ടെത്തി.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 35/18-04-2023 ന് മറുപടി ലഭ്യമാക്കിയില്ല.ഉടർ വർഷങ്ങളിൽ മേൽ ഉത്തരവിൽ വിവരിക്കുന്ന രേഖകൾ ലഭ്യമാക്കിയശേഷം കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിന് സെക്രട്ടറി ശ്രദ്ധ നൽകേണ്ടതാണ്.

## 1-16 കെട്ടിടനിർമ്മാണ പെർമിറ്റ് -അപാകങ്ങൾ.

2021-22 വർഷത്തിൽ നഗരസഭയിലെ പെർമിറ്റ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ രജിസ്റ്റർ പരിപാലനം തൃപ്തികരമല്ലായെന്ന് ഓഡിറ്റ് കണ്ടെത്തി. ഏതാനും അപേക്ഷകളിൽ നിന്നും ഈടാക്കിയ ഫീസ് വിവരം രേഖപ്പെടുത്താതെയും, അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാതെയും അവശേഷിക്കുന്നതായി കണ്ടെത്തി. അപ്രകാരം കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A.

2021-22 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും പെർമിറ്റ് അപേക്ഷകളിൽ നിന്നും ഈടാക്കിയ പെർമിറ്റ് അപേക്ഷാ ഫീസിന്റെ വിവരം രജിസ്റ്ററിലോ, അപേക്ഷകളിലോ, രേഖപ്പെടുത്തിയിട്ടില്ല. അപ്രകാരം പെർമിറ്റ് ഫീസ് രേഖപ്പെടുത്താത്ത ഏതാനും ഫയലുകളുടെ വിവരം ചുവടെ വിവരിക്കുന്നു.

| ഫയൽ നമ്പർ | അപേക്ഷാ ഫീസ് |
|---|---|
| TP1/4859/21 | 30/- |
| TP1/5202/21 | 30/- |
| TP1/5210/21 | 30/- |
| TP1/5520/21 | 30/- |
| TP1/5533/21 | 30/- |
| TP1/5723/21 | 30/- |
| TP1/5804/21 | 30/- |
| TP1/6391/21 | 30/- |
| TP1/6422/21 | 30/- |
| TP1/6657/21 | 30/- |
| TP1/6921/21 | 30/- |
| TP1/6960/21 | 30/- |
| TP1/7750/21 | 30/- |
| TP1/7770/21 | 30/- |
| TP1/7765/21 | 30/- |
| TP1/8245/21 | 30/- |
| TP1/8933/21 | 30/- |
| TP1/8940/21 | 30/- |
| TP1/8912/21 | 30/- |

ഫീസ് ഈടാക്കിയതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 65/23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല .മേൽ വിവരിച്ച അപേക്ഷകളിൽ നിന്നും അപേക്ഷാ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും,ഫീസ് ഈടാക്കിയിട്ടില്ലായെങ്കിൽ ബന്ധപ്പെട്ട ഉദ്യാഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയ്ക്കേണ്ടതുമാണ്.

B. പെർമിറ്റ് ഫീസ് കുറവായി ഈടാക്കി.

നഗരസഭയിൽ 150 M2 -ന് മുകളിൽ വിസ്തീർണമുള്ള താമസ ഉപയോഗ കെട്ടിടങ്ങൾക്ക് 7രൂപ നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ ചുവടെ വിവരിക്കുന്ന കെട്ടിടത്തിൽ നിന്നും നിമാനുസൃത ഫീസ് ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 65/25-04-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല .

| ഫയൽ നമ്പർ | വിസ്തീർണം | ഈടാക്കേണ്ട ഫീസ് നിരക്ക് | ഈടാക്കിയ ഫീസ്, രസീത് നമ്പർ | ഈടാക്കേണ്ട ഫീസ് | കുറവ് തുക |
|---|---|---|---|---|---|
| TP1/9818/21 | 413.52m2 | 7/- | 2734/-<br>106171തിയതി-1/11/21 | 2895 | 161/- |

C.അപാകങ്ങൾ ഇല്ലാത്ത കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ 15 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്.എന്നാൽ ചുവടെ വിവരിക്കുന്ന അപേക്ഷകൾ നാളിതുവരെ സെക്രട്ടറി തീർപ്പാക്കി അനുമതി നൽകുകയോ,നിരാകരിക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിൽ കാരണം രേഖപ്പെടുത്തുകയോ,അപേക്ഷകന് അപാകങ്ങൾ വിവരിച്ച് രേഖാമൂലം അറിയിപ്പ് നൽകിയതിന്റെ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| ഫയൽ നമ്പർ, തീയതി | വിസ്തീർണം | ഫയൽ നമ്പർ, തീയതി | വിസ്തീർണം |
|---|---|---|---|
| TP1/5804/21, 4/5/2021 | 536.22 M2 | TP1/2622/22, 25/2/2022 | 145.65 M2 |
| TP1/6964/21, 2/7/2021 | 63.85 M2 | TP1/2583/22, 4/3/2022 | 119M2 |
| TP1/8551/21, 3/8/2021 | 97.47 M2 | TP1/3513/22, 11/3//2022 | 125.46 M2 |
| TP1/8912/21, 27/8/2021 | 395.40 M2 | TP1/2672/22, 5/3/2022 | 285.45 M2 |
| TP1/8976/21, 31/8/2021 | 166.37 M2 | TP1/3006/22, 11/3//2022 | 137.49 M2 |
| TP1/2320/22, 25/2/2022 | 948.48 M2 | TP1/3096/22, 11/3//2022 | 997.11 M2 |

വ്യക്തമായ കാരണം രേഖപ്പെടുത്താതെ പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കാത്തത് അംഗീകരിക്കാവുന്നതല്ല.മേൽ വിവരിച്ച കെട്ടിട പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 65/23/24.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ചെലവ് രേഖകൾ ഹാജരാക്കിയില്ല -ചെലവ് തുകയായ 15300/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ |
| പ്രോജക്റ്റ് നം | 74/22 |
| അടങ്കൽ തുക | 1055000 |
| ചെലവ് തുക | 410400 |
| ബിൽനം-/തീയതി | 148/01.11.2021 59100/-<br>177/18.11.2021 127800/-<br>195/08.12.2021 111000/-<br>234/10.01.2022 112500 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

പ്രസ്തുത പ്രോജക്റ്റ് നിർവ്വഹണത്തിനായി 5 കോഴികുഞ്ഞുങ്ങൾ വീതം 1368 ഗുണഭോക്താക്കൾക്ക് സബ്സിഡിയിനത്തിൽ 410400/-രൂപ നൽകിയിട്ടുണ്ട്. ബിൽ നം 234/10.01.2022 പ്രകാരമുള്ള 112500/ - രൂപയിൽ 255 കോഴിക്കുഞ്ഞുങ്ങൾക്ക് ശ്രീമതി പത്മകുമാരിയമ്മയ്ക്ക് 15300/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിയാരി കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.ആയത് ഹാജരാക്കുന്നതിനും, ഗുണഭോക്താക്കൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെ രേഖകൾ, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം-42/9.04.2023-ന് മറുപടി ലഭ്യമാക്കിയില്ല. 255 കോഴികുഞ്ഞുങ്ങൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 15300/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

29.11.2021 തീയതിയിലെ I(1)-ാം നമ്പർ തീരുമാനം

നഗരസഭയിലെ ഉളിയൂർ ശ്രീകൈപ്പള്ളി തമ്പുരാൻ ക്ഷേത്രം റോഡ്,പഴകുറ്റി ജംഗ്ഷൻ മുതൽഎയർടെൽ ടവർ വരെ 1500 മീറ്റർ നീളത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി.HDD/07 Method ആയതിനാൽ Restoration Charge ഇനത്തിൽ 698288/- രൂപയും, Underline Drilling നടത്തുമ്പോൾ റോഡിന് നാശനഷ്ടം സംഭവിക്കുമെന്നുള്ളതിനാൽ Trenching Excavation-ന്റെ തുകയായ 5614922/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായും ഈടാക്കാവുന്നതാണെന്ന് ഓവർസീയർ റിപ്പോർട്ട് ചെയ്തിരുന്നു.ആയതിന്റെ അടിസ്ഥാനത്തിലാണ് മേൽതീരുമാനം കൈകൊണ്ടിട്ടുള്ളത്.ഇത്തരത്തിൽ Restoration Charge, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം-1/11.04.23-ന് മറുപടി ലഭ്യമാക്കിയില്ല. Restoration Charge, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയതിന്റെ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-19 മുനിസിപ്പാലിറ്റിയുടെ ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണം

10.11.2021 തീയതിയിലെ I(2)-ാം നമ്പർ തീരുമാനം

പടവള്ളിക്കോണം വാർഡിൽ ലക്ഷം വീടിന് സമീപം ബ്ലോക്ക് നം.37-ൽ സർവ്വെ നം.484-71-ൽ പ്പെട്ട 10 സെന്റ് വസ്തു അളന്ന് തിട്ടപ്പെടുത്തുന്നതിന് റവന്യൂവകുപ്പിനോട് ആവശ്യപ്പെടുന്നതിനും, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും

തീരുമാനിക്കുകയുണ്ടായി.

24.12.2021- തീയതിയിലെ II-ാം നമ്പർ തീരുമാനം

നെടുമങ്ങാട് വില്ലേജ് സർവ്വേ നം 2722/1 പാളയത്തിൻ മുകൾ പുനരധിവാസ കോളനിയിൽപ്പെട്ട19 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് നഗരസഭയ്ക്ക്എതിർപ്പില്ലായെന്ന് തഹസിൽദാർക്ക് കത്ത് നൽകിയിരുന്നു.എന്നാൽ പ്രസ്തുത സ്ഥലം സെക്രട്ടറി നഗരസഭയുടെ പേരിൽ1218-ം നമ്പർ തണ്ടപേര് പ്രകാരം കാണപ്പെടുന്നതിനാൽ 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത ഭൂമി തരിശ്/ പുറമ്പോക്ക് ഇനത്തിൽ മാറ്റുന്നതിലേക്ക് ആവശ്യമായ നടപടി കൈകൊള്ളുന്നതിന് തീരുമാനിക്കുകയുണ്ടായി.

04.01.2022 തീയതിയിലെ I(2)-ാം നമ്പർ തീരുമാനം

മുക്കോല ലക്ഷം വീടിന് സമീപം സ്വകാര്യവ്യക്തി കൈയ്യേറിയ രണ്ടരസെന്റ് സ്ഥലം നഗരസഭയ്ക്ക് തിരികെ ലഭിക്കുന്നതിലേക്ക് അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് ലഭ്യമാക്കുന്നതിലേക്ക് റവന്യൂഅധികാരികളോട് ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയുണ്ടായി.

. 13.01.2022 തീയതിയിലെ XII-ാം നമ്പർ തീരുമാനം

നഗരസഭയിൽ കാവിയോട്ടുമുകൾ പൊയ്ക്കുഴി ഭാഗത്ത് പൊതുവഴി നിർമ്മിക്കുന്നതിനായ വിട്ട് നൽകിയ സർവ്വേ നം 67/27, 67/53,67/29, 67/52,67/28,67/13,67/12,67/37,67/39,74/15/11, 74/2, 74/1/1, 2938/1/2/1/1, 67/11,74/3 പ്രകാരമുള്ള വസ്തു നഗരസഭയുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയുണ്ടായി. മേൽ തീരുമാനങ്ങളുടെ തുടർ നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം-1/11.04.23 -ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സർവേ നമ്പരിലുള്ള ഭൂമികൾ അന്യാധീനപെടാതെ അളന്ന് തിട്ടപ്പെടുത്തി മുനിസിപ്പാലിറ്റിയുടെ ആസ്തിയായി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-20 ദുരിതാശ്വാസ നിധി നിർജീവം -പ്രവർത്തനം വിപുലമാക്കേണ്ടതാണ്.

2003-ലെ കേരള മുൻസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി,വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തിര ധനസഹായം നൽകുന്നതിന് ഓരോ നഗരസഭകളും ഓരോ പ്രമേയം വഴി മുൻസിപ്പൽ ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.ധനശേഖരണാടിസ്ഥാനമുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ,സംഘടനകൾ ,സ്ഥാപനങ്ങൾ എന്നിയിൽനിന്ന് സംഭാവനകൾ സ്ഥീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്.പ്രസ്തുത നിധിയുടെ വരവ്- ചെലവുകൾ കൈകാര്യംചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് തുടങ്ങേണ്ടതും,ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ

നൽകേണ്ടതുമാണ്.അപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും 2021-22വർഷത്തിൽ വാർഷിക ധനകാര്യപത്രികയിൽ ആകെ 4125 രൂപ മാത്രമേ വരവായി ലഭിച്ചിട്ടുള്ളു. ആയതിനെ തുടർന്ന് ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 25/17-04-2023 ന് മറുപടിയോ മറ്റു വിവരങ്ങളോ ലഭ്യമാക്കിയില്ല.നഗരസഭ പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിയ്ക്കാനും ,പ്രസ്തുത ഫണ്ടിന്റെ പ്രവർത്തനം വിപുലമാക്കാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ജനകീയഹോട്ടൽ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽ അറ്റകുറ്റപണികൾ നടത്തിപ്പിൽ അപാകത.50000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0206/2022(ജനകീയ ഹോട്ടൽ) |
| അടങ്കൽ തുക | 134121/-(പൊതുഫണ്ട് ) |
| ചെലവ് തുക | 134121/- |
| ബിൽ നമ്പർ | 14/21 -19/9/21- 60693/-<br>21/21 -11/10/21 33067/-<br>28/21 – 11/10/21 40361/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |

സർക്കാർ പ്രഖ്യാപിച്ച 12ഇന പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിച്ച ജനകീയ ഹോട്ടലുകളുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. നെടുമങ്ങാട് നഗരസഭാ പരിധിയിൽ പദ്ധതിപ്രകാരം 4ഹോട്ടലുകൾ നടത്തുന്നതിനായി തുക വകയിരുത്തി ചെലവഴിച്ചു. ഊട്ടുപുര,നിറവ്, രുചിയിടം എന്നീ ഹോട്ടലുകൾ വാടക കെട്ടിടങ്ങളിലും,സുഭിക്ഷം എന്ന ഹോട്ടൽനഗരസഭയുടെ സ്വന്തം കെട്ടിടത്തിലും പ്രവർത്തിച്ചു. പ്രസ്തുത ഹോട്ടലുകളുടെ വാടക നിശ്ചയിക്കുന്നതിനായി തയ്യാറാക്കിയ നിയമാനുസൃത വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.6/3/2020-ലെ സ.ഉ.കൈ.നമ്പർ 45/2020 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള 2020-21വാർഷിക പദ്ധതിയുടെ ഭാഗമാകേണ്ട 12ഇന പരിപാടിയുടെ മാർഗ്ഗരേഖ-1:3 പ്രകാരം ജനകീയ ഹോട്ടലുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് കെട്ടിടത്തിൽ ഏറ്റവും അത്യാവശ്യമായ അറ്റകുറ്റപണികൾ നടത്താവുന്നതാണ്. എന്നാൽ 7500/-രൂപ പ്രതിമാസം വാടക നൽകുന്ന ഊട്ടുപുര എന്ന ഹോട്ടൽ പ്രവർത്തിക്കുന്ന വാടകകെട്ടിടത്തിന്റെ മേൽക്കൂര മാറ്റുന്നതിനായി 19/9/21-ലെ 14/21നമ്പർ ബില്ലിൽ നിന്നും 50000/-രൂപ സി.ഡി.എസ് ചെയർപേഴ്സൺ മെമ്പർ സെക്രട്ടറിയുടെ പേരിലുള്ള 2683101009655 എന്ന അക്കൗണ്ടിലേയ്ക്ക് നൽകി. വാടകയ്ക്ക് എടുക്കുന്ന കെട്ടിടങ്ങൾ ഹോട്ടൽ പ്രവർത്തിക്കുന്ന വിധത്തിൽ മാറ്റുന്ന അറ്റകുറ്റ പണികൾക്കായി തുക ചെലവഴിക്കാമെങ്കിലും കെട്ടിടത്തിന്റെ മേൽക്കൂര മാറ്റുന്നതിന്(ഷീറ്റ് മേൽക്കര) തുക നൽകിയത് അംഗീകരിക്കാവുന്നതല്ല. കൂടാതെ ആയതിന്റെ നിയമാനുസൃത വാല്യുവേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിട ഉടമയുമായി ഒപ്പ് വച്ച കരാറിൽ വിവരിക്കുന്ന കെട്ടിട നമ്പർ 13/419(Old) സഞ്ചയിൽ പരിശോധിച്ചതിൽ HALL, SITOUT എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

12/2/2021-ലെ സ.ഉ.(സാധാ)400/2021 നമ്പർ ഉത്തരവിൽ 1.3 ആയി ജനകിയ ഹോട്ടൽ രൂപീകരണത്തിന് അനുയോജ്യമായ സ്ഥലം കുടുംബശ്രീ സി.ഡി.എസ് മുഖാന്തിരം കണ്ടെത്തേണ്ടതും ആയത് കുടുംബശ്രീ അസി.ഡിസ്ട്രിറ്റ് കോഡിനേറ്റർ തുടങ്ങിയവർ അടങ്ങിയ കമ്മിറ്റി അംഗീകരിക്കേണ്ടതുമാണ്. അപ്രകാരം ജനകീയ ഹോട്ടലുകൾക്ക് വേണ്ടി വാടകയ്ക്ക് എടുത്ത കെട്ടിടങ്ങൾ ഹോട്ടൽ ആയി പ്രവർത്തിക്കുന്നതിന് അനുയോജ്യമെന്ന് പ്രസ്തുത കമ്മിറ്റി സാക്ഷ്യപ്പെടുത്തിന്റെ രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 40/19-04-*23*-ന് ലഭ്യമാക്കിയ മറുപടിയിൽ വാടകയ്ക്ക് എടുത്ത കെട്ടിടങ്ങൾ കുടുംബശ്രീ അസി.ഡിസ്ട്രിറ്റ് കോഡിനേറ്റർ തുടങ്ങിയവർ അടങ്ങിയ കമ്മിറ്റി അംഗീകരിച്ചിട്ടില്ലായെന്നും, കെട്ടിടത്തിന്റെ മേൽകൂര മാറ്റിയിട്ടില്ലായെന്നും കെട്ടിടത്തിന്റ മുറ്റത്ത് ഉണ്ടായിരുന്ന ഓലഷെട്ട് നിലംപൊത്തിയതുകൊണ്ടാണ് ഷീറ്റ് പതിപ്പിച്ചതെന്നും അറിയിച്ചു. വാടകയ്ക്ക് എടുത്ത കെട്ടിടങ്ങൾ ജനകീയഹോട്ടൽ നടത്തുന്നതിന് അനുയോജ്യമെന്നുള്ള കുടുംബശ്രീ അസി.ഡിസ്ട്രിറ്റ് കോഡിനേറ്റർ അടങ്ങിയ കമ്മിറ്റിയുടെ സാക്ഷ്യപത്രവും,മേൽക്കൂര മാറ്റാൻ ചെലവഴിച്ച 50000 /-രൂപയുടെ നിയമാനുസൃത വാല്യുവേഷൻ സാക്ഷ്യപത്രവും ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച് 3 മാസത്തിനകം ഹാജരാക്കാത്തപക്ഷം പ്രസ്തുത തുക നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

## 1-22 സ്വച്ഛ ഭാരത് മിഷൻ പദ്ധതി പ്രകാരം ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ചെലവഴിക്കാതെ തിരിച്ചടച്ച

വീടുകളിലും പൊതുസ്ഥലങ്ങളിലും ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും, ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും വേണ്ടി കേന്ദ്ര സർക്കാർ ആരംഭിച്ച സ്വച്ഛ ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി, തെരഞ്ഞെടുക്കപ്പെട്ട 57 Urban Local Body കൾക്ക് 2017-18 -ൽ ആരംഭിച്ച് 5 വർഷം കൊണ്ട് പൂർത്തിയാക്കുന്ന രീതിയിൽ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളും, അനുബന്ധ പ്രവൃത്തികൾക്കുമായി വിപുലമായ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് കേന്ദ്ര സർക്കാർ ധനസഹായം അനുവദിച്ചിരുന്നു. ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന ടി പദ്ധതിക്കായി കേന്ദ്ര/സംസ്ഥാന/മുൻസിപ്പൽ ഫണ്ടുകൾ ഉൾപ്പെടുത്തി 4,30,58,428/- രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) നെടുമങ്ങാട് നഗരസഭ 19.04.2018 -ൽ തയ്യാറാക്കി സമർപ്പിച്ചിരുന്നു. ടി പദ്ധതിക്കായി 22.11.2018 -ൽ 94,13,649/- രൂപയും 28.02.2020 -ൽ 31,42,059/- രൂപയും നഗരസഭയ്ക്ക് അനുവദിച്ചതായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തുകയുണ്ടായി.

DPR തയ്യാറാക്കിയെങ്കിലും, അതിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പിലാക്കാനുള്ള സമയക്രമം/നിർവഹണരീതി എന്നിവ സംബന്ധിച്ച് Action Plan തയ്യാറാക്കുകയോ, സമയബന്ധിതമായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയോ ചെയ്തതായി കാണുന്നില്ല. പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാത്തത് മൂലം ചെലവാകാതെ അവശേഷിച്ച തുക തിരിച്ചടയ്ക്കണമെന്ന് ശുചിത്വ മിഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വർഷം 12.02.2022 തീയതിയിൽ ചെക്ക് നമ്പർ 6682 പ്രകാരം 75 ലക്ഷം രൂപ നെടുമങ്ങാട് നഗരസഭ ശുചിത്വ മിഷന് തിരിച്ചടയ്ക്കുകയുണ്ടായി. ഇതു കൂടാതെ മുൻവർഷങ്ങളിൽ, ടി പദ്ധതിക്കായി അനുവദിച്ച തുകയിൽ നിന്നും 10,94,243/- രൂപയും ശുചിത്വ മിഷന് പലപ്പോഴായി നഗരസഭ തിരികെ ഒടുക്കിയിട്ടുണ്ട്.

ടി പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ/ഉപേക്ഷിച്ച പദ്ധതികൾ, വരവ് ചെലവ് വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടികളും രേഖകളും നൽകിയിട്ടില്ല.

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

(1) പദ്ധതിയുടെ വിശദമായ വരവ്/ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

(2) DPR തയ്യാറാക്കിയെങ്കിലും, ആയത് നടപ്പിലാക്കാൻ വേണ്ട Action Plan തയ്യാറാക്കുകയോ, നിർവഹണ ഉദ്യോഗസ്ഥരെയോ/ഏജൻസികളെയോ ചുമതല ഏൽപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. പദ്ധതിയുടെ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ/പൂർത്തിയായവ/ഉപേക്ഷിച്ചവ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

(3) DPR തയ്യാറാക്കുന്നതിനായി Neo Energies, ബാലരാമപുരം എന്ന സ്ഥാപനത്തിന് നൽകിയ 13,70,417/- രൂപ ഒഴികെയുള്ള ചെലവുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. പദ്ധതിക്കായി അനുവദിച്ച ആകെ തുകയുടെ 68 ശതമാനവും തിരികെ ഒടുക്കാനിടയായത്, ഭരണ നിർവഹണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-23 വൈദ്യുതി ചാർജ്ജ് ഒടുക്കൽ – രേഖകൾ ഹാജരാക്കിയിട്ടില്ല/രജിസ്റ്റർ ശരിയാംവണ്ണം പരിപാലിക്കുന്നില്ല

നഗരസഭാ പരിധിയിലുള്ള തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്/ നഗരസഭയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിൽ വൻതുക പ്രതിമാസം വൈദ്യുതി ചാർജ്ജ് ഇനത്തിൽ നഗരസഭ KSEB യ്ക്കും ഒടുക്കുന്നുണ്ട്. എന്നാൽ ഓരോ സ്ഥാപനത്തിന്റേയും പ്രതിമാസ വൈദ്യുതി ചാർജ്ജ് ഡിമാന്റ്/ഒടുക്ക് എന്നിവ ബന്ധപ്പെട്ട രജിസ്റ്ററിൽ പ്രത്യേകം എഴുതി സൂക്ഷിക്കുന്നില്ല. ഇത് മൂലം ഓരോ സ്ഥാപനത്തിന്റേയും/കൺസ്യൂമർ നമ്പറിലേയും പ്രതിമാസ വൈദ്യുതി ചെലവ്, ഒടുക്ക്/കുടിശ്ശിക വിവരങ്ങൾ ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

തനത് ഫണ്ടിൽ നിന്നുള്ള പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കലിന്റെ വൗച്ചറുകൾക്കൊപ്പം, KSEB യുടെ ഡിമാന്റ് നോട്ടീസ്, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് Online Fund Transfer മുഖേന തുക ഒടുക്കുന്നതിനാലാണ് കൈപ്പറ്റ് രസീത് ലഭിക്കാത്തത് എന്ന് നഗരസഭ അറിയിച്ചു.

ഈ സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ, ബന്ധപ്പെട്ട രജിസ്റ്ററുകൾ ശരിയാംവണ്ണം പരിപാലിക്കേണ്ടതാണ്. നഗരസഭ വൈദ്യുതി ചാർജ്ജ് ഒടുക്കുന്ന ഓരോ കൺസ്യൂമർ നമ്പറിന്റേയും പ്രതിമാസ ഡിമാന്റ്/ഒടുക്ക് വിവരങ്ങൾ, സ്ഥാപനത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ വെവ്വേറെ രേഖപ്പെടുത്തി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ഉതകുംവിധം പരിപാലിക്കേണ്ടതാണ്.

## 1-24 പാലിയേറ്റീവ് കെയർ പ്രോജക്ട് - 14,00,000/- തുക തടസ്സം ചെയ്യുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ

പ്രോജക്ട് നം -57/22. പേര് -പാലിയേറ്റീവ് കെയർ

ബിൽ നം 1/21-22 Dt30/06/21 – Rs 7,00,000/

ബിൽ നം 7/21-22 Dt 05/10/21 – Rs 7,00,000/

ടി പ്രോജക്ടിനായി മരുന്നുകൾ വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം 14,00,000/ രൂപ Inhouse Drug Bank, SAT എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നു. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റേയും സ്റ്റോക്കിലെടുത്തതിന്റേയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (63/25.04.23) മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ടി പദ്ധതിക്കായി ചെലവിട്ട 14,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 വാടക നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്-

മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള നെട്ട കമ്മ്യൂണിറ്റി ഹാളും അംഗൻവാടിയും പ്രവർത്തിച്ചിരുന്ന നിലവിലെ കെട്ടിടം പുതുക്കി പണിത് പോക്സോ കോടതിക്ക്08/01/2021 ന് കൈമാറി.എന്നാൽ നാളിതുവരെ വാടക നിശ്ചയിച്ചിട്ടില്ല. മേൽ വിഷയത്തിൻമേൽ നല്കിയ എൻക്വയറിക്ക് മറുപടിയായി മേൽവസ്തുവിനെ സംബന്ധിച്ച ആധാരത്തിന്റെ പകർപ്പ്,കരം തീർത്ത രസീത്,എന്നിവ മുനിസിപ്പാലിറ്റിയിൽ ഇല്ലാത്തതിനാൽ വാടക നിശ്ചയിക്കുന്നതിനായി വില്ലേജ് ഓഫീസിൽ നിന്നും ലാന്റ് വാല്യുസർട്ടിഫിക്കറ്റ് ലഭിക്കാത്തതുകൊണ്ടാണ് വാടക നിശ്ചയിച്ച് ഈടാക്കാൻ സാധ്യമാകാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. സത്വര നടപടികൾ സ്വീകരിച്ച് കെട്ടിടം ആസ്തിയിലുൾപ്പെടുത്തി വാടക നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 അവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം

2021-22 സാമ്പത്തിക വർഷത്തിലെ മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ പദ്ധതി സംബന്ധമായ ഫയലുകൾ പരിശോധിച്ചതിൽ വിവിധ പദ്ധതികൾ വഴി വാങ്ങുന്ന അവശ്യ മരുന്നുകൾ ആശുപത്രിയിൽ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാജരാക്കിയ ഫയലുകളിൽ ഒന്നിലും സമയ ബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതിന് വിതരണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല . തുക മുൻകൂറായി നൽകിയിട്ടും അവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് ആശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വിശദ വിവരങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-26-1 മുൻകൂറായി തുക നൽകിയെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

<table>
<tr><td>പ്രോ. നം, പേര്</td><td colspan="4">49/22, നഗരസഭയുടെ കീഴിലെ ആരോഗ്യ സബ് സെന്ററുകളിലെ ഡോക്ടർക്ക് വേതനം നൽകൽ, മരുന്ന് ലഭ്യമാക്കൽ</td></tr>
<tr><td>നിർവ്വഹണ ഉദ്യോഗസ്ഥൻ</td><td colspan="4">മെഡിക്കൽ ഓഫീസർ (ഹോമിയോ)</td></tr>
<tr><td>അടങ്കൽ</td><td colspan="4">825000 (വികസന ഫണ്ട്, പൊതുവിഭാഗം, സാധാ.വിഹിതം)</td></tr>
<tr><td>ചെലവ്</td><td colspan="4">825000</td></tr>
<tr><td rowspan="3"></td><td colspan="4"></td></tr>
<tr><td>ക്രമ നം.</td><td>ബിൽ നം.</td><td>തീയതി</td><td>തുക</td></tr>
<tr><td></td><td></td><td></td><td></td></tr>
</table>

| | | | |
|---|---|---|---|
| 1 | 78 | 14/08/2021 | 67667 |
| 2 | 87 | 28/08/2021 | 70000 |
| 3 | 104 | 22/09/2021 | 35000 |
| 4 | 111 | 1/10/2021 | 35000 |
| 5 | 156 | 05/11/2021 | 35000 |
| 6 | 158 | 08/11/21 | 582333 |
| | | **ആകെ** | **825000** |

നെടുമങ്ങാട് നഗരസഭയിലെ ആരോഗ്യ സബ് സെന്ററുകളിൽ മരുന്ന് വാങ്ങാനും ഡോക്ടർക്ക് വേതനം നൽകുന്നതിനുമാണ് ടി പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. ടി പ്രോജക്ട് പ്രകാരം ഡോക്ടറുടെ വേതനത്തിനായി 242667 രൂപയും സബ് സെന്ററുകളിലേക്കാവശ്യമുള്ള മരുന്ന് വാങ്ങുന്നതിനായി 582333 രൂപയും ചെലവഴിച്ചിട്ടുണ്ട്. 08/11/2021 ൽ സ്ഥാപനത്തിന് 582333 രൂപ കൈമാറിയെങ്കിലും 94612 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു

**08/11/2021 ൽ കൈമാറിയ 582333 രൂപയ്ക്ക് നാളിതുവരെ ലഭ്യമായ മരുന്നുകളുടെ വിവരം**

| ക്രമ നം. | ഇൻവോയിസ് നം. (കാരുണ്യ മെഡിസിൻ ഡിപ്പോ) | മരുന്നുകൾ ലഭിച്ച തീയതി | ബിൽ തുക |
|---|---|---|---|
| 1 | 4466 | 16/06/22 | 117266 |
| 2 | 4465 | 16/06/22 | 293310 |
| 3 | 8911 | 22/08/22 | 1139 |
| 4 | 10000 | 01/09/22 | 14065 |
| 5 | 12373 | 28/09/22 | 3802 |
| 6 | 17150 | 15/11/22 | 122 |
| 7 | 18185 | 22/11/22 | 18562 |
| 8 | 19443 | 06/12/22 | 2547 |
| 9 | 19731 | 12/12/22 | 7605 |
| 10 | 21091 | 23/12/22 | 3603 |
| 11 | 11308 | 12/01/23 | 3416 |
| 12 | 23375 | 17/01/23 | 7075 |
| 13 | 26576 | 09/03/23 | 15209 |
| | | **ആകെ** | **487721** |

487721 രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെ ലഭിച്ചത്. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സ്ഥാപനവുമായി നടത്തിയിട്ടുള്ള കത്തിടപാടുകളെ സംബന്ധിക്കുന്ന യാതൊരുവിധ രേഖയും ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെട്ടിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കാനും മരുന്നുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുന്ന കരാർ പത്രിക പരിശോധനയ്ക്ക് ഹാജരാക്കാനും ഓഡിറ്റ് എൻക്വയറി നം. 32/18.04.23 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയോ കരാർ പത്രം പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൈമാറിയ തുകയ്ക്കുള്ള മുഴുവൻ മരുന്നും സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കാൻ വേണ്ട നടപടി കൾ സ്വീകരിക്കേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26-2 മരുന്നുകൾ പൂർണ്ണമായി ലഭിക്കുന്നതിന് ഒരു വർഷത്തിലധികം കാലതാമസം

| | |
|---|---|
| പ്രോ. നം, പേര് | 36/22, ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| | |

| | | | | |
|---|---|---|---|---|
| അടങ്കൽ | 320000 (വികസന ഫണ്ട്, പൊതുവിഭാഗം, സാധാ.വിഹിതം) | | | |
| ചെലവ് | 320000 | | | |
| | ക്രമ നം. | ബിൽ നം. | തീയതി | തുക |
| | 1 | 124 | 18-10-2021 | 300000 |
| | 2 | 182 | 29-11-2021 | 4236 |
| | 3 | 183 | 29-11-2021 | 15764 |
| | | | **ആകെ** | **320000** |

പ്രസ്തുത പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങുന്നതിലേക്കായി 300000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് ഫാർമസി ലിമിറ്റഡിന് (HOMCO) 18-10-2021 ൽ നൽകിയിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 99466 രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. തുടർ സാമ്പത്തിക വർഷത്തിലാണ് ബാക്കി മരുന്നുകൾ ലഭിച്ചത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| **ക്രമ നം.** | **ഇൻവോയിസ് നം.** | **മരുന്നുകൾ ലഭിച്ച തീയതി** | **തുക** |
|---|---|---|---|
| 1 | LF 2724 | 18-03-2022 | 99466 |
| 2 | LF 526 | 12-08-2022 | 105072 |
| 3 | LF 1344 | 16-12-2022 | 95463 |
| | | **ആകെ** | **300001** |

ക്രമ നം. 3 പ്രകാരമുള്ള മരുന്നുകൾ ലഭിക്കുന്നതിന് ഒരു വർഷത്തിലേറെ കാലതാമസം നേരിട്ടിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിലെ കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കാനും മരുന്നുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുന്ന കരാർ പത്രിക പരിശോധനയ്ക്ക് ഹാജരാക്കാനും ഓഡിറ്റ് എൻക്വയറി നം. 32/18.04.23 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയോ കരാർ പത്രം പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള കരാർ വ്യവസ്ഥകൾ ഉൾപ്പെടുന്ന കരാർ പത്രിക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഒപ്പിട്ട് കൈപ്പറ്റാനും കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ തുടർ നടപടികൾ സ്വീകരിക്കാനും വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ബയോ കമ്പോസ്റ്റർ വിതരണം-കരാർ കമ്പനിക്ക് അധിക തുക നല്കി-8,50,200/ രൂപ നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര് – 5000u ബയോ കമ്പോസ്റ്റർ വിതരണം.

പ്രോജക്ട് നം. - 300/22

നിർവഹണ ഉദ്യോഗസ്ഥൻ- ഹെൽത്ത് ഓഫീസർ

ഉറവിടമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 2021-22 ൽ നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം 5000u ബയോ കമ്പോസ്റ്റർ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. 21.03.2022 ലെ ഇൻവോയിസ് നമ്പർ 22 പ്രകാരം, 1000 യൂണിറ്റ് ബയോ കമ്പോസ്റ്റർ വിതരണം ചെയ്തതിന് വിതരണ ഏജൻസി ആവശ്യപ്പെട്ട 16,40,000/- രൂപയിൽ, ആദായ നികുതി കഴിച്ചുള്ള 14,76,000/- രൂപ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും (ചെക്ക് നമ്പർ 6688/30.03.2022 - രൂപ 6,25,800/-, ചെക്ക് നമ്പർ 222/30.03.2022 – രൂപ 8,50,200/-) നൽകുകയുണ്ടായി. എന്നാൽ ഇതേ ഇൻവോയിസ് പ്രകാരം CFC ഗ്രാന്റിൽ നിന്നും 25.03.2022 തീയതിയിൽ 8,50,200/- രൂപ ബിൽ നമ്പർ 555/25.03.2022 പ്രകാരം കരാർ കമ്പനിക്ക് നൽകിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം CFC ഗ്രാന്റിൽ നിന്നും 25.03.2022 ൽ നൽകിയ 8,50,200/- രൂപ പരിഗണിക്കാതെ 30.03.2022 ൽ ചെക്ക് നം. 222 പ്രകാരം ഇതേ തുക നൽകുക വഴി കരാർ കമ്പനിക്ക് 8,50,200/- രൂപ അധികം നൽകിയതായി കാണുന്നു. സി.എഫ്.സി. ഫണ്ടിൽ നിന്നും അധികമായി ചെലവ് ചെയ്ത 8,50,200/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദ വിവരങ്ങൾ ഭാഗം 3-1 ൽ ചേർത്തിരിക്കുന്നു

## 1-28 മാലിന്യ സംസ്കരണം-ആർ.ആർ.എഫ്.യൂണിറ്റിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങൾ

**<u>സ്ഥാപിച്ചിട്ടില്ല-ലക്ഷ്യം കൈവരിച്ചിട്ടില്ല-</u>**

നിർവഹണ ഉദ്യോഗസ്ഥൻ- ഹെൽത്ത് സൂപ്പർ വൈസർ.

പ്രോജക്ട് നം -292/22( RRF യൂണിറ്റിൽ ഡസ്റ്റ് റിമൂവർ,കൺവേയർബെൽറ്റ് സ്ഥാപിക്കൽ).

അടങ്കൽ - 600000/

(വികസനഫണ്ട് -50000/

ധനകാര്യ കമ്മീഷൻ-229350/

കേന്ദ്രാവിഷ്കൃതം -192500/

സംസ്ഥാനവിഷ്കൃതം-128150/)

ചെലവ് -229350/( ബിൽ നം . Pfms)

പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി നഗരസഭയിലെ പനങ്ങോട്ടേല എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള ആർ.ആർ.എഫ്. യൂണിറ്റിലേയ്ക്ക് ഡസ്റ്റ്റിമൂവർ,കൺവേയർ ബൽറ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ളതാണ് ഈ പ്രോജക്ട്.പ്രോജക്ട് നടത്തിപ്പിനായി ക്ലീൻ കേരള കമ്പനിയുമായി 23/02/22 ൽ 5,23,950/ രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടു.കരാർ വ്യവസ്ഥ പ്രകാരം ത്രീ-ഫേസ് കണക്ഷൻ ,സ്റ്റാർട്ടർ സ്വിച്ച് എന്നിവ ത.സ്വ.ഭ.സ്ഥാപനം നല്കേണ്ടതാണ്.31/3/22ൽ 2,29,350/രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ,ബാക്കി 2,94,600/ രൂപ അടുത്ത സാമ്പത്തിക വർഷത്തിൽ ( വൗച്ചർ നം 389/ തിയതി 22.11/7/22) ന് ശുചിത്വമിഷൻ ഫണ്ടിൽ നിന്ന് ക്ലീൻ കേരള കമ്പനിക്ക് നല്കിയതായി കാണുന്നു.ക്ലീൻ കേരള കമ്പനി യന്ത്ര സാമഗ്രികൾ , ആർ.ആർ.എഫിൽ എത്തിച്ചിട്ടുണ്ടെങ്കിലും അവയൊന്നും സ്ഥാപിച്ചിട്ടില്ലായെന്ന് 25/04/23 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. 2022-23 ൽ വാങ്ങിയ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ്,ബെയിലിംഗ് യൂണിറ്റ് എന്നിവയും ആർ.ആർ.എഫിൽ സ്ഥാപിച്ച്പ്രവർത്തന ക്ഷമമാക്കിയിട്ടില്ല.വാങ്ങിയ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ആർ.ആർ.എഫിൽ മാലിന്യങ്ങളുടെ തരംതിരിക്കൽ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല.ശേഖരിച്ച മാലിന്യങ്ങൾ തരം തിരിക്കാതെ കൂട്ടിയിട്ടിരിക്കുന്നതായാണ് കാണുന്നത്. ഇപ്രകാരം ഉറസ്സായ സ്ഥലത്ത് വലിയ തോതിൽ കൂട്ടിയിട്ടിരിക്കുന്ന പ്ലാസ്റ്റിക് /മറ്റു മാലിന്യങ്ങൾ തീ പിടിത്തം പോലുള്ള അപകട സാധ്യതയ്ക്കും,പരിസ്ഥിതി മലിനീകരണത്തിനും ഇടയാക്കും.(ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.)









കരാർ വ്യവസ്ഥ പ്രകാരം മെഷീനറികൾ സ്ഥാപിക്കുന്നതിനുള്ള ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലായെന്നും ബോധ്യപ്പെട്ടു . കരാർ ഒപ്പുവച്ച തിയതി മുതൽ ഒരു വർഷമാണ് വാറണ്ടി കാലാവധി. കാലാവധി കഴിഞ്ഞതിനാൽ ഈ മെഷീനറികൾക്കുണ്ടാകുന്ന കേടുപാടുകൾ നഗരസഭയുടെ ബാധ്യതയായി മാറുന്നതാണ്.കരാർ വ്യവസ്ഥ പ്രകാരം മെഷീനറികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം ക്ലീൻ കേരള തന്നെ നല്കേണ്ടതാണ്. ഈ വിഷയത്തെകുറിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 47 ന് മറുപടിയായി ത്രീ ഫേസ് നല്കുന്നതിനുള്ള പ്രവർത്തനം നടക്കുകയാണെന്നും ഒരു മാസത്തിനുള്ളിൽ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

എത്രയും വേഗം മെഷീനറികൾ സ്ഥാപിച്ച് അംഗങ്ങൾക്ക് പരിശീലനം നല്കി, ആർ.ആർ.എഫ്. പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രോജക്ട് നം | 70/22 |
| അടങ്കൽ തുക | 650000 |
| ചെലവ് തുക | 150000 |
| ബിൽനം-/ തീയതി | 187/01.12.2021 125000/-<br>211/29.12.2021 25000/- |
| നിർവ്വഹണം | വെറ്റിനറി സർജൻ |

പദ്ധതി നിർവ്വഹണം സംബന്ധിയായ രേഖകൾ പരിശോധിച്ചതിൽ നിന്നും ആനുകൂല്യം നൽകിയ ഗുണഭോക്താക്കളിൽ 4 പേർ കന്നുകുട്ടി ജനനരജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല. (ജാമിലബീവി, ഗീത, സലിം, സജീന.എൻ) പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-43/19.03.2023-ന് മറുപടി ലഭ്യമാക്കിയില്ല.ആയതിന് മറുപടി നൽകേണ്ടതാണ്.

പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി തൻവർഷം മുനിസിപ്പാലിറ്റി വിഹിതമായി 24 കന്നുകുട്ടികൾക്കായി 150000/-രൂപ മൃഗസംരക്ഷണവകുപ്പിന് കൈമാറിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ നൽകിയ മുഴുവൻ തുകയും ചെലവഴിച്ചതായി കാണുന്നില്ല.

| പദ്ധതി ആരംഭിച്ച വർഷം | കൈമാറിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാതെ വകുപ്പിന്റെ കൈവശം അവശേഷിക്കുന്ന തുക |
|---|---|---|---|
| 2019-20 | 143750 | 129156 | 14594 |
| 2020-21 | 150000 | 138720 | 11280 |
| 2021-22 | 150000 | 118064 | 31936 |

ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 റോഡ് പ്രവൃത്തികൾ നിർദ്ദേശം പാലിച്ചിട്ടില്ല.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്) നമ്പർ 17/2018/ ത.സ്വ.ഭ.വ. 02.02.2018 ലെ ഖണ്ഡിക 7.13.1 പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. നഗരസഭ തൻവർഷം നിരവധി റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ്, റോഡുമായി ബന്ധപ്പെട്ട ഓടകൾ, സൈഡുവാളുകൾ എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയല്ല ഇവ ഏറ്റെടുത്തിരിക്കുന്നത്.

ജി.ഒ (എം.എസ്) നമ്പർ 17/2018/ത.സ്വ.ഭ.വ 02.02.2018 ലെ ഖണ്ഡിക 7.13.9 പ്രകാരം ഗുണമേൻമയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. 2021-22 സാമ്പത്തിക വർഷമോ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തോ ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുത്തിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇത് സംബന്ധിച്ച

പരാമർശം ഉൾപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം - 12/2023തീയതി: 13.04.2023. പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

## 1-31 മരാമത്ത് പദ്ധതികളുടെ നിർവഹണം-സ്പിൽ ഓവർ പദ്ധതികളുടെ പൂർത്തീകരണം വൈകുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി 2021-22 വർഷം 157 പദ്ധതികൾ ഏറ്റെടുത്തിരുന്നു. എന്നാൽ സുലേഖ പത്രിക പ്രകാരം ആകെ 98 പദ്ധതികൾക്ക് മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. തൻവർഷം 59 പദ്ധതികൾക്ക് ചെലവ് വന്നിട്ടില്ല. ഇവയിൽ നിലവിൽ ഉപേക്ഷിച്ച പദ്ധതികൾ ഉൾപ്പെടെ ചെലവ് വന്നിട്ടില്ലാത്ത പദ്ധതികളുടെ വിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29.03.2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2021-'22 വർഷം ഏറ്റെടുത്ത 57 സ്പിൽ ഓവർ പ്രോജക്ടുകളിൽ 28 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല. സ.ഉ.(കൈ) നം.17/2018.ത.സ്വ.ഭ.വ. തീയതി.02.02.2018. ഖ.10 ൽ സ്പിൽ ഓവർ പദ്ധതികളുടെ തുടർ നടത്തിപ്പ് വ്യക്തമാക്കുന്നുണ്ട്. നടപ്പിലാക്കാത്ത പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കിയിട്ടില്ല. ഇവയിൽ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ വകയിരുത്തി ഏറ്റെടുത്ത പദ്ധതികളുടെ ഫണ്ടുകൾ പാഴാകാനുള്ള സാധ്യതയുണ്ട്. ഓഡിറ്റ് അന്വേഷണം -13/ 2023തീയതി: 13.04.2023 പ്രകാരം ഈ വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല

## 1-32 സംസ്ഥാനാവിഷ്കൃത ഫണ്ട് വകയിരുത്തിയിട്ടുള്ള മരാമത്ത് പ്രോജക്ടുകൾ തൻവർഷവും തുക ചെലവഴിച്ചിട്ടില്ല.

സംസ്ഥാനാവിഷ്കൃത ഫണ്ട് വകയിരുത്തി തൻവർഷം ഏറ്റെടുത്ത ചുവടെ പട്ടികയിൽ സൂചിപ്പിക്കുന്ന പ്രവൃത്തികൾക്ക് സുലേഖ പത്രിക പ്രകാരം ചെലവ് വന്നിട്ടില്ല.

| പദ്ധതി നം | പദ്ധതിയുടെ പേര് | സംസ്ഥാനാവിഷ്കൃത വിഹിതം വകയിരുത്തൽ |
|---|---|---|
| 311 | കർഷകസഹായ ഗ്രന്ഥശാല ടോയിലറ്റ് നിർമ്മാണം | 65334 |
| 254 | KSRTC ഡിപ്പോയിലെ ടോയ് ലറ്റ് ആധുനീകവൽകരണം | 1000000 |
| 200 | നഗരസഭയുടെ അധീനതയിലുള്ള കമ്മ്യൂണിറ്റി ഹാളുകളുകൾ,സ്കൂളുകൾ എന്നിവിടങ്ങളിൽ ടോയ് ലറ്റ് നിർമ്മാണം. | 2532710 |
| 255 | പഴകുറ്റി വെയർഹൗസിൽ വനിതകൾക്ക് ടോയ് ലറ്റ് നിർമ്മാണം | 1000000 |
| 252 | 12 ഇന പരിപാടിയോടനുബന്ധിച്ച് Take A Break നിർമ്മാണം | 1500000 |

പൊതുമരാമത്ത് പ്രവൃത്തികൾക്കായി സംസ്ഥാനാവിഷ്കൃത വിഹിതത്തിൽ ആകെ 6797044/-രൂപ വകയിരുത്തിയിട്ടുണ്ട്.എന്നാൽ ആകെ ചെലവ് 323013 മാത്രമാണ്. ഇതിൽ പദ്ധതി നം 252,254&255 എന്നിവ മുൻവർഷവും ഏറ്റെടുത്തിട്ട് നടപ്പിലാക്കാത്തവയാണ്. മേൽ സൂചിപ്പിച്ച പദ്ധതികൾ നാളിതുവരെയും നിർവഹിക്കാത്തതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.16/2023 തീയതി: 13.04.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

**1-33 8mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധിക തുക നല്കി-1552/-രൂപ തിരികെ ഈടാക്കേണ്ടതാണ്.**

നഗരസഭ നിർവഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തിയിൽ 8.Mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് 12mm സ്റ്റീൽ ബാറിന്റെ ഭാരം കണക്കാക്കിയതു മൂലം അധിക തുക നൽകേണ്ടതായി വന്നു. വിശദീകരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 229/22 |
| പ്രോജക്ടിന്റെ പേര് | മൂന്നാംകോണം കമ്മ്യൂണിറ്റിഹാളിന് ചുറ്റുമതിലും ലൈബ്രറി റൂം നിർമ്മാണവും |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| അടങ്കൽ | 872746 |
| ചെലവ് | 872746 |
| ബിൽ നം/ചെക്ക് നം തീയതി | 46/19.07.2021 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| എം ബുക്ക് നം | 102/21 |
| DSR/Cost Index | DSR 2016 /Cost Index-37.93% |
| Contract | Item Rate. |

മേൽ പരാമർശിച്ച പ്രവൃത്തിയിൽ എം ബുക്ക് (102/21) പേജ് നം 14 ൽ 40.32 മീറ്റർ 8.Mm സ്റ്റീൽ ബാർ ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ ആകെ ഭാരം 15.92 Kg ആണ് (40.32 M@0.395kg/M). എന്നാൽ ഇതിനു പകരം 12mm കമ്പിയുടെ ഭാരം ഇവിടെ കണക്കാക്കിയിരിക്കുന്നു. (40.32mX0.888kg/M=35.80kg). ആയതിനാൽ 19.88കി.ഗ്രാമിന് അധികതുക നൽകിയിട്ടുണ്ട്.

കണക്കാക്കേണ്ടിയിരുന്ന ഭാരം = 40.32 M@0.395kg/M= 15.92 Kg

കണക്കാക്കിയ ഭാരം = 40.32mX0.888kg/M=35.80kg

അധികം കണക്കാക്കിയ ഭാരം = 19.88kg

അധികം നൽകിയ തുക = 19.88kg @78.07/Kg= 1552/-രൂപ

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 52/23തീയതി: 20.04.2023. ന് മറുപടി ലഭ്യമാക്കിയില്ല. ഈയിനത്തിൽ നൽകിയ 1552/-രൂപ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-34 സിമന്റ് കോൺക്രീറ്റ് അധിക അളവ് രേഖപ്പെടുത്തി ചെലവ് ചെയ്തു.വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.**

Surface Dressing ചെയ്തിരിക്കുന്ന അളവിനെക്കാൾ അധിക ദൂരം കോൺക്രീറ്റ് പ്രവൃത്തി നിർവഹിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി തുക നൽകി. തൻമൂലം ഫണ്ട് ചെലവഴിച്ചതിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം | 172 |
| പ്രോജക്ടിന്റെ പേര് | പനങ്ങോട്ടേല തോടിന്റെ സൈഡ് വാൾ പൂർത്തീകരണം |
| ഫണ്ടിനം | കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാന്റ് |
| അടങ്കൽ | 318348 |
| ചെലവ് | 255184 |

| | |
|---|---|
| ബിൽ നം/ചെക്ക് നം തീയതി | 496/16.03.2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| എം ബുക്ക് നം | 26/21-22 |
| DSR/Cost Index | 2016/37.93% |
| Contract | 20.3% കുറവ് |

ടി പ്രവൃത്തിയാക്കായി I Road,II Road എന്നീ റീച്ചുകളായാണ് കോൺക്രീറ്റ് ചെയ്തിരിക്കുന്നത്. ഇതിൽ I Road നായി ചെയ്തിരിക്കുന്ന ഇനങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ചെയ്ത അളവ് | എം.ബുക്ക് പേജ് |
|---|---|---|
| ഇനം 1-1<br>Surface Dressing<br>(Od) | 1x1.90x1.60=3.04m2<br>1x3.00x1.28=3.84m2<br>1x10.0x1.20=12.00m2 | പേജ് നം 5 |
| ഇനം 1-3<br>Pcc 1:2:4<br>(75-8-1) | 1x1.90x1.60x0.10=0.304m3<br>1x30.0x1.28x0.10=3.84m3<br>1x10.0x1.20x0.10=1.20m3 | പേജ് നം 7 |

ഇവിടെ സിമന്റ് കോൺക്രീറ്റ് ചെയ്ത രണ്ടാമത്തെ അളവ് 30.0x1.28x0.10=3.84m3 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ ഇതിനായി ഇനം നം 1 ൽ Surface Dressing ചെയ്തിരിക്കുന്ന അളവ് 3.00x1.28=3.84m2 മാത്രമാണ്. ഇവിടെ കോൺക്രീറ്റിംഗിൽ 3 മീറ്റർ നീളം രേഖപ്പെടുത്തേണ്ടതിനു പകരം 30 മീറ്റർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോൺക്രീറ്റിന്റെ അളവ് രേഖപ്പെടുത്തേണ്ടിയിരുന്ന ഏരിയ 3.00x1.28x0.10 =0.384m3 മാത്രമാണ്.തൻമൂലം ഇവിടെ 3.456m3 (3.456m3 @7980.40) അധിക അളവ് രേഖപ്പെടുത്തി തുക നൽകേണ്ടിവന്നു.

അധികം രേഖപ്പെടുത്തിയ അളവ് - 3.456m3

അധികം ചെലവഴിച്ച തുക - 3.456m3 @7980.40=27580/-

ടെണ്ടർ കുറവ് -5599 (20.3%)

നഷ്ടം -21981/-(27580-5599)

ആയതിനാൽ ഈയിനത്തിൽ 21981/-രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 34/2023തീയതി: 18.04.2023.) മറുപടി ലഭ്യമാക്കിയില്ല. ടി വിഷയത്തിൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## <u>1-35 പൊതുമരാമത്ത് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. 26107872/-രൂപ.</u>

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ടുഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 274 | പനങ്ങോട്ടേല നീന്തൽകുളം കെട്ടിട അനുബന്ധ പ്രവൃത്തികൾ | 38,34,418 |
| 2 | 272 | പനയ്ക്കൽ റോഡ് സൈഡ് വാൾ കെട്ടലും കോൺക്രീറ്റിംഗും | 5,22,732 |
| 3 | 282 | ഉളിയൂർ വാർഡിലെ പറമ്പുവാരം കമ്മ്യൂണിറ്റിഹാൾ നിർമ്മാണം. | 13,45,640 |

| | | | |
|---|---|---|---|
| 4 | 317 | കരിപ്പൂര്-പള്ളം-തറട്ട റോഡ് പുനരുദ്ധാരണം | 5,25,000 |
| 5 | 287 | ഹൈമാസ്റ്റ്,മിനിമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി. | 2,83,957 |
| 6 | 280 | പനങ്ങോട്ടേല ചിറ നവീകരണം | 13,25,626 |
| 7 | 197 | പനങ്ങോട്ടേല ചിറ നവീകരണം | 21,14,467 |
| 8 | 239 | പനങ്ങോട്ടേല ചിറ സംരക്ഷണ പ്രവൃത്തികൾ. | 85,20,988 |
| 9 | 89 | കറ്റ് വെട്ടി-പേരില റോഡ് പുനരുദ്ധാരണം | 1,75,103 |
| 10 | 243 | തെള്ളിക്കുഴി-കുഴൽ കിണർ നിർമ്മാണം, പമ്പ് സെറ്റ് സ്ഥാപിക്കൽ, വെള്ളം എത്തിക്കൽ. | 88,811 |
| 11 | 198 | പൊതു കിണർ സംരക്ഷണം-മിനി കുടിവെള്ള പദ്ധതി. | 91,352 |
| 12 | 269 | മന്നൂർക്കോണം സ്കൂൾ റോഡ്-ട്രാൻസ്ഫോർമർ റോഡ് കോൺക്രീറ്റ്. | 8,19,587 |
| 13 | 273 | ആല ഇടറോഡ് കുന്നം ചർച്ച് റോഡ് പപ്പംകോണം മുളമുക്ക് റോഡ് കോൺക്രീറ്റ്. | 9,00,000 |
| 14 | 258 | നഗരസഭാ പ്രദേശത്തെ എൽ.ഇ.ഡി.ലൈറ്റുകളുടെ എ.എം.സി. | 19,99,032 |
| 15 | 138 | ചിൽഡ്രൻസ് പാർക്ക്- ഠൗൺ എൽ.പി.എസ്സ്-ചെല്ലാം കോട് എൽ.പി.എസ്സ്-ബി.യു.പി.എസ്സ്-എൽ.എം.എ.എൽ.പി.എസ്സ്-പൂവത്തൂർ എൽ.പി.എസ്സ്. | 1,74,609 |
| 16 | 219 | ഖാദി ബോർഡ് ട്രാൻസ്ഫോർമർ മുതൽ മൊട്ടൽമൂട് ക്ഷേത്രംവരെ റീടാറിംഗ് | 6,99,584 |
| 17 | 107 | പത്താം കല്ല് പാറക്കാട്-ഗ്യാസ് ഗോഡൗൺ റോഡ് പയ്യംപള്ളി പ്ലാക്കോണം റോഡ് പുനരുദ്ധാരണം. | 8,00,000 |
| 18 | 222 | പരിയാരം പൂവത്തൂർ ജലധാര റോഡ് റീടാറിംഗ് | 8,88,045 |
| 19 | 230 | തത്തൻകോട് ഓടനിർമ്മാണം സൈഡ് വാൾ. | 9,98,921 |
| **ആകെ** | | | **261,07,872** |

ഫയലുകൾ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 59/2023തീയതി: 24.04.2023.) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച ഫയലുകൾ പ്രകാരം ചെലവ് ചെയ്ത തുക 26107872/-തടസ്സം ചെയ്യുന്നു.

## 1-36 സുഭിക്ഷകേരളം പദ്ധതി-ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല രൂ.112640/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 99/2021-22 |
| പേര് | സുഭിക്ഷകേരളം പദ്ധതി-നെടുമങ്ങാട് നഗരസഭ പ്രദേശത്തെ കൃഷിയോഗ്യമായ തരിശ്ശുഭൂമിയിലും സ്ഥിരം കൃഷി ഭൂമിയിലും കൃഷിയിറക്കുന്ന കർഷകർക്കും കർഷകഗ്രൂപ്പുകൾക്കും സ്വയം സഹായ സംഘങ്ങൾക്കും ധനസഹായം |
| അടങ്കൽ | 800000/-(C.F.C) |
| ചെലവ് | 112640/- |
| സാംഖ്യാ ബിൽ നം. | 611തീ.31.03.2022രൂ.112640/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

മേൽ പ്രോജക്റ്റ് പരിശോധിക്കുന്നതിന് ഗുണഭോക്താക്കളുടെ അപേക്ഷകൾ,ചെലവിനാധാരമായ വൗച്ചറുകൾ, കൈപ്പറ്റ് വിവരങ്ങൾ,സ്റ്റോക്ക്-ഇഷ്യൂ രജിസ്റ്ററുകൾ എന്നിവ ഹാജരാക്കാൻ 13.04.2023 ലെ ഓഡിറ്റ് റിക്വസിഷൻ നംപർ 1 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവിട്ട രൂ.112640/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 അനധികൃതമായ മണ്ണ് ഖനനം തുടർനടപടി അനിവാര്യം

15.09.2021 തീയതിയിലെ 1(2)-ാം നമ്പർ തീരുമാനം

നഗരസഭ പരിധിയിലെ പ്രദേശങ്ങളിൽ ഡെവലപ്പ്മെന്റ് പെർമിറ്റിന്റെ മറവിൽ അനധികൃതമായി മണ്ണ് ഇടിച്ച് നീക്കം ചെയ്യുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ജിയോളജി വകുപ്പിന് കത്ത് നൽകുന്നതിന് തീരുമാനിച്ചു. ആയതിന്റെ തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-1/2021-22-ന് മറുപടി ലഭ്യമാക്കിയില്ല.പ്രസ്തുത വിഷയം ജിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി നഗരസഭ പരിധിയിലെ പ്രദേശങ്ങളിൽ നിന്ന് അനധികൃതമായി മണ്ണ് ഇടിച്ച് നീക്കം ചെയ്യുന്നതിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 കിണർ നിർമ്മാണത്തിന് ധനസഹായം- വാല്യുവേഷൻ സർട്ടിഫിന്റെ അഭാവത്തിൽ ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നു.

(1)

| | |
|---|---|
| പ്രോജക്റ്റ് നം. | SO 259/2021-22 |
| പേര് | പട്ടികജാതി കുടുംബങ്ങൾക്ക് കിണർ നിർമ്മാണത്തിന് ധനസഹായം |
| അടങ്കൽ | 78500(Scp) |
| ചെലവ് | 78500/- |
| ബിൽ നം | 10/2021-22 Dtd 17.11.2021 Rs 64500/-<br>21/2021-22 Dtd 21.01.2022 Rs 7000/-<br>31/2021-22 Dtd 22.02.2022 Rs 7000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | പട്ടിക ജാതി വികസന ഓഫീസർ |

16 പട്ടികജാതി കുടുംബങ്ങൾക്ക് കിണർ നിർമ്മാണത്തിനായി 17000/- രൂപ വീതം ധനസഹായം നൽകുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.ഇതിലേക്കായി 2020-21വർഷം അനുവദിച്ച 193500/- രൂപക്ക് തുടർച്ചയായാണ് 2021-22ൽ 78500/- രൂപ അനുവദിച്ചിരിക്കുന്നത്.

(2)

| | |
|---|---|
| പ്രോജക്റ്റ് നം. | SO260/2021-22 |
| പേര് | പട്ടിക വർഗ്ഗകുടുംബങ്ങൾക്ക് കുടിവെള്ള കിണർ |
| അടങ്കൽ | 25000(TSP) |
| ചെലവ് | 25000/- |
| ബിൽ നം | 06/2021-22 Dtd 29.10.2021 Rs 25000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | പട്ടിക ജാതി വികസന ഓഫീസർ |

2 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് (ശ്രീമതി ശോഭന.ബി, ആധാർ നം.501169608203, ശ്രീകുമാർ.ബി.ജെ,ആധാർ നം.489102681545) കിണർ നിർമ്മാണത്തിനായി 12500/- രൂപ വീതം ധനസഹായം നൽകുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.ഇതിലേക്കായി 2020-21വർഷം അനുവദിച്ച 25000/- രൂപക്ക് തുടർച്ചയായാണ് 2021-22ൽ 25000/- രൂപ അനുവദിച്ചിരിക്കുന്നത്.

മേൽ പരാമർശിച്ചിരിക്കുന്ന രണ്ട് പദ്ധതികളിലും ഗുണഭോക്താക്കൾക്ക് യഥാർത്ഥത്തിൽ ചെലവായ തുകയെന്ന നിരക്കിൽ ആനുകൂല്യത്തുകകൾ അനുവദിച്ചിരിക്കുന്നത് സാങ്കേതിക വിഭാഗം നൽകുന്ന Valuation Certificate, യഥാർത്ഥ ചെലവിനുള്ള വൗച്ചർ എന്നിവയുടെ അഭാവത്തിലാണ്.മേൽ അപാതക ഓഡിറ്റ് എൻക്വയറി നം. 28/2021-22 തീയതി 18.04.2023 മുഖാന്തിരം ചൂണ്ടിക്കാട്ടിയതിന് ടി പ്രോജക്റ്റിന്റെ നിർവ്വഹണ വേളയിൽ ആവശ്യമായ സ്ഥല പരിശോധനകൾ നടത്തിയിരുന്നുവെന്നും തൃപ്തികരമായി കിണർ നിർമ്മാണം പൂർത്തിയാക്കിയതിന് ശേഷമാണ്

ധനസഹായം അനുവദിച്ചിട്ടുള്ളതെന്നും തെളിവുകൾ സഹിതം (കിണറുകളുടെ ഫോട്ടോകൾ ഉൾപ്പെടുത്തി) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ തുടർ വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ സാങ്കേതിക വിഭാഗം നൽകുന്ന Valuation Certificate, യഥാർത്ഥ ചെലവിനുള്ള വൗച്ചർ എന്നിവ ഉൾപ്പെടുത്താമെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 കോവിഡ് പ്രതിരോധ പ്രവർത്തനം - ചെലവ് തുക 661263രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നം | 171/22 |
| പദ്ധതിയുടെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനം |
| അടങ്കൽ | 10500000<br>(പ്ലാൻ ഫണ്ട്-4000000,<br>തനത് ഫണ്ട് - 1000000,<br>മെയിന്റെനൻസ് ഫണ്ട് റോഡിതരം 5500000) |
| ചെലവ് | 6600680<br>(പ്ലാൻ ഫണ്ട്-3954818,<br>തനത് ഫണ്ട് - 948511,<br>മെയിന്റെനൻസ് ഫണ്ട് റോഡിതരം 1697351) |

2021-22 വർഷത്തിൽ മുനിസിപ്പൽ സെക്രട്ടറി നിർവഹണണോദ്യോഗസ്ഥനായ കോവിഡ് പ്രതിരോധ പ്രവർത്തനം എന്ന പദ്ധതിയുടെ നിർവഹണത്തിൽ താഴെപറയുന്ന അപാകങ്ങൾ കാണുന്നു. ടി അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 24.04.2023 ന് നൽകിയ 58ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല.

1. CFLTC, CSLTC, DCCഎന്നിവയുടെ ഹാജർ വിവരം (Admission/ Discharge വിവരങ്ങൾ) ഹാജരാക്കിയിട്ടില്ല .

2. 29.06.21 ലെ ബിൽ നം 12 പ്രകാരം 595531 രൂപ ചെലവിട്ടതിൽ 9000 രൂപ കോവിഡ് ബാധിച്ച മരണപ്പെട്ടവരുടെ ഓർമയ്ക്കായി ഓർമ്മമരം നടുന്നതിനു വേണ്ടി പാർവതി നഴ്സറി ഫാമിൽ നിന്നും വൃക്ഷ തൈകൾ വാങ്ങിയ ഇനത്തിൽ ചെലവിട്ടതാണ്. എന്നാൽ ഓർമമരങ്ങൾ എന്ന്,എവിടെ നട്ടു പരിപാലിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഓർമ്മമരങ്ങൾ നടുന്നത് സംബന്ധിച്ച കമ്മിറ്റി തീരുമാനത്തിന്റെ വിവരങ്ങൾ ലഭ്യമല്ല.ടി ചെലവിന് കോവിഡ് മോണിറ്ററിങ് സമിതിയുടെ അംഗീകാരമുണ്ടായിരുന്നതായി കാണുന്നില്ല. ആയതിനാൽ ടി ചെലവ് (9000 രൂപ )ഓഡിറ്റിൽ തടസ്സപ്പടുത്തുന്നു.

3. 16.03.2022 ലെ ബിൽ നം 56 പ്രകാരം ചെലവഴിച്ച 377212 രൂപയിൽ 221480 രൂപ Mumus Catering എന്ന സ്ഥാപനത്തിന് നൽകിയതാണ്. എന്നാൽ സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി ചെലവ് (221480 രൂപ )ഓഡിറ്റിൽ തടസ്സപ്പടുത്തുന്നു.

4. CFLTC പ്രവർത്തന കാലാവധി സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 2 ന് നൽകിയ മറുപടിയിൽ CSLTC പ്രവർത്തിച്ചത് 17.04.21 മുതൽ 31.10.21 വരെയാണെന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ CSLTC യിലേക്ക് 25.10.21 മുതൽ 29.11.21 വരെ ഭക്ഷണം നൽകിയ വകയിൽ Mumus Catering എന്ന സ്ഥാപനത്തിന് തനത്ഫണ്ടിൽ നിന്നും 28.01.2021 ൽ ( വൗച്ചർ നമ്പർ 1059, ചെക്ക് നമ്പർ 10443) 507000 രൂപ നൽകിയതായി കാണുന്നു. ( ടി തുക 22.2.22 ൽ പ്ലാൻ ഫണ്ട് വൗച്ചർ നമ്പർ 51 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും റീക്ലൂപ്പ് ചെയ്തിട്ടുണ്ട്). ആയതിനാൽ 31.10.2021ൽ പ്രവർത്തനം അവസാനിപ്പിച്ച CSLTC യിലേയ്ക്ക് ഭക്ഷണം നൽകിയ വകയിൽ Mumus Catering എന്ന സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരം പ്രവർത്തനം അവസാനിപ്പിച്ച ശേഷം (01.11.2021 മുതൽ 29.11.2021 വരെ) CSLTC ക്ക് ഭക്ഷണം നൽകിയ വകയിൽ ക്ലെയിം ചെയ്ത 375000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

5. 16.03.2022 ലെ വൗച്ചർ നം 56 പ്രകാരം CFLTC യിലെ 1/22 ലെ വൈദ്യുതി ചാർജ് ഇനത്തിൽ 77392 രൂപ KSEB ക്ക് നൽകിയിട്ടുണ്ട്. ബില്ല് പ്രകാരം ടി തുകയിൽ 55783 രൂപ മുൻകാല കുടിശ്ശിക ആണ്. ടി കുടിശ്ശിക തുക CFLTC പ്രവർത്തനം ആരംഭിച്ച ശേഷമുള്ള കുടിശ്ശികയാണോ എന്ന് വ്യക്തമല്ല. മറുപടിയുടെ അഭാവത്തിൽ കുടിശ്ശിക ഇനത്തിൽ ഒടുക്കിയ 55783 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-40 2019-20 ൽ നിർമ്മാണം ആരംഭിച്ച 'ആധുനിക-അറവുശാല' നാളിതുവരെ നിർമ്മാണം പൂർത്തിയായിട്ടില്ല

2019-20 ൽ DPC അംഗീകാരം ലഭിച്ച്, 'ആധുനിക അറവുശാല നിർമ്മാണം' എന്ന പദ്ധതിക്ക്, സിവിൽ, മെക്കാനിക്കൽ,

ഇലക്ട്രിക്കൽ വിഭാഗങ്ങളിലായി വ്യത്യസ്ത പ്രോജക്ടുകളിലൂടെ 2021-22 വരെ ആകെ 2,58,78,967/- രൂപ ചെലവിട്ടെങ്കിലും, ഓഡിറ്റ് വേളയിലും (ഏപ്രിൽ 2023) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രോജക്ട് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. 18.04.2023 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമാക്കിയിട്ടില്ല എന്നും അറവുശാല പ്രവർത്തനക്ഷമമല്ല എന്നും നേരിട്ട് ബോദ്ധ്യപ്പെട്ടു (ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു).




ടി പദ്ധതിയുടെ സിവിൽ പ്രോജക്ടുകളുടെ നിർവഹണ ചുമതല മുൻസിപ്പൽ എഞ്ചിനീയർക്കും, മെക്കാനിക്കൽ/ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ നിർവഹണ ചുമതല സെക്രട്ടറിക്കുമാണ്. 2020-21, 2021-22 വർഷങ്ങളിൽ ടി പ്രോജക്ടിനായി ചെലവിട്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**2020-21**

| ക്രമ നം. | പ്രോജക്ട് നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 367 (Spill Over) | മുൻസിപ്പൽ എഞ്ചിനീയർ | 60,00,000 | 43,04,111 |
| 2 | 251 (New) | മുൻസിപ്പൽ എഞ്ചിനീയർ | 25,00,000 | ഇല്ല |
| 3 | 269 (New) | സെക്രട്ടറി | 36,72,000 | 22,09,876 |
| 4 | 499 (New) | സെക്രട്ടറി | 1,93,64,980 | 80,94,180 |
| | | **ആകെ** | **3,15,36,980** | **1,07,34,467** |

**2021-22**

| ക്രമ നം. | പ്രോജക്ട് നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 215/2021-22 (Spill Over) | സെക്രട്ടറി | 1,12,70,800 | 1,12,70,800 |
| 2 | 265/2021-22 (Spill Over) | മുൻസിപ്പൽ എഞ്ചിനീയർ | 16,95,889 | ഇല്ല |
| 3 | 277/2021-22 (Spill Over) | മുൻസിപ്പൽ എഞ്ചിനീയർ | 25,00,000 | ഇല്ല |
| 4 | 195/2021-22 | മുൻസിപ്പൽ എഞ്ചിനീയർ | 30,00,000 | ഇല്ല |
| | | **ആകെ** | **1,84,66,689** | **1,12,70,800** |

ടി പ്രോജക്ടിന്റെ സിവിൽ വർക്കുകൾ വ്യത്യസ്ത പ്രോജക്ടുകളായി റെജികുമാരൻ തമ്പി, റ്റി. സുനിൽ കുമാർ, ആനാട് വിജയൻ എന്നീ കരാറുകാർ ഏറ്റെടുത്ത് പൂർത്തീകരിച്ചതായും മെക്കാനിക്കൽ, ഇലക്ട്രിക്കൽ കരാറുകൾ ഏറ്റെടുത്ത KEL (Kerala Electrical & Allied Engineering Co. Ltd) എന്ന പൊതുമേഖലാ സ്ഥാപനം മെഷീനുകൾ സ്ഥാപിക്കുകയും ഇലക്ട്രിഫിക്കേഷൻ ജോലി പൂർത്തിയാക്കിയതായും എന്നാൽ Effluent Treatment Plant, Biogas Plant എന്നിവയുടെ നിർമ്മാണം നടന്നിട്ടില്ലായെന്നും ഇത് കാരണമാണ് പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് എന്നുമാണ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി നൽകിയത്. Effluent Treatment Plant, Biogas Plant എന്നിവയ്ക്ക് ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാനുമതി ലഭിക്കാത്തതാണ് ടി പണികൾ മുടങ്ങിയതിന് കാരണമായി സെക്രട്ടറി അറിയിച്ചിട്ടുള്ളത്. മെക്കാനിക്കൽ/ഇലക്ട്രിക്കൽ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയാണ്.

അറവുശാലയുടെ മെക്കാനിക്കൽ പ്രവൃത്തികൾക്കും, Effluent Treatment Plant, Biogas Plant എന്നീ പ്രവൃത്തികൾക്കും വേണ്ടി തയ്യാറാക്കിയ DPR സാങ്കേതികാനുമതിക്കായി 25.11.2019 ൽ തന്നെ മുൻസിപ്പാലിറ്റി ശുചിത്വ മിഷന് സമർപ്പിച്ചിരുന്നുവെങ്കിലും 13.03.2020 – ലെ 763/C2/2011/SM നമ്പർ കത്ത് പ്രകാരം DPR ലെ മെക്കാനിക്കൽ പ്രവൃത്തികൾക്ക് മാത്രമാണ് (1,93,64,980/- രൂപ) ശുചിത്വ മിഷൻ സാങ്കേതികാനുമതി നൽകിയിട്ടുള്ളത്. ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കാനായിരുന്നു ശുചിത്വ മിഷൻ ശുപാർശ. എന്നാൽ 08.06.2020 ലെ നെടുമങ്ങാട് മുൻസിപ്പാലിറ്റിയിലെ ടെക്നിക്കൽ കമ്മിറ്റി (Slaughter House) തീരുമാനപ്രകാരം അക്രഡിറ്റഡ് ഏജൻസിയായ KEL -നെ മെക്കാനിക്കൽ ഇലക്ട്രിക്കൽ കരാറുകൾ ടെണ്ടർ കൂടാതെ ഏല്പിക്കുകയായിരുന്നു. 15.07.2020 – ൽ മുൻസിപ്പാലിറ്റി ഇതു സംബന്ധിച്ച് KEL കമ്പനിയുമായി കരാറിൽ ഒപ്പിട്ടു. 15.07.2020 – ലെ 4/Sec/Ndd/2020-21 നമ്പർ കരാർ പ്രകാരം മെക്കാനിക്കൽ ജോലികൾക്ക് 1,93,64,980/- രൂപയും, ഇലക്ട്രിക്കൽ ജോലികൾക്ക് 30,09,300/- രൂപയും ഉൾപ്പെടെ 2,23,74,280/- രൂപയ്ക്കായിരുന്നു KEL കമ്പനിയുമായുള്ള കരാർ. എന്നാൽ അറവുശാലയിൽ സ്ഥാപിക്കുന്നതിന് ആധുനിക യന്ത്രസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് KEL ടെണ്ടർ വിളിക്കുകയും 21.10.2020 ന് 'Meatek Food Machineries Pvt Ltd, Lucknow' എന്ന സ്ഥാപനത്തിന് ഉപകരാർ നൽകുകയും ചെയ്തതായി കാണുന്നു.

മുൻസിപ്പാലിറ്റി KEL -മായി ഒപ്പിട്ട 15.07.2020 ലെ കരാർ പ്രകാരം, കരാർ ഒപ്പിട്ട തീയതി മുതൽ 12 മാസത്തിനകം പണി പൂർത്തിയാക്കാം എന്ന് ഉറപ്പ് നൽകിയിരുന്നു. നാളിതുവരെ പൂർത്തീകരിച്ച മെക്കാനിക്കൽ, ഇലക്ട്രിക്കൽ പണികൾക്ക് താഴെപ്പറയും പ്രകാം ഓഡിറ്റ് വർഷം വരെ (2021-22വരെ) ആകെ 2,06,50,467/- രൂപ KEL കമ്പനിക്ക് നൽകിയിട്ടുണ്ട്.

**2020-21**

| ക്രമ നം. | പ്രോജക്ട് നമ്പർ | അടങ്കൽ |
|---|---|---|
| 1 | 499 | 80,94,180 |
| 2 | 269 | 22,09,876 |
| | **ആകെ** | **1,03,04,056** |

**2021-22**

| ക്രമ നം. | പ്രോജക്ട് നമ്പർ | അടങ്കൽ |
|---|---|---|
| 1 | 215 | 10346411 |

**ആകെ - 10304056 + 10346411 = 2,06,50,467/-**

ഇത് കൂടാതെ പ്ലാന്റിന്റെ പ്രവർത്തനത്തിനായി 3 Phase Dedicated ഇലക്ട്രിക്കൽ ലൈൻ Dedicated 100 KVA ട്രാൻസ്ഫോമർ Dedicated Feeder എന്നിവയ്ക്ക് 2021-22 വർഷത്തിൽ പ്രോജക്ട് നമ്പർ 215 പ്രകാരം 9,24,389/- രൂപ വൈദ്യുതി ബോർഡിനും ഒടുക്കിയിട്ടുണ്ട്. ടി വർക്കുകളിൽ, ട്രാൻസ്ഫോമർ വൈദ്യുതി ബോർഡ് സ്ഥാപിച്ചതായാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി നൽകിയ മറുപടി. മറ്റ് പ്രവൃത്തികൾ ബോർഡ് പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. കരാർ പ്രകാരം പണി പൂർത്തിയാക്കേണ്ട 15.07.2021 തീയതി കഴിഞ്ഞ് ഒരു വർഷത്തിലധികം പിന്നിട്ടിട്ടും, KEL മെക്കാനിക്കൽ, ഇലക്ട്രിക്കൽ പണികൾ പൂർത്തീകരിച്ചിട്ടില്ല. മുൻസിപ്പാലിറ്റി KEL കമ്പനിയുമായി ഒപ്പിട്ട കരാർ പ്രകാരം (ഖണ്ഡിക 6) കമ്പനി പ്രതിമാസ പ്രവർത്തന പുരോഗതി, മുൻസിപ്പാലിറ്റിയെ അറിയിക്കേണ്ടതാണ്. എന്നാൽ അപ്രകാരം യാതൊരു വിവരവും കമ്പനി, മുൻസിപ്പാലിറ്റിയെ അറിയിച്ചതായി കാണുന്നില്ല. ചുരുക്കത്തിൽ 2019-20 ൽ ആരംഭിച്ച് 2021-22 വരെ 2,58,78,967/- രൂപ ചെലവിട്ടശേഷവും, അറവുശാല പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത്, KEL പണി പൂർത്തിയാക്കാത്തത് കൊണ്ടും, Effluent Treatment Plant, Biogas Plant എന്നിവയ്ക്ക് സാങ്കേതികാനുമതി ലഭിക്കാത്തത് കൊണ്ടും ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ ഏജൻസികളുടെ അംഗീകാരവും നാളിതുവരെ ലഭിച്ചിട്ടില്ല. പ്ലാന്റ് പ്രവർത്തനം ആരംഭിക്കാത്തത് മൂലം, സ്ഥാപിച്ച അത്യാധുനിക യന്ത്രങ്ങൾ നശിച്ച് പോകാനും, വാറണ്ടി നഷ്ടപ്പെടാനും, പൊതു പണത്തിന്റെ ദുർവ്യയത്തിനും ഇടയാകും. ആയതിനാൽ ഇക്കാര്യത്തിൽ മുൻസിപ്പൽ ഭരണ സമിതിയുടേയും ഭരണ വകുപ്പിന്റേയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്. അക്രഡിറ്റഡ് ഏജൻസികളുടെ ഭാഗത്ത് നിന്ന് കരാർ ലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

## 1-41 കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങൽ ; അധികമായി നൽകിയ 134722 രൂപ

## തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 283/2022 |
| പേര് | പാളയത്തിൻമുകൾ കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങൽ |
| അടങ്കൽ | 1700000/- (വി.ഫ-എസ്.സി.പി) |
| ചെലവ് | രൂ. 1630190/- |
| ബിൽ നം. | 62/2021-22 തീ 30.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. പാളയത്തിൻമുകൾ കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങൽ പദ്ധതിയ്ക്ക് ഭൂമി നൽകാൻ താത്പര്യമുള്ള വ്യക്തികളിൽ നിന്നും ഓഫറുകൾ സ്വീകരിച്ചുകൊണ്ട് നഗരസഭ ദേശാഭിമാനി പത്രത്തിൽ 10/12/2021 ൽ നൽകിയ പത്ര പരസ്യത്തിന് ശ്രീ രമേഷ്കുമാർ കിഴക്കേ കുന്നംപുറം എന്ന ഒരു വ്യക്തിയുടെ ഓഫർ മാത്രമാണ് ലഭ്യമായത്. ടിയാന്റെ ഉടമസ്ഥതയിലുള്ള നെടുമങ്ങാട് വില്ലേജിലെ ബ്ലോക്ക് നം. 35, റീസർവ്വേ നം. 136/10 ലെ 04 ആർ 89 ച.മീ. സ്ഥലം നഗരസഭാ സെക്രട്ടറി പേർക്ക് 26-03-2022 ൽ 1481945 രൂപയ്ക്ക് വിലയാധാര പ്രകാരം കൈമാറിയതായി കാണുന്നു. മേപ്പടി വസ്തുവിന് നെടുമങ്ങാട് തഹസിൽദാർ 18-03-2022 ൽ A7/ 4057/22 നമ്പരായി നിശ്ചയിച്ച് അറിയിച്ച വില 1347223 രൂപയാണ്. ശ്രീ രമേഷ് കുമാർ 22-01-2022 ന് സെക്രട്ടറി പേർക്ക് മുദ്രപത്രത്തിൽ എഴുതി നൽകിയ സമ്മത പത്രപ്രകാരം ടിയാന്റെ വക വസ്തു സെന്റ് ഒന്നിന് 1.5 ലക്ഷം രൂപയ്ക്കോ , തഹസിൽദാർ നിശ്ചയിക്കുന്ന വിലയ്ക്കോ ഏതാണോ കുറവ് ടി വിലയ്ക്ക് തന്നുകൊള്ളാം എന്ന് സമ്മതിച്ചതായി കാണുന്നു. ഇപ്രകാരം ടിയാൻ സമ്മതിച്ച സാഹചര്യത്തിൽ ടി വസ്തുവിന് നെടുമങ്ങാട് തഹസിൽദാർ നിശ്ചയിച്ച വിലയായ 1347223 രൂപ നൽകുന്നതിന് പകരം ഭൂമി വിലയായി 1481945 രൂ. നൽകാനിടയായ സാഹചര്യത്തിന് വിശദീകരണം ആവശ്യപ്പെട്ട് 13-04-2023 ന് നൽകിയ 8 ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് സർക്കാർ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായിരുന്ന വർദ്ധനവ് കൗൺസിലിന്റെ 18-03-2022 തീയതിയിലെ IX - ാം നം. തീരുമാന പ്രകാരം നൽകുകയാണുണ്ടായത് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

എന്നാൽ സെന്റ് ഒന്നിന് 1.5 ലക്ഷം രൂപയ്ക്കോ, തഹസിൽദാർ നിശ്ചയിക്കുന്ന വിലയ്ക്കോ ഏതാണോ കുറവ് ടി വിലയ്ക്ക് നൽകിക്കൊള്ളാം എന്ന് വസ്തു ഉടമ സമ്മത പത്രം നൽകിയ സാഹചര്യത്തിലും, വസ്തു ഉടമ അധിക നിരക്ക് ആവശ്യപ്പെടാത്ത സാഹചര്യത്തിലും ടിയാൻ ആവശ്യപ്പെട്ടതിലും അധികമായി നൽകിയ 134722 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് വസ്തു വാങ്ങുന്നതിന് 30-01-2020 ലെ GO(P) No. 10/2020/TD ഉത്തരവ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയും രജ്സ്ട്രേഷൻ ഫീസും ഒഴിവാക്കിയിട്ടുള്ളതായി പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ സ്റ്റാമ്പ് ഡ്യൂട്ടി, രജ്സ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിലായി നെടുമങ്ങാട് സബ്. രജിസ്ട്രാർക്ക് 148245 രൂപ ഒടുക്കിയിട്ടുള്ളതായി കാണുന്നു. ആയത് തിരികെ ലഭിക്കുന്നതിന് മുനിസിപ്പാലിറ്റി 31-03-2022ൽ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഫീ ഇനത്തിൽ ഒടുക്കിയ 29765 രൂപ തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഒടുക്കിയ തുക തിരികെ ലഭിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം/ തുടർ നടപടി സംബന്ധമായ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 കാവിയോട്ടുമുകൾ കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

| | |
|---|---|
| പദ്ധതി നം. | 294/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| പദ്ധതിയുടെ പേര് | കാവിയോട്ടുമുകൾ കുടിവെള്ള പദ്ധതി |
| അടങ്കൽ | 1000000 (എസ്.സി.പി) |
| ചെലവ് | 93680 |

മേൽ പദ്ധതി പ്രകാരം കുഴൽ കിണർ നിർമ്മിച്ച് ടവർ, ടാങ്ക്, പൈപ്പ്ലൈൻ എന്നിവ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനാണ് ലക്ഷ്യമിട്ടത്. എന്നാൽ തൻവർഷം നടത്തിയ ചെലവ് ഭൂഗർഭ ജല വകുപ്പിന് കുഴൽ കിണർ നിർമ്മിക്കാനായി ഒടുക്കിയ 93680 രൂപ മാത്രമാണ്. പദ്ധതി എന്ന് പൂർത്തിയാക്കി/ ടി പദ്ധതിയുടെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 60/25.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കാവിയോട്ടുമുകൾ കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബയോ കമ്പോസ്റ്റർ വിതരണം-കരാർ കമ്പനിക്ക് അധിക തുക നല്കി-8,50,200/ രൂപ നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര് – 5000u ബയോ കമ്പോസ്റ്റർ വിതരണം.

പ്രോജക്ട് നം. - 300/22

നിർവഹണ ഉദ്യോഗസ്ഥൻ- ഹെൽത്ത് ഓഫീസർ

അടങ്കൽ – 90,00,000/- രൂപ

ചെലവ് – 37,53,000/- രൂപ (CFC ഗ്രാന്റ്)

ഉറവിടമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 2021-22 ൽ നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം 5000u ബയോ കമ്പോസ്റ്റർ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ക്വട്ടേഷൻ ക്ഷണിക്കുകയും, കുറഞ്ഞ തുക ക്വാട്ട് ചെയ്ത സാൻറാ മരിയ എന്ന സ്ഥാപനത്തിൽ നിന്നും യൂണിറ്റിന് 1640/- രൂപ നിരക്കിൽ ബയോ കമ്പോസ്റ്റർ വാങ്ങാൻ 19.01.22 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ വ്യവസ്ഥ (6) പ്രകാരം കംമ്പോസ്റ്റർ ബിൻ സ്ഥാപിച്ച് തൃപ്തികരമെങ്കിൽ മാത്രം തുക അനുവദിക്കുന്നതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടി പദ്ധതിക്കായി കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷാഫാം, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയില്ല.

2) ശുചിത്വ മിഷനിൽ നിന്നും ചെലവ് ചെയ്ത തുകയായ 14,76,000 / രൂപയുടെ ചെലവ് വിവരം സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) 21.03.2022 ലെ ഇൻവോയിസ് നമ്പർ 22 പ്രകാരം, 1000 യൂണിറ്റ് വിതരണം ചെയ്തതിന് കമ്പനി ആവശ്യപ്പെട്ട 16,40,000/- രൂപയിൽ, ആദായ നികുതി കഴിച്ചുള്ള 14,76,000/- രൂപ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും (ചെക്ക് നമ്പർ 6688/30.03.2022 - രൂപ 6,25,800/-, ചെക്ക് നമ്പർ 222/30.03.2022 – രൂപ 8,50,200/-) നൽകുകയുണ്ടായി. എന്നാൽ ഇതേ ഇൻവോയിസ് പ്രകാരം CFC ഗ്രാന്റിൽ നിന്നും 25.03.2022 തീയതിയിൽ 8,50,200/- രൂപ ബിൽ നമ്പർ 555/25.03.2022 പ്രകാരം കരാർ കമ്പനിക്ക് നൽകിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം CFC ഗ്രാന്റിൽ നിന്നും 25.03.2022 ൽ നൽകിയ 8,50,200/- രൂപ പരിഗണിക്കാതെ 30.03.2022 ൽ ചെക്ക് നം. 222 പ്രകാരം ഇതേ തുക നൽകുക വഴി കരാർ കമ്പനിക്ക് 8,50,200/- രൂപ അധികം നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 67 ലൂടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മറുപടി നൽകിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ സി.എഫ്.സി. ഫണ്ടിൽ നിന്നും അധികമായി ചെലവ് ചെയ്ത 8,50,200/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | മുൻകൂർ നൽകിയ തുക | | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| | | പദ്ധതി നം, പദ്ധതിയുടെ പേര് | നൽകിയ തുക | | | |
| കേരള വാട്ടർ അതോറിറ്റി | | 196,നഗരസഭയുടെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 8550000 | 8550000 | 4947200 | 3602800 |

അപാകം ഖണ്ഡിക 1-2 -15ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു

| വായ്പ | മുന്നിരിപ്പ് (B-5,20-21) | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (B-5,21-22) |
|---|---|---|---|---|---|
| KURDFC ലോൺ | 5916248 | - | 5916248 | 3933377 | 1982871 |
| HUDCO ലോൺ | 248245333 | - | 248245333 | 15905267 | 232340066 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

2021-22 ലെ സ്ഥിരനിക്ഷേപങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥിരനിക്ഷേപസർട്ടിഫിക്കറ്റ്/ റസീപ്റ്റ് നമ്പർ | നിക്ഷേപ തുക | നിക്ഷേപിച്ച തീയതി | മെച്യൂരിറ്റി തീയതി | പലിശ നിരക്ക് | നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 7700655504 | 3059597 | 07.07.2021 | 07.07.2022 | 5.1 | SBI |
| 2 | 10720300141497 | 4061837 | 03.10.2021 | 03.02.2023 | 5.35 | Federal Bank |
| 3 | 10720300141485 | 10752954 | 03.10.2021 | 03.02.2023 | 5.35 | Federal Bank |
| 4 | 10720300141471 | 10752954 | 03.10.2021 | 03.02.2023 | 5.35 | Federal Bank |
| 5 | 903954 | 6372138 | 03.02.2022 | 03.02.2023 | 4.9 | Bank Of Baroda |
| 6 | 190043 | 3009165 | 10.01.2022 | 10.01.2023 | 6.25 | District Coperative Bank |

അപാകത ഖ 1-2-10ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 6.2.3 | 2015 | ലഭ്യമല്ല | ഷോപ്പിംഗ് കോംപ്ലക്സ് | നിലനിൽക്കുന്നു |
| 2014-15 | 2.1,2.2 | 2016 | ലഭ്യമല്ല | ഷോപ്പിംഗ് കോംപ്ലക്സ് | നിലനിൽക്കുന്നു |
| 2016-17 | 3.1 | 2017-18 | 1.3.3 | നെടുമങ്ങാട് മാർക്കറ്റ് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 7,96,14,039.25 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 340625052.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 336280370.00 |
| നീക്കിയിരിപ്പ് | 83958721.25 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,50,200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,84,81,797 |

(ബി) മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8,50,200 | ബാബുരാജ്, ഹെൽത്ത് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 15,300 | ശ്രീമതി സരിത വിജയൻ,<br>സീനിയർ വെറ്ററിനറി സർജൻ |
| 1-21 | 50,000 | ശ്രീ രാജൻ റ്റി, പ്രോജക്റ്റ് ഓഫീസർ |
| 1-24 | 14,00,000 | ഡോ. ശ്യാംകുമാർ കെ. കെ, മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി നെടുമങ്ങാട്-700000<br>ഡോ. നിത എസ് നായർ, മെഡിക്കൽ ഓഫീസർ,<br>ജില്ലാ ആശുപത്രി നെടുമങ്ങാട്-700000 |
| 1-35 | 2,61,07,872 | ശ്രീ അനോജ് കുമാർ പി. ആർ, അസി. എഞ്ചിനീയർ |
| 1-36 | 1,12,640 | ശ്രീമതി സുനിമോൾ പി , എ എഫ് ഒ |
| 1-39 | 6,61,263 | ശ്രീ. ഷെറി. ജി- സെക്രട്ടറി -9000+375000<br>ശ്രീ അബ്ദുൾ സജീം എസ് -സെക്രട്ടറി-221480+55783 |
| 1-41 | 1,34,722 | ശ്രീ അബ്ദുൾ സജീം എസ്, സെക്രട്ടറി |
| ആകെ | 2,84,81,797 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സരിത വിജയൻ, സീനിയർ വെറ്ററിനറി സർജൻ | വെറ്ററിനറി പോളി ക്ലിനിക്ക്,നെടുമങ്ങാട്. | NRRA, B-29, ഉത്രാടം ഗാർഡൻ, PKP റോഡ്, വട്ടിയൂർക്കാവ്. |
| ശ്രീ രാജൻ റ്റി, പ്രോജക്ട് ഓഫീസർ | മുനിസിപ്പൽ ഓഫീസ്, നെടുമങ്ങാട്. | RB ക്വാർട്ടേഴ്സ്, കൊടിയിൽക്കോണം ലെയിൻ, പുതുച്ചെരി മുക്ക്, കാര്യവട്ടം |
| ഡോ. ശ്യാംകുമാർ കെ. കെ, മെഡിക്കൽ ഓഫീസർ | ജില്ലാ ആശുപത്രി നെടുമങ്ങാട് | കാർത്തിക ഭവൻ, ചെറിയനാട് പി ഒ, ചെങ്ങന്നൂർ, ആലപ്പുഴ |
| ഡോ. നിത എസ് നായർ, മെഡിക്കൽ ഓഫീസർ | ജില്ലാ ആശുപത്രി നെടുമങ്ങാട് | TC 4/682, പുന്നവിളാകത്ത് വീട്, ശ്രീ വിലാസം ലെയിൻ , കവടിയാർ, തിരുവനന്തപുരം |
| ശ്രീ അനോജ് കുമാർ പി. ആർ, അസി. എഞ്ചിനീയർ | മുനിസിപ്പൽ ഓഫീസ്, നെടുമങ്ങാട്. | അനോജ് ഭവൻ, വെട്ടമ്പള്ളി, ഇരിഞ്ചയം, നെടുമങ്ങാട്. |
| ശ്രീമതി സുനിമോൾ പി , എ എഫ് ഒ | എ. എഫ്. ഓഫീസ്, നെടുമങ്ങാട് | സത്യ വിലാസം, ചായ്കുളം വീരണകാവ് |
| ശ്രീ. ഷെറി. ജി- സെക്രട്ടറി | മുനിസിപ്പൽ ഓഫീസ്, നെടുമങ്ങാട്. | സിസ്റ്റൂരം, വേങ്കവിള , നെടുമങ്ങാട്. |
| ശ്രീ അബ്ദുൾ സജീം എസ്, സെക്രട്ടറി | മുനിസിപ്പൽ ഓഫീസ്, നെടുമങ്ങാട്. | ഡ്രീംസ്, ഹൈവേ ഗാർഡൻസ്, തോന്നയ്ക്കൽ പി ഒ, തിരുവനന്തപുരം. |
| ശ്രീ ബാബുരാജ്, ഹെൽത്ത് സൂപ്പർവൈസർ | മുനിസിപ്പൽ ഓഫീസ്, നെടുമങ്ങാട്. | തപസ്യ, VRP 536/C, വെങ്ങാനൂർ പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷികകുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി.എം.എൽ/4/795/2000, തീയതി 02.01.2003 | 40 |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ/65/04, തീയതി.22.12.2004 | 40 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ/473/08, തീയതി.24.10.2008 | 37 |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ/359/04, തീയതി.31.07.2004 | 18 |
| 1999-00 | എൽ.എഫ്.റ്റി.ഡി.എം.എൽ/1117/03, തീയതി.24.10.2008 | 24 |
| 2000-01 | എൽ.എഫ്.റ്റി.ഡി.എം.എൽ/22/08, തീയതി.20.04.2009 | 39 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ/139/09, തീയതി.20.04.2009 | 50 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ/1819/07, തീയതി.25.11.2008 | 22 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ/1846/07, തീയതി 20.04.2009 | 43 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ/1544/09, തീയതി.06.08.2012 | 16 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ/9630/11, തീയതി.31.05.2011 | 24 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ/1430/12, തീയതി.27.12.2012 | 11 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ/533/11, തീയതി.23.06.2012 | 25 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ/1119/1, തീയതി. 25.11.2013 | 22 |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ/2356/13, തീയതി.21.03.2013 | 25 |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ/1471/11, തീയതി.25.11.2013 | 21 |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ/99/15, തീയതി.30-03-15 | 36 |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ/1066/14, തീയതി. 01-10-14 | 30 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ/1168/15, തീയതി 29.9.15 | 24 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./എം.എൽ.1361/2016 തീയതി. 01.08.16 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/21/17 തീയതി 12.01.17 | 29 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2053/17 തീയതി 03.11.17 | 46 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ 35/19 തീയതി 09.07.2019 | 48 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./എം.എൽ 337/20 തീയതി 22.05.20 | 35 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/എം എൽ224/22 തീയതി 21.03.2022 | 78 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/1256/22 തീയതി 03.08.22 | 122 |

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്